


സെപ്തംബർ 9
## സഖാവ് മാവോ സെ-തുങ്
അനുസ്മരണ ദിനം

"സമൂഹത്തിൽ മാറ്റങ്ങൾ സംഭവിക്കുന്നത് ആന്തരിക വൈരുദ്ധ്യങ്ങൾ മൂർച്ഛിക്കുന്നതിനനുസൃതമായാണ്. അതായത് ഉൽപ്പാദനശക്തികളും ഉൽപ്പാദനബന്ധവും തമ്മിലുള്ള വൈരുദ്ധ്യം, വർഗ്ഗങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം, പഴമയും പുതുമയും തമ്മിലുള്ള വൈരുദ്ധ്യം. ഈ വൈരുദ്ധ്യങ്ങളുടെ വളർച്ചയാണ് സമൂഹത്തെ മുന്നോട്ടു നയിക്കുന്നതും പഴയതിനുമേൽ ആധിപത്യം സ്ഥാപിച്ച് മുന്നേറാൻ പുതിയ സമൂഹത്തിന് പ്രേരണയാകുന്നതും."

Mao Tse-tung
*On Contradiction(Aug 1937), SW Vol.I, p.314*

2020 സെപ്തംബർ വാല്യം 47 ലക്കം 6 പേജ് 26

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI(C)
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: വി.വേണുഗോപാൽ

# യൂണിറ്റി

5
ഇ.ഐ.എ 2020: പ്രകൃതിയെയും ആവാസവ്യവസ്ഥയെയും ക്രിമിനൽ മൂലധനത്തിന് തീറെഴുതുന്നു

12
ഫാസിസത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് സഖാവ് ശിബ്ദാസ് ഘോഷ്

18
എൻ.ഇ.പി 2020: ഫാസിസത്തിന്റെ ചക്രവ്യൂഹത്തിലേയ്ക്ക് രാജ്യം നിപതിക്കുന്നു

## സാമ്പത്തിക തകർച്ചയും ജനദ്രോഹ നടപടികളും:
# ചെറുത്തുനിൽപ് അനിവാര്യം

2020 മാർച്ച് 25ന് കേന്ദ്ര ഗവണ്മെന്റ് പ്രഖ്യാപിച്ച സമ്പൂർണ്ണ ലോക്ഡൗൺ മാസങ്ങൾ നീണ്ടുനിന്നു. അൺലോക് പ്രക്രിയ ആരംഭിച്ചെങ്കിലും ഇനിയും തുറക്കാത്ത മേഖലകൾ പലതുമുണ്ട്. ലോക്ഡൗൺ മൂലമുള്ള സാമ്പത്തിക നഷ്ടം 12,000 കോടി ഡോളറിന്റേതായിരിക്കുമെന്ന് സമീപകാല പഠനം പറയുന്നു. ജിഡിപി വളർച്ചാനിരക്ക് നെഗറ്റീവാണ്. ലോക്ഡൗണിന് മുമ്പുതന്നെ മുതലാളിത്ത സമ്പദ്ഘടന നേരിട്ടിരുന്ന പ്രതിസന്ധിക്ക് ഇതോടെ ആഴം വർദ്ധിച്ചു. കുതിച്ചുയരുന്ന വിലയും വർദ്ധിച്ചുവരുന്ന മുരടിപ്പുംമൂലം രാജ്യം സ്റ്റാഗ്ഫ്ളേഷൻ എന്ന ദുരന്തത്തിലേയ്ക്ക് നീങ്ങുകയാണ്. 130 കോടി വരുന്ന ഇന്ത്യൻ ജനസംഖ്യയിൽ 40 കോടിയാണ് ആകെ തൊഴിൽസേന. നല്ലൊരു പങ്ക് ഭാഗികമായി മാത്രം തൊഴിലുള്ളവരാണ്. ഇതിൽ പകുതിയിലേറെയും തൊഴിൽനഷ്ട ഭീഷണി നേരിടുകയാണ്. 7 ലക്ഷത്തിലേറെ വ്യാപാരസ്ഥാപനങ്ങളാണ് ലോക്ഡൗൺ കാലത്ത് അട



ലോക് ഡൌണിൽ വിജനമായ മുംബൈയിലെ ഒരു തെരുവ്

ഞ്ഞുപോയത്. രാജ്യത്തെ നൂറുകോടിയോളം പേർ വലിയ സാമ്പത്തിക തകർച്ചയ്ക്ക് ഇരയാകുമെന്ന് ഉറപ്പായിരിക്കുന്നു. പട്ടിണി മരണങ്ങളും ആത്മഹത്യകളും അക്രമങ്ങളും നിറഞ്ഞ ഭീകര നാളുകളിലേയ്ക്ക് രാജ്യം ചുവടുവയ്ക്കുക യാണ്.

എന്നാൽ ഈ തകർച്ചയൊന്നും, സമ്പന്നവർഗ്ഗത്തെ പ്രതിനിധീകരിച്ചുകൊണ്ട് രാജ്യം ഭരിക്കുന്ന ബിജെപി ഗവണ്മെന്റിന്റെ കണ്ണുതുറപ്പിക്കുന്നില്ല. പ്രതിസന്ധിയുടെ ഭാരമെല്ലാം ജനങ്ങളുടെ ചുമലിലാണ് വച്ചുകെട്ടുന്നത്. മുതലാളിമാരുടെ സമ്പത്തും ലാഭവും ഈ പ്രതികൂല സാഹചര്യത്തിലും പെരുകുന്നു എന്നുറപ്പാക്കുന്നതിലാണ് അവരുടെ മുഴുവൻ ശ്രദ്ധയും. കേന്ദ്രഗവണ്മെന്റ് പ്രഖ്യാപിച്ച സാമ്പത്തിക സഹായ പാക്കേജിൽ തൊഴിലാളിക്കും കർഷകനും തൊഴിൽ രഹിതർക്കുമൊന്നും ഇടം ലഭിച്ചിട്ടില്ല. കിട്ടാക്കടം വരുത്തുന്ന കുത്തകകൾക്ക് വീണ്ടും ഉദാരമായി വായ്പ ലഭ്യമാക്കാൻ അത് ബാങ്കുകളോട് ആവശ്യപ്പെടുന്നു. ജനങ്ങളിൽ നേരിട്ട് പണമെത്തിക്കുക എന്നത് അടിയന്തര പ്രാധാന്യമുള്ള നടപടിയായി സാമ്പത്തിക വിദഗ്ധരെല്ലാം ചൂണ്ടിക്കാണിച്ചിട്ടും ആ ദിശയിൽ യാതൊരു നടപടിയുമില്ല. ഫലമോ, 12 കോടി ആളുകൾക്ക് തൊഴിൽ നഷ്ടപ്പെടുകയും 84 ശതമാനം പേരുടെയും വരുമാനം ഒറ്റ മാസംകൊണ്ട് കുത്തനെ ഇടിയുകയും ചെയ്തപ്പോഴും ഇന്ത്യയിലെ കുത്തകകളുടെ സമ്പത്ത് വൻതോതിൽ ഉയർന്നിരിക്കുന്നു. ഏഷ്യയിലെ ഏറ്റവും സമ്പന്നനായ മുകേഷ് അംബാനിയുടെ വരുമാനത്തിൽ ലോക്ഡൗണിന്റെ ആദ്യ രണ്ട് മാസംകൊണ്ടുതന്നെ 2,000 കോടി ഡോളറിന്റെ വർദ്ധനയാണുണ്ടായത്.

**ജനങ്ങളിൽ നേരിട്ട് പണമെത്തിക്കുക എന്നത് അടിയന്തര പ്രാധാന്യമുള്ള നടപടിയായി സാമ്പത്തിക വിദഗ്ധരെല്ലാം ചൂണ്ടിക്കാണിച്ചിട്ടും ആ ദിശയിൽ യാതൊരു നടപടിയുമില്ല. 12 കോടി ആളുകൾക്ക് തൊഴിൽ നഷ്ടപ്പെടുകയും 84 ശതമാനം പേരുടെയും വരുമാനം ഒറ്റ മാസംകൊണ്ട് കുത്തനെ ഇടിയുകയും ചെയ്തപ്പോഴും ഇന്ത്യയിലെ കുത്തകകളുടെ സമ്പത്ത് വൻതോതിൽ ഉയർന്നുകൊണ്ടിരിക്കുന്നു.**

രാജ്യത്തെ നിശ്ചലമാക്കി, പ്രതിഷേധിക്കാനുള്ള അവസരം പാടെ നിഷേധിച്ചുകൊണ്ട് കോവിഡ് കാലയളവിൽ കേന്ദ്രസർക്കാർ മൂലധനശക്തികൾക്കുവേണ്ടി കൈക്കൊണ്ട നടപടികൾ അനവധിയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുകയും തൊഴിലാളികളെ പിരിച്ചുവിടാനും വേതനം വെട്ടിക്കുറയ്ക്കാനും വിലകൾ വർദ്ധിപ്പിക്കാനും കുത്തകകളെ അനുവദിക്കുകയും ചെയ്തിരിക്കുന്നു. പ്രതിരോധം, എണ്ണ, ആരോഗ്യം, വിദ്യാഭ്യാസം, ഖനനം, റെയിൽവേ, ടെലിഫോൺ, ഡിജിറ്റൽ വാർത്താവിനിമയം തുടങ്ങിയ മേഖലകളിലൊക്കെ സ്വദേശ-വിദേശ കുത്തകകൾക്ക് അനുകൂലമായ നടപടികൾ പുരോഗമിക്കുകയാണ്. തിരുവനന്തപുരം, ജെയ്പൂർ, ഗുവാഹത്തി എന്നീ അന്താരാഷ്ട്ര വിമാനത്താവളങ്ങൾ പൊതുസ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കാനെന്ന

പേരിൽ കുത്തകകളെ ഏൽപിച്ചുകൊടുക്കുയാണ്. വിഴിഞ്ഞം തുറമുഖം തീറെഴുതിയതിന്റെ തിക്തഫലങ്ങൾ പ്രകടമായിക്കൊണ്ടിരിക്കുമ്പോഴാണ് ഈ പുതിയ നടപടി.

വിദ്യാഭ്യാസത്തിന്റെ വൈജ്ഞാനികവും നൈതികവുമായ ലക്ഷ്യങ്ങളെ തകർത്ത് സങ്കുചിതത്വം ഊട്ടിയുറപ്പിക്കുകയും അടിമുടി കച്ചവടവൽക്കരിച്ച് ബഹുഭൂരിപക്ഷത്തിനും അപ്രാപ്യമാക്കുകയും ചെയ്യുന്ന ദേശീയ വിദ്യാഭ്യാസനയം-2020 നടപ്പിലാക്കിയെടുക്കാനും ഈ പ്രതിസന്ധിഘട്ടംതന്നെ തെരഞ്ഞെടുത്തിരിക്കുകയാണ് കേന്ദ്രസർക്കാർ. അന്താരാഷ്ട്ര കമ്പോളത്തിൽ വിലയിടിയുമ്പോഴും പെട്രോളിയം വിലകൾ വർദ്ധിപ്പിച്ച് ജനങ്ങളെ കൊള്ളയടിക്കുന്ന നടപടിയും തുടരുകയാണ്. പാചകവാതക സബ്സിഡി നിശ്ശബ്ദമായി നിർത്തലാക്കിയതും വിധിപോലെ ഏറ്റുവാങ്ങേണ്ട ഗതികേടിലാണ് ജനങ്ങൾ. പ്രധാന പ്രതിപക്ഷമായ കോൺഗ്രസ്സിനാകട്ടെ ഈ നടപടികളോടൊന്നും നയപരമായ വിയോജിപ്പും ഇല്ല.

കേന്ദ്രസർക്കാരിന്റെ രാഷ്ട്രീയ നിലപാടുകളോട് വൈരുദ്ധ്യം അവകാശപ്പെടുന്ന കേരളസർക്കാരും അതിനെ

> **കേന്ദ്രസർക്കാരിന്റെ രാഷ്ട്രീയ നിലപാടുകളോട് വൈരുദ്ധ്യം അവകാശപ്പെടുന്ന കേരളസർക്കാരും അതിനെ നയിക്കുന്ന സിപിഐഎമ്മും നയങ്ങളിൽ കേന്ദ്രസർക്കാരിനെ പിന്തുടരുന്നു എന്നത് കോവിഡ്കാല ദുരന്തങ്ങളുടെ ആക്കം വർദ്ധിപ്പിക്കുകയാണ്. തിരുവനന്തപുരം വിമാനത്താവളം അദാനിക്ക് നൽകുന്നതിനെ എതിർക്കുന്നു എന്ന് മേനി നടിക്കുന്നവർ ലേലം വിളിക്കാൻ ഉപദേശം തേടിയത് അദാനിയുടെ അടുത്ത ബന്ധുക്കളിൽനിന്നായിരുന്നു എന്നത് അവരുടെ തനിനിറം വ്യക്തമാക്കിത്തന്നു.**

നയിക്കുന്ന സിപിഐഎമ്മും പ്രവൃത്തിപഥത്തിൽ അതേ സ്വഭാവം പുലർത്തുന്നു എന്നത് കോവിഡ്കാല ദുരന്തങ്ങളുടെ ആക്കം വർദ്ധിപ്പിക്കുകയാണ്. തിരുവനന്തപുരം വിമാനത്താവളം അദാനിക്ക് നൽകുന്നതിനെ എതിർക്കുന്നു എന്ന് മേനി നടിക്കുന്നവർ ലേലം വിളിക്കാൻ ഉപദേശം തേടിയത് അദാനിയുടെ അടുത്ത ബന്ധുക്കളിൽനിന്നായിരുന്നു എന്നതുതന്നെ അവരുടെ തനിനിറം വ്യക്തമാക്കിത്തന്നു. എരുമേലി വിമാനത്താവളത്തിന് സ്ഥലമേറ്റെടുക്കാൻ സ്വകാര്യകമ്പനിക്ക് പൊതുഖജനാവിൽനിന്ന് കോടികൾ ദാനം ചെയ്യുന്നതും ഇതേ ചങ്ങാത്തമാണ് വെളിവാക്കുന്നത്. ദേശീയ വിദ്യാഭ്യാസ നയവും നാമമാത്രമായ എതിർപ്പുകളുയർത്തി നടപ്പിലാക്കിയെടുക്കുക എന്നതുതന്നെയാണ് തന്ത്രം. ആയിരങ്ങളെ കുടിയൊഴിപ്പിക്കുകയും പരിസ്ഥിതിക്ക് കനത്ത ആഘാതമേൽപ്പിക്കുകയും ചെയ്യുന്ന കെ-റെയിൽ പദ്ധതിയുമായും കേരളസർക്കാർ മുന്നോട്ടുപോകുകയാണ്. ദേശീയപാത വികസനത്തിന്റെ പേരിലും സംസ്ഥാന ചരിത്രത്തിലെ ഏറ്റവും വലിയ കുടിയൊഴിപ്പിക്കലിന് കേന്ദ്രവുമായി കൈകോർക്കുകയാണ് കേരളസർ

അതി രൂക്ഷമായ സാമ്പത്തിക തകർച്ചയുടെ ദുരിതങ്ങൾ അനുഭവിക്കുന്ന എല്ലാ കുടുംബങ്ങൾക്കും പ്രതിമാസം 10,000 രൂപ ധനസഹായം നൽകുക.

കരാർ, കൺസൾട്ടൻസി നിയമനങ്ങൾ അവസാനിപ്പിക്കുക. ഒഴിവുള്ള എല്ലാ തസ്തികകളിലും പിഎസ്‌സി വഴി സ്ഥിരനിയമനം നടത്തുക.

- ബിപിസിൽ, റയിൽവേ, വിമാനത്താവളങ്ങൾ തുടങ്ങിയ പൊതുമേഖലാ സംരംഭങ്ങൾ സ്വകാര്യവത്ക്കരിക്കാനുള്ള നീക്കത്തിൽ നിന്നും കേന്ദ്ര സർക്കാർ പിൻമാറുക.
- വിദ്യാഭ്യാസ വിധ്വംസക പദ്ധതി എൻ.ഇ.പി(NEP) 2020 പിൻവലിക്കുക.
- പ്രകൃതിയെയും പരിസ്ഥിതിയെയും ക്രിമിനൽ മൂലധനത്തിന് തീറെഴുതുന്ന ഇ.ഐ.എ(EIA) 2020 പിൻവലിക്കുക.
- തൊഴിലാളിദ്രോഹ തൊഴിൽനിയമ ഭേദഗതികൾ പിൻവലിക്കുക.
- കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുക. കാർഷിക ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുക.
- തിരുവനന്തപുരം വിമാനത്താവളം അദാനിക്ക് തീറെഴുതിയ നടപടി നിരുപാധികം പിൻവലിക്കുക.
- ആയിരങ്ങളെ കുടിയൊഴിപ്പിക്കുന്ന, പരിസ്ഥിതിയെ തകർക്കുന്ന കെ.റയിൽ പദ്ധതി ഉപേക്ഷിക്കുക.
- സംസ്ഥാനത്തെ മുഴുവൻ തോട്ടംതൊഴിലാളികൾക്കും ഒരേക്കർ ഭൂമിയും സുരക്ഷിതമായ വീടും നൽകുക.

**SUCI COMMUNIST**

**സെപ്തംബർ 11–17**

# പ്രതിഷേധ വാരം

ക്കാർ.

തൊഴിലില്ലായ്മ പെരുകുമ്പോഴും പിഎസ്‌സിയെ നോക്കുകുത്തിയാക്കി പിൻവാതിൽ നിയമനങ്ങൾ തകൃതിയായി നടക്കുന്നു. പിഎസ്‌സി ലിസ്റ്റുകൾ കാലഹരണപ്പെട്ടുകൊണ്ടിരിക്കുമ്പോൾ നിയമനങ്ങളെല്ലാം കൺസൾട്ടൻസികളെ ഏല്പിച്ച് പണം തട്ടുന്നു. വിമർശിക്കുന്നവരെ കേസിൽ കുടുക്കുമെന്ന ഭീഷണിയും ഉയർത്തുന്നു.

ആയിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന തോട്ടം മേഖലയിൽ ഇന്നും അടിമപ്പണിയാണ് നടക്കുന്നതെന്ന് തൊഴിലാളികൾ തന്നെ വിളിച്ചുപറയുന്നു. പലതവണ ഭരിച്ച ഇടതുമുന്നണികൾക്കും തോട്ടം മേഖല അടക്കിവാഴുന്ന ഇടതുപക്ഷ യൂണിയനുകൾക്കും തോട്ടം മുതലാളിമാരോടാണ് വിധേയത്വം എന്നതുകൊണ്ടാണ് ഈ ദുസ്ഥിതി. ഉരുൾപൊട്ടൽ ഭീതിയിൽ, തൊഴുത്തുപോലുള്ള ലയങ്ങളിൽ ആയിരക്കണക്കിന് തൊഴിലാളികൾ നരകിക്കുന്നു. മദ്യ, മണൽ, പാറമട, വന മാഫിയകളുമായുള്ള കൂട്ടുകെട്ടും വിനാശകരമായ അളവിൽ വളർന്നുകഴിഞ്ഞു. കയ്യേറ്റക്കാരെയും സ്ത്രീപീഡകരെയും അക്രമികളെയുമൊക്കെ സംരക്ഷിക്കുന്നതിനും ഇടതുഭരണത്തിന് ജാള്യതയൊന്നുമില്ല. സ്വർണക്കള്ളക്കടത്തുകാരും മയക്കുമരുന്ന് ലോബികളുമൊക്കെയായുള്ള അവിഹിത ഇടപാടുകൾ, ഭവനപദ്ധതിയുടെ പേരിലുള്ള തട്ടിപ്പ്, നിയമവിരുദ്ധ ഇടപെടലുകൾ തുടങ്ങിയവയും പുറത്തുവന്നുകൊണ്ടിരിക്കുന്നു. പാർട്ടി ഗുണ്ടകൾ മുതൽ ഗുണ്ടാസംഘങ്ങളെവരെ സ്‌പോൺസർ

**ആയിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന തോട്ടം മേഖലയിൽ ഇന്നും അടിമപ്പണിയാണ് നടക്കുന്നതെന്ന് തൊഴിലാളികൾ തന്നെ വിളിച്ചുപറയുന്നു. പലതവണ ഭരിച്ച ഇടതുമുന്നണികൾക്കും തോട്ടം മേഖല അടക്കിവാഴുന്ന ഇടതുപക്ഷ യൂണിയനുകൾക്കും തോട്ടം മുതലാളിമാരോടാണ് വിധേയത്വം എന്നതുകൊണ്ടാണ് ഈ ദുസ്ഥിതി. ഉരുൾപൊട്ടൽ ഭീതിയിൽ, തൊഴുത്തുപോലുള്ള ലയങ്ങളിൽ ആയിരക്കണക്കിന് തൊഴിലാളികൾ നരകിക്കുന്നു.**

ചെയ്യുന്നതും പതിവായിരിക്കുന്നു.

കോവിഡ് പ്രതിരോധത്തിൽ പ്രശംസനീയമായ പ്രവർത്തനം നടത്തി ആഗോള ശ്രദ്ധനേടിയെന്ന പൊങ്ങച്ചംപറച്ചിൽ വെറും സോപ്പുകുമിളയാണെന്ന് വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. പരിശോധന കുറച്ചും കണക്കുകളിൽ തിരിമറി നടത്തിയും ഖ്യാതി നേടാൻ പണിപ്പെടുന്നവർ അഹോരാത്രം പണിയെടുക്കുന്ന ആരോഗ്യ പ്രവർത്തകരുടെ ദുരിതങ്ങൾ കാണുന്നില്ല. മതിയായ സുരക്ഷാ സംവിധാനങ്ങളുടെ അഭാവവും വിശ്രമരഹിതമായ ജോലിയും അനേകം പേരെ രോഗികളാക്കുന്നു. അവരുടെ തുച്ഛമായ വേതനത്തിൽ കൈയിട്ടുവാരാനാണ് ഗവണ്മെന്റിന് ശുഷ്കാന്തി. കോവിഡ് അല്ലാത്ത അസുഖങ്ങൾ ബാധിച്ചവരുടെയും കോവിഡ് ചികിത്സയ്ക്ക് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്നവരുടെയും ബുദ്ധിമുട്ടുകൾ വേറെ.

സർക്കാർ ജീവനക്കാരിൽ നിന്ന് നിർബന്ധമായി കോവിഡ് ഫണ്ട് പിടുങ്ങാനുള്ള തീരുമാനം, കോവിഡ് രോഗികളെ സർക്കാർ ചെലവിൽ ക്വാറന്റൈൻ ചെയ്യുന്നതിനുപകരം വീടുകളിലേയ്ക്ക് പറഞ്ഞയച്ചത്, മദ്യശാലകൾ തുറന്നുവച്ചത്, സമ്പൂർണ സുരക്ഷ ഉറപ്പാക്കാതെ പരീക്ഷകൾ നടത്തിയത്, ബസ്സുകളിൽ മുഴുവൻ സീറ്റിലും യാത്രക്കാരെ അനുവദിച്ചത് തുടങ്ങി പഞ്ചായത്ത് തെരഞ്ഞെടുപ്പിന് തിടുക്കംകൂട്ടുന്നതുവരെയുള്ള നിരവധി നിലപാടുകളിൽ സർക്കാരിന്റെ ജനവിരുദ്ധ ഉള്ളടക്കം തെളിഞ്ഞുകാണാം.

ലോകത്ത് ഏറ്റവും കൂടുതൽ കോവിഡ് രോഗികളുള്ള രാജ്യം എന്ന പദവിയിലേയ്ക്ക് കുതിക്കുകയാണ് ഇന്ത്യ. സംസ്ഥാനത്തിന്റെ സ്ഥിതിയും ഒട്ടും മെച്ചമല്ല. സാമ്പത്തിക രംഗത്താകട്ടെ ഭയാനകമായ തകർച്ചയും. തികച്ചും ജനാനുകൂലമായ കാഴ്ചപ്പാടോടെ ആത്മാർത്ഥമായി പ്രവർത്തിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തയ്യാറായില്ലെങ്കിൽ വരാനിരിക്കുന്നത് വലിയൊരു ദുരന്തംതന്നെയാണ്. അതിസമ്പന്നർക്കുവേണ്ടി ഖജനാവ് ചോർത്തുന്നതിന് പകരം അവരുടെ കുമിഞ്ഞുകൂടിയ സമ്പത്തിൽനിന്ന് ഒരു ഭാഗം സമൂഹത്തിനുവേണ്ടി തിരിച്ചുപിടിക്കുകയാണ് വേണ്ടത്. ലോക്ഡൗണിൽ ജനങ്ങളെ തളച്ചിട്ട് എന്തതിക്രമങ്ങളുമാകാം എന്നാണ് അധികാരികൾ കരുതുന്നതെങ്കിൽ വലിയ ചെറുത്തുനിൽപുകൾ ഉയർന്നുവരും എന്നുറപ്പാണ്. ■



ലോക്ഡൌണിൽ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾ ഗ്രാമങ്ങളിലേയ്ക്കുള്ള വാഹനം കാത്തുനിൽക്കുന്നു. ഡൽഹിയിൽനിന്നുള്ള ദൃശ്യം.

## പരിസ്ഥിതി ആഘാത പഠനം കരട് വിജ്ഞാപനം 2020

# പ്രകൃതിയെയും ആവാസവ്യവസ്ഥയെയും ക്രിമിനൽ മൂലധനത്തിന് തീറെഴുതുന്നു

**2020 മാർച്ച് 23ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം വിജ്ഞാപനം ചെയ്ത 'പരിസ്ഥിതി ആഘാത പഠനം കരട്-2020' നമ്മുടെ രാജ്യത്തുമാത്രമല്ല ലോകത്തെമ്പാടുമുള്ള പരിസ്ഥിതി സ്നേഹികളെ അമ്പരപ്പിച്ചിരിക്കുകയാണ്. പ്രകൃതിയുടെമേൽ ലാഭാധിഷ്ഠിത മുതലാളിത്ത ചൂഷണത്തിന് പരിമിതമെങ്കിലും നിയന്ത്രണം സാധ്യമാക്കിയിരുന്ന നിയമങ്ങളും വ്യവസ്ഥകളും ജനപങ്കാളിത്തത്തോടെയുള്ള പരിസ്ഥിതി അവലോകനപ്രക്രിയയും ഫലത്തിൽ ഇല്ലാതാക്കുന്ന നടപടിക്കാണ് ബിജെപി സർക്കാർ തുനിഞ്ഞിരിക്കുന്നത്.**

അന്ധമായ മുതലാളിത്ത സേവ ലക്ഷ്യമിട്ട് ലോകമെമ്പാടുമുള്ള ക്രിമിനൽ മൂലധനത്തിന്റെ നിർബാധമായ ചൂഷണത്തിന് ഈ രാജ്യത്തെ പ്രകൃതിവിഭവങ്ങളെയും പരിസ്ഥിതിയെയും എറിഞ്ഞുകൊടുക്കുകയാണ് ഇക്കൂട്ടർ. വേണ്ടത്ര അവധാനതയില്ലാതെ നടപ്പാക്കിയ പദ്ധതികളും നടപടികളുംമൂലം ലോകമെമ്പാടും വർദ്ധിച്ചുവരുന്ന പാരിസ്ഥിതിക അസന്തുലിതാവസ്ഥയുടെയും മനുഷ്യനിർമ്മിത ദുരന്തങ്ങളുടെയും പ്രശ്ചാത്തലത്തിൽ വേണം കേന്ദ്രസർക്കാരിന്റെ ഈ നീക്കത്തെ കാണാൻ. ഈ കരട് റിപ്പോർട്ട് കൊണ്ടുവന്നതിന്റെ ലക്ഷ്യത്തെ സൂക്ഷ്മമായ പഠനത്തിന് വിധേയമാക്കേണ്ടതുണ്ട്.

വ്യാവസായിക വളർച്ച അനിവാര്യമാണ്. എന്നാൽ പരിസ്ഥിതിക്കുമേൽ അവ ഏൽപ്പിക്കുന്ന വലിയ ആഘാതങ്ങൾ മാനവരാശിയുടെ നിലനിൽപ്പിന് കടുത്ത പ്രതിസന്ധി സൃഷ്ടിക്കുമെന്ന തിരിച്ചറിവിനെ തുടർന്നാണ് പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുള്ള ചിന്തയുണ്ടായത്. നിർമ്മാണപ്രവർത്തനങ്ങൾക്കും ഖനന-പ്രകൃതി വിഭവ ചൂഷണപദ്ധതികൾക്കും പ്രവർത്തനങ്ങൾക്കുമെല്ലാം മുന്നോടിയായി പാരിസ്ഥിതിക ആഘാത പഠനത്തിന്റെ അടിസ്ഥാനത്തിലുള്ള സാമൂഹികവും ഭരണപരവുമായ അനുമതി കൂടിയെതീരുവെന്ന വ്യവസ്ഥയും രൂപപ്പെട്ടു.



### പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ ആവിർഭാവം

അന്തർദ്ദേശീയതലത്തിൽ സംഘടിപ്പിക്കപ്പെട്ട 1972-ലെ സ്റ്റോക്ഹോം സമ്മേളനത്തിൽ ലോകത്തെമ്പാടും പാരിസ്ഥിതിക മേഖലയിൽ അവധാനതയില്ലാത്ത പ്രവൃത്തികൾ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച ഗൗരവമേറിയ ചർച്ചകൾ നടന്നു. അതിനെത്തുടർന്ന് കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ച ആലോചന നമ്മുടെ രാജ്യത്തുമുണ്ടായി. തുടർന്ന് ആസൂത്രണ കമ്മിഷൻ സർക്കാരിനോട് വൻകിട അണക്കെട്ടുകളും മറ്റ് വ്യവസായങ്ങളും സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പഠിക്കേണ്ടതുണ്ടെന്ന് ആവശ്യപ്പെട്ടെങ്കിലും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കാൻ ഉടനൊന്നും അധികൃതർ തയ്യാറായില്ല. പിന്നീട് അമേരിക്കൻ രാസവ്യവസായ ഭീമനായ യൂണിയൻ കാർബൈഡ് 1976-ൽ ഇന്ത്യയിലെ ഭോപ്പാലിൽ സ്ഥാപിച്ച കീടനാശിനി നിർമ്മാണശാലയിൽ നിന്ന് 1984 ഡിസംബർ രണ്ടിന് വിഷവാതകം ചോർന്നു. ഭോപ്പാൽ നഗരത്തിൽ 16,000നും 30,000നും ഇടയിൽ ആളുകൾ കൊല്ലപ്പെട്ടുക



ഭോപ്പാൽ നഗരത്തിൽ 16,000നും 30,000 നും ഇടയിൽ ആളുകളുടെ മരണത്തിന് കാരണമാകുകയും 2 ലക്ഷത്തിലധികംപേരെ നിത്യരോഗികളാക്കുകയും ചെയ്ത വാതകദുരന്തത്തിന്റെ നീറുന്ന ഓർമ്മചിത്രം.

യും 2 ലക്ഷത്തിലധികംപേർ നിത്യ രോഗികളാകുകയും ചെയ്തു. ഈ ദുരന്ത ത്തിന്റെ ഉത്തരവാദിത്തം കമ്പനിയോ, സർക്കാരോ ഏറ്റെടുക്കാൻ തയ്യാറായി ല്ല. വിഷയത്തിൽ അമേരിക്കൻ കുത്ത ക കമ്പനിക്കുമുന്നിൽ നാണംകെട്ട കീ ഴടങ്ങലാണ് ഇന്ത്യാ ഗവൺമെന്റ് നത്തിയത്. നഷ്ടപരിഹാരം സംബ ന്ധിച്ച പ്രഖ്യാപനങ്ങളും ചർച്ചകളും പ്ര ഹസന നടപടികളിലൊതുങ്ങി. എന്താ യാലും ഈ ദുരന്തം ഉണ്ടായപ്പോഴാണ് ഒരു പഠനവുമില്ലാതെ വ്യവസായ സ്ഥാ പനങ്ങളെയും ഫാക്ടറികളെയും പ്രവർ ത്തിക്കാൻ അനുവദിക്കുന്നതിലെ അപ കടം അധികാരികൾക്ക് അംഗീകരി ക്കേണ്ടിവന്നത്. ജനങ്ങളുടെ ശക്തമാ യ പ്രതിഷേധത്തിന്റെ പശ്ചാത്തല ത്തിൽ രാജ്യത്തെ ആദ്യത്തെ പരി സ്ഥിതി നിയമമെന്ന് വിളിക്കാവുന്ന പരിസ്ഥിതിസംരക്ഷണ നിയമം 1986-ൽ അങ്ങനെ നിലവിൽവന്നു.

1992-ൽ ഐക്യരാഷ്ട്രസഭ റിയോ ഡി ജനീറോയിൽ വച്ച് നടത്തിയ അന്താരാഷ്ട്ര പരിസ്ഥിതി സമ്മേളന ത്തിൽ ഇന്ത്യ ഒപ്പുവച്ച റിയോ ഉടമ്പടി യിൽ (RioDeclaration) പരിസ്ഥിതി സംരക്ഷണത്തിനായി വികസനപ്രവർ ത്തനങ്ങളിൽ ജനങ്ങളുടെ അഭിപ്രായം ഉറപ്പ് വരുത്തണമെന്ന് പ്രത്യേകം നി ഷ്കർഷിച്ചു. ഇതിനെ തുടർന്ന് അനി യന്ത്രിതമായ വികസന പദ്ധതികൾ വഴി ഉണ്ടായേക്കാവുന്ന പരിസ്ഥിതി നാശത്തിന്റെ തോത് കുറയ്ക്കാനും ആവശ്യമെങ്കിൽ നിർത്തിവയ്ക്കാനും വ്യ വസ്ഥ ചെയ്യുന്ന പരിസ്ഥിതി ആഘാത പഠന (Environment Impact Assessment, EIA) വിജ്ഞാപനം 1994-ൽ ഇന്ത്യയിൽ നിലവിൽ വരു ന്നത്. പരിസ്ഥിതി സംരക്ഷണ നിയമ ത്തിന്റെ(1986) ഭാഗമായി വന്ന ഈ നയത്തെ പിന്നീട് ജനവിരുദ്ധമായ ആഗോളീകരണ നടപടികളുടെ ചുവടു പിടിച്ച് പൊളിച്ചടുക്കാൻ തുടങ്ങി. 2006-ൽ ഇ.ഐ.എ. പലതരം ഇളവുക ളോടെ ഭേദഗതി ചെയ്യപ്പെട്ടു.

## എന്താണ് എൻവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ്(ഇ.ഐ.എ) ?

മുൻകൂർ പാരിസ്ഥിതികാനുമതി, പൊതു ഹിയറിങ്, പൊതു തെളിവെടു പ്പ് എന്നിങ്ങനെ ഇ.ഐ.എ സംവിധാ നത്തിന്റെ ഭാഗമായ പല അടിസ്ഥാന വ്യവസ്ഥകളും ശക്തമാക്കുന്നതാണ് നി ലവിലുണ്ടായിരുന്ന പാരിസ്ഥിതിക ആഘാത പഠനം അഥവാ വിലയിരു ത്തൽ (ഇ.ഐ.എ) സംവിധാനം. ഈ വ്യവസ്ഥയനുസരിച്ച് ഒരു പ്രദേശത്ത് ഒരു വലിയ നിർമ്മാണ-ഖനന പ്രവർ ത്തനമോ, ഉൽപ്പാദന-സംസ്കരണ ശാലകളോ സ്ഥാപിക്കാനോ, വിപുലീ കരിക്കാനോ തുടങ്ങുന്നതിനുമുന്നോടി യായി അതുമൂലം പ്രദേശത്തെ ജന ങ്ങൾക്കും പരിസ്ഥിതിക്കും ഉണ്ടായേ ക്കാവുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് സർക്കാർ അംഗീകാരമുള്ള ഒരു വിദഗ്ധ സമിതി പദ്ധതിയുടമയുടെ ചെലവിൽ ആദ്യം പഠനം നടത്തണം. അത് പ്ര സിദ്ധീകരിക്കുകയും പൊതുജനങ്ങ ളിൽനിന്ന് ഇതുസംബന്ധിച്ചുള്ള അഭി പ്രായരൂപവത്കരണം പരസ്യമായി, അവശ്യമെങ്കിൽ ജില്ലാ കളക്ടറുടെ നേ തൃത്വത്തിൽ നടത്തുകയും വേണം. ഈ അഭിപ്രായങ്ങളൊരോന്നും ശാസ്ത്രീയമാ യി പരിശോധിച്ച് മതിയായ വിശദീക

രണം നൽകിക്കൊണ്ട് അധികൃതർ നൽകുന്ന മുൻകൂർ പാരിസ്ഥിതികാനുമതി ഉണ്ടെങ്കിൽ മാത്രമേ പദ്ധതി ആരംഭിക്കാനാകൂ എന്നതാണ് ഇ.ഐ.എ. അനുശാസിക്കുന്നത്.

## പാരിസ്ഥിതിക അനുമതി പ്രക്രിയയുടെ ചില സാങ്കേതിക വശങ്ങൾ

2006-ലെ വിജ്ഞാപനത്തിൽ വികസനപദ്ധതികളെ പ്രധാനമായും A, B വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു. ആധുനികവത്കരണ, വിപുലീകരണ പദ്ധതികളുൾപ്പടെയുള്ള A വിഭാഗം പദ്ധതികൾക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും B വിഭാഗം പദ്ധതികൾക്ക് സംസ്ഥാന EIA അതോറിറ്റിയിൽ നിന്നും മുൻകൂർ പാരിസ്ഥിതിക അനുമതി (Prior Environmental Clearance) വാങ്ങണമെന്ന് 2006ലെ വിജ്ഞാപനം നിഷ്കർഷിച്ചിരുന്നു. കേന്ദ്ര/സംസ്ഥാന തലങ്ങളിലുള്ള വിദഗ്ധ സമിതികളുടെ (EAC/SEAC) നിർദ്ദേശങ്ങൾക്കനുസൃതമായി പരിസ്ഥിതി മന്ത്രാലയം/സംസ്ഥാന അതോറിറ്റി (MoEFCC/SEIAA) പാരിസ്ഥിതിക അനുമതി നൽകുകയോ നിഷേധിക്കുകയോ ചെയ്യും. ഇതിൽ B വിഭാഗത്തിൽ പെടുന്ന പദ്ധതികളെ പരിസ്ഥിതി ആഘാത പഠനം വേണ്ടതെങ്കിൽ B1 എന്നും അല്ലെങ്കിൽ B2 എന്നും രണ്ടായി തിരിച്ചിരുന്നു.

A, B1 വിഭാഗങ്ങളിൽപെട്ട വികസന പദ്ധതികൾക്കുള്ള മുൻകൂർ പാരിസ്ഥിതിക അനുമതി പ്രക്രിയ ആറ് ഘട്ടങ്ങളിലായാണ് നടക്കുക 1) വിഷയ പഠനം(Scoping)) 2) EIA റിപ്പോർട്ടിന്റെ കരട് തയ്യാറാക്കൽ 3) അഭിപ്രായ ശേഖരണവും പൊതുതെളിവെടുപ്പും (Public Consultation) 4) EIA റിപ്പോർട്ട് തയാറാക്കൽ 5) വിലയിരുത്തൽ ((Appraisal) 6) മുൻകൂർ പാരിസ്ഥിതിക അനുമതി നൽകുകയോ റദ്ദാക്കുകയോ ചെയ്യൽ.

എന്നാൽ A, B1 വിഭാഗങ്ങളിൽ പ്രാരംഭ ശേഷിയേക്കാൾ 50 ശതമാനത്തിൽ കുറവ് വികാസം മാത്രം ആവശ്യമായ വിപുലീകരണ പദ്ധതികളെ കരട് വിജ്ഞാപനത്തിൽ പാരിസ്ഥിതിക അനുമതി തേടുന്നതിൽ നിന്നും ഇപ്പോൾ ഒഴിവാക്കിയിരിക്കുന്നു. കൂടാതെ B2 പദ്ധതികൾക്കുള്ള പ്രവർത്തനാനുമതി മുൻകൂർ പാരിസ്ഥിതിക 'ക്ലീയറൻസ്'(Prior Environmental Clearance), അഥവാ 'തടസ്സം നീക്കലെ'ന്നും മുൻകൂർ പാരിസ്ഥിതിക അനുവാദമെന്നും (Prior Environmental Permission) രണ്ടായി തിരിച്ചിരിക്കുന്നു. ഉപയോഗിച്ചിരിക്കുന്ന വാക്കുകളുടെ അർത്ഥം ഏതാണ്ട് സമാനമെങ്കിലും മുൻകൂർ പാരിസ്ഥിതിക അനുവാദം മാത്രം വേണ്ടിവരുന്ന B2 പദ്ധതികൾക്ക് EIA റിപ്പോർട്ടുകളോ വിദഗ്ധ സമിതിയുടെ വിലയിരുത്തലോ ആവശ്യമില്ല. സംസ്ഥാന റെഗുലേറ്ററി അതോറിറ്റിയിൽ നിന്നും നേരിട്ടുള്ള അപേക്ഷയിൽ പ്രവർത്തനാനുമതി ലഭ്യമാക്കാവുന്നതാണ്. അതിന് പദ്ധതിക്ക് വേണ്ടിയുള്ള പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണ രേഖ (Environment Management Plan) ഹാജരാക്കിയാൽ മാത്രം മതിയാകും. രാഷ്ട്ര സുരക്ഷയുമായി ബന്ധപ്പെട്ടതോ, തന്ത്ര പ്രധാനമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്നതോ ആയ പദ്ധതികളെ (Defence projestc & projestc ofs rategic importance) A, B1, B2 എന്നിവയിൽ പെടാത്ത ഒരു പ്രത്യേക വിഭാഗമായി തന്നെ പുതിയ വിജ്ഞാപനത്തിൽ പരിഗണിച്ചിരിക്കുന്നു. ഇവയ്ക്ക് പാരിസ്ഥിതികമായ തടസ്സങ്ങളൊന്നും ബാധകമല്ല.

## ഇ.ഐ.എ 2020

നിലവിലുള്ള ഇ.ഐ.എ സംവിധാനത്തിൽ ഘടനാപരവും സാരവുമായ മാറ്റംവരുത്തുന്ന വിജ്ഞാപനമാണ് ഇ.ഐ.എ 2020. കരടുരൂപത്തിലുള്ള ഈ വിജ്ഞാപനം മുന്നോട്ടുവെക്കുന്നത് അപകടകരമായ ഇളവുകളാണ്. ഈ രേഖ വരുത്തുന്ന വിവാദപരമായ മാറ്റങ്ങൾ ഒന്നു കൂടി വ്യക്തമാക്കാം.

1. മുൻകൂർ പാരിസ്ഥിതികാനുമതി വേണ്ട മേഖലകളുടെ പട്ടികയിൽനിന്ന് ഒട്ടേറെ വ്യവസായങ്ങളെയും നിർമാണപ്രവർത്തനങ്ങളെയും ഒഴിവാക്കിയെന്നതാണ് ഏറ്റവുമധികം വിമർശനത്തിനിടയാക്കുന്ന മാറ്റം. മണ്ണു ഖനനം, ഒരുകോടി രൂപവരെ മൂലധനമുള്ള ധാതുഖനനങ്ങൾ, സിമന്റ് ഉത്പാദന യൂണിറ്റുകൾ, പെട്രോളിയം രാസവസ്തു നിർമാണ യൂണിറ്റുകൾ, മലനിരകളിൽ അടക്കമുള്ള ദേശീയപാതകളുടെ നിർമാണവും വിപുലീകരണവും, വൻകിട കെട്ടിടനിർമാണ പദ്ധതികൾ എന്നിവയൊക്കെ ഇങ്ങനെ ഒഴിവാക്കപ്പെട്ട മേഖലകളിൽപ്പെടുന്നു.

ചുരുക്കത്തിൽ മലയോര, ഗോത്ര മേഖലകൾ അടക്കമുള്ളയിടങ്ങളിൽ നിർമാണപ്രവർത്തനങ്ങളും ഫാക്ടറികളും നിർബാധം ആരംഭിക്കാം. അനുമതി പിന്നീട് എപ്പോഴെങ്കിലും വാങ്ങിയാൽമതി.

2. 70 മീറ്ററിൽ കുറവ് വീതിയുള്ള ഹൈവേകൾക്ക് അനുമതി ആവശ്യമില്ല (ഇന്ത്യയിലെ എല്ലാ ഹൈവേകളും 60 മീറ്ററിൽ താഴെ മാത്രം വീതിയുള്ളവയാണ്). 2006-ലെ വിജ്ഞാപനത്തിൽ ഈ പരിധി 40 മീറ്റർ ആയിരുന്നു.

3. സമുദ്രത്തിലെ പ്രകൃതിവാതക ഖനനം, സംസ്കരണം എന്നീ പ്രവർത്തനങ്ങൾക്കും താപവൈദ്യുത നിലയങ്ങൾക്കും വൻ ഇളവുകൾ നൽകും.

4. പൊതു മാലിന്യസംസ്കരണ പ്ലാന്റുകൾ, നഗരമാലിന്യ സംസ്കരണ പ്ലാന്റുകൾ, ദേശീയപാതകൾ എന്നിവ പ്രകൃതിലോല പ്രദേശങ്ങളിൽനിന്ന് അഞ്ചുകിലോമീറ്ററിൽ കുറവ് ദൂരത്താണെങ്കിൽ അവ

**ജലസേചനം ആധുനികവത്കരിക്കാനുള്ള പദ്ധതികൾ, പ്രഖ്യാപിത വ്യവസായ എസ്റ്റേറ്റുകൾക്കുള്ളിൽ പ്രവർത്തിക്കുന്ന ലോഹ, കീടനാശിനി, പെയിന്റ്, പെട്രോളിയം ഉത്പന്നങ്ങൾ മുതലായവ നിർമ്മിക്കുന്ന വ്യവസായ പദ്ധതികൾ, അതിർത്തി പ്രദേശങ്ങളിലുള്ള ദേശീയ പാത, എക്സ്പ്രസ് പാത, പൈപ്പ് ലൈൻ പദ്ധതികൾ, കെട്ടിട നിർമ്മാണ പദ്ധതികൾ, പ്രാദേശിക വികസന പദ്ധതികൾ, മേൽപാലം, ഉപരിതല പാത, ഫ്ളൈ ഓവർ പദ്ധതികൾ, കടൽ തീരത്ത് നിന്ന് 12 നോട്ടിക്കൽ മൈൽ അപ്പുറമുള്ള പദ്ധതികൾ എന്നിവയ്ക്ക് പൊതുതെളിവെടുപ്പുകൾ വേണ്ടെന്ന് പുതിയ വിജ്ഞാപനം വ്യവസ്ഥ ചെയ്യുന്നു.**

യെ നിർബന്ധ പരിസ്ഥിതി ആഘാത പഠനം വേണ്ട പദ്ധതികളിൽ ഉൾപ്പെടുത്തണമെന്ന് വ്യവസ്ഥയും മാറ്റും. ഇനി ഇവിടങ്ങളിലൊക്കെ മുൻകൂർ അനുമതിയില്ലാതെ മാലിന്യസംസ്കരണ പ്ലാന്റുകൾ ആരംഭിക്കാം.

5. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ അനുമതിയും പൊതുതെളിവെടുപ്പും ആവശ്യമായ പല പദ്ധതികളിൽനിന്നും പൊതു തെളിവെടുപ്പ് ഒഴിവാക്കി. പ്രാദേശിക സമൂഹങ്ങളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റും അഭിപ്രായങ്ങളും പ്രതിഷേധങ്ങളും പരിഗണിക്കുന്നത് ഒഴിവാക്കുന്നതാണ് ഈ മാറ്റം.

6.കോർപ്പറേറ്റ് എൻവയോൺമെന്റ് റെസ്പോൺസിബിലിറ്റി (സി.ഇ.ആർ.) അഥവാ പാരിസ്ഥിതിക ഉത്തരവാദിത്വം എന്ന പേരിൽ ഒരു വ്യവസായ സ്ഥാപനത്തിനോട് അനുബന്ധിച്ച് പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന ജനങ്ങൾക്ക് കമ്പനി നൽകേണ്ടുന്ന നിർബന്ധിതമായ സേവനങ്ങളും അതിനുവേണ്ടി നീക്കിവയ്ക്കേണ്ടുന്ന തുകയും വെട്ടിക്കുറച്ചു. എന്നുമാത്രമല്ല, ഇതുപ്രകാരമുള്ള തുക പരിസ്ഥിതിനാശം ഉണ്ടായ പ്രദേശത്ത് ചെലവഴിക്കണമെന്ന് ഇനി നിർബന്ധമില്ല. കമ്പനിയുടമയുടെ ഇഷ്ടംപോലെ പണം ചെലവാക്കാം.

7. ഒന്നരലക്ഷം ചതുരശ്ര കിലോമീറ്റർ വരെയുള്ള സ്ഥലത്ത് (35 ഏക്കർ) നിർമാണം നടത്താൻ ഇനി മുൻകൂർ അനുമതിയും തെളിവെടുപ്പും ആവശ്യമില്ല.

8. അഞ്ച് ഏക്കർവരെയുള്ള സ്ഥലത്ത് മുൻകൂർ അനുമതിയില്ലാതെ ഖനനം നടത്താം.

9. പാരിസ്ഥിതികാനുമതിക്ക് കമ്പനി അപേക്ഷ നൽകി കഴിഞ്ഞ് 15 ദിവസത്തിനകം ബന്ധപ്പെട്ട അധികാര കേന്ദ്രങ്ങൾ അത് നൽകിയില്ലെങ്കിൽ അനുമതി കിട്ടിയതായി കണക്കാക്കും.

10. തന്ത്രപ്രധാനമെന്ന് സർക്കാർ വിളിക്കുന്ന പദ്ധതികൾ സംബന്ധിച്ച് ഒരു വിവരവും ഇനി വ്യക്തികൾക്കോ സംഘടനകൾക്കോ നൽകേണ്ടതില്ല.

11. പൊതു ഹിയറിങ് അഥവാ ജനങ്ങളുടെ അഭിപ്രായമാരായുകയും പ്രതിഷേധം ശ്രദ്ധിക്കുകയും ചെയ്യുന്ന സംവിധാനം അത്യാവശ്യമല്ല; ജനങ്ങൾക്ക് പദ്ധതിയെ സംബന്ധിച്ച് അവരുടെ അഭിപ്രായങ്ങൾ രൂപപ്പെടുത്താനും അറിയിക്കാനുമുള്ള കാലാവധി 30-ൽ നിന്ന് 20 ദിവസമായി കുറച്ചു.

**മുൻകൂർ പാരിസ്ഥിതികാനുമതിവേണ്ട മേഖലകളുടെ പട്ടികയിൽനിന്ന് ഒട്ടേറെ വ്യവസായങ്ങളെയും നിർമാണപ്രവർത്തനങ്ങളെയും ഒഴിവാക്കിയിരിക്കുന്നു. മണ്ണുഖനനം, ഒരുകോടി രൂപവരെ മൂലധനമുള്ള ധാതുഖനനങ്ങൾ, സിമന്റ് ഉത്പാദന യൂണിറ്റുകൾ, പെട്രോളിയം രാസവസ്തു നിർമാണ യൂണിറ്റുകൾ, മലനിരകളിൽ അടക്കമുള്ള ദേശീയപാതകളുടെ നിർമാണവും വിപുലീകരണവും, വൻകിട കെട്ടിട നിർമാണ പദ്ധതികൾ എന്നിവയൊക്കെ ഇങ്ങനെ ഒഴിവാക്കപ്പെട്ട മേഖലകളിൽപ്പെടുന്നു.**

പരിസ്ഥിതി അവകാശങ്ങളെ മാത്രമല്ല, വിവരാവകാശംപോലെയുള്ള മൗലികാവകാശങ്ങളെയും വെല്ലുവിളിക്കുകയാണ് ഇ.ഐ.എ. 2020 കരട് വിജ്ഞാപനം. ഇത് ഏറ്റവുമധികം ബാധിക്കുന്ന പ്രാദേശിക ജനവിഭാഗങ്ങൾക്ക് മനസ്സിലാകുന്ന ഭാഷകളിൽ കരട് ലഭ്യമാക്കാതെ ഹിന്ദിയിലും ഇംഗ്ലീഷിലും മാത്രമാണ് പ്രസിദ്ധീകരിച്ചിരിക്കുന്നതെന്നതും ദുരുദ്ദേശം വ്യക്തമാക്കുന്നു.

### ഈ കരട് റിപ്പോർട്ട് അംഗീകരിക്കപ്പെടുന്നതോടെ സംഭവിക്കുന്നത്

നിലവിലുള്ള പരിസ്ഥിതിഘടനയെ ഇത് ആകെ തകിടംമറിക്കും. പരിസ്ഥിതിലോല മേഖലകളുടെ വിന്യാസത്തെയും ഉപയോഗ നിയന്ത്രണങ്ങളെയും സംബന്ധിക്കുന്ന മാധവ് ഗാഡ്ഗിൽ കമ്മിറ്റി നിർദ്ദേശങ്ങളെയും മുൻകോടതി വിധികളെയും പാടെ നിരാകരിച്ചുകൊണ്ടാണ് ഇത് കടന്നുവരുന്നത്. നിർമ്മാണം നടത്തുന്ന കമ്പനിക്ക് ഇനി ഇങ്ങനെ മുൻകൂർ അനുമതിക്കായി കാത്തിരിക്കേണ്ടതില്ല. പരിസരവാസികളുടെയും പ്രശ്നങ്ങൾ നേരിടേണ്ടിവരുന്നവരുടെയും പ്രശ്നങ്ങൾ കേൾക്കാനോ പരിസ്ഥിതി പ്രവർത്തകരടക്കമുള്ളവരുടെ എതിർപ്പുകൾ പരിഗണിക്കാനോ ഇനി വ്യവസ്ഥയില്ലെന്ന് ചുരുക്കം. തന്ത്രപ്രധാനമായ ഒരു പദ്ധതിയാണെന്ന് സർക്കാർ പറഞ്ഞാൽ പിന്നെ ഇതു സംബന്ധിച്ച് ഒരു വിവരവും ജനങ്ങൾക്ക് ലഭിക്കില്ല. പരിസ്ഥിതി സംബന്ധമായ തീരുമാനങ്ങളെല്ലാം ഉന്നതാധികാരകേന്ദ്രങ്ങ

അന്തരീക്ഷമലിനീകരണം ഇന്ത്യയിൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നു. ലോകത്തിൽ ഏറ്റവും മലിനമായ 30 നഗരങ്ങളിൽ 21 ഉം ഇന്ത്യയിലാണ്.



**പ്രകൃതിയെയും ആവാസവ്യവസ്ഥയെയും തീറെഴുതുന്നു**



മൊട്ടക്കുന്നായി മാറിയിരിക്കുന്ന വനമേഖല. വടക്കുകിഴക്കൻ മേഖലയിൽ നിന്നുള്ള ദൃശ്യം. ഇന്ത്യയിൽ ആകെ വെട്ടിമാറ്റപ്പെടുന്ന വനത്തിൽ 70 ശതമാനവും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലാണ്.

ളിൽ മാത്രമായി ഒതുങ്ങും. പദ്ധതി വക്താക്കൾക്കോ, സർക്കാർ വകുപ്പിനോ, വിദഗ്ധ സമിതിക്കോ, നിയന്ത്രണ അധികാരിക്കോ (Regulatory Authority) മാത്രമേ പരിസ്ഥിതി നിയമലംഘനങ്ങൾ നടന്നാൽ നടപടി ആവശ്യപ്പെടാനും ബന്ധപ്പെട്ടവരെ അറിയിക്കാനുംപോലും ഇതനുസരിച്ച് അധികാരമുള്ളൂ.

മുൻകാല പ്രാബല്യത്തോടെയുള്ള പാരിസ്ഥിതിക അനുമതി (ex ptos facto clearance) പരിസ്ഥിതിനിയമങ്ങളുടെ അടിസ്ഥാന തത്വങ്ങൾക്കും സുസ്ഥിര വികസനത്തിനും വിരുദ്ധമാണെന്നും അത്തരമൊരു അനുമതി നൽകാൻ കേന്ദ്ര സർക്കാരിനവകാശമില്ലെന്നും സുപ്രീംകോടതിതന്നെ ഈയടുത്ത് വിധിക്കുകയുണ്ടായി. പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിന് മുൻപ് പ്രവർത്തനമാരംഭിച്ച നൂറുകണക്കിന് വികസന പദ്ധതികൾ നിലനിൽക്കുന്ന സാഹചര്യത്തിലായിരുന്നു വിധിപ്രസ്താവം. കരട് പ്രാബല്യത്തിൽവന്നാൽ പിന്നെ ഇതിനെയെല്ലാം നിഷ്പ്രയാസം മറികടക്കാനാകും. പ്രതിഷേധസമരങ്ങൾക്കോ ചെറുത്തുനിൽപ്പുകൾക്കോ കാര്യമായ നിയമപിന്തുണ ലഭിക്കില്ലെന്നു സാരം.

ജനസാന്ദ്രത കൂടിയ കേരളം പോലുള്ള സംസ്ഥാനങ്ങളിൽ ദേശീയ -സംസ്ഥാന പാതകളുടെ സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായി വരുന്ന ചുങ്കപാതയ്ക്കുവേണ്ടി അനാവശ്യമായി സ്ഥലം ഏറ്റെടുക്കുന്നതിനുണ്ടായിരുന്ന നിയമപരമായ പരിമിതികൾ ഇതോടെ മറികടക്കാൻ സർക്കാരിനും കോർപ്പറേറ്റ് ഭീമന്മാർക്കും സാധിക്കുന്ന വിധത്തിലാണ് നിയമം പൊളിച്ചെഴുതപ്പെട്ടിരിക്കുന്നത്.

**പരിസ്ഥിതി അവകാശങ്ങളെ മാത്രമല്ല, വിവരാവകാശംപോലെയുള്ള മൗലികാവകാശങ്ങളെയും വെല്ലുവിളിക്കുകയാണ് ഇ.ഐ.എ 2020 കരട് വിജ്ഞാപനം. തന്ത്രപ്രധാനമായ ഒരു പദ്ധതിയാണെന്ന് സർക്കാർ പറഞ്ഞാൽ പിന്നെ ഇതു സംബന്ധിച്ച് ഒരു വിവരവും ജനങ്ങൾക്ക് ലഭിക്കില്ല. പരിസ്ഥിതി സംബന്ധമായ തീരുമാനങ്ങളെല്ലാം ഉന്നതാധികാരകേന്ദ്രങ്ങളിൽ മാത്രമായി ഒതുങ്ങും.**

കേരളത്തിലെ മാത്രമല്ല ഇന്ത്യയെമ്പാടുമുള്ള കടലോരവാസികൾ കൊടിയ കടലാക്രമണംകൊണ്ടും സമുദ്രവിഭവശോഷണംകൊണ്ടും ദുരിതമനുഭവിക്കുകയാണ്. ഇതിനുകാരണമായി ചൂണ്ടിക്കാണിക്കുന്ന കടലോരപ്രദേശത്തും സമുദ്രാന്തർഭാഗത്തുമുള്ള വമ്പൻ കമ്പനികളുടെ 93വ്യവസായ യൂണിറ്റുകളും ഭ്രാന്തൻചൂഷണവും ചോദ്യം ചെയ്യുവാൻ ഈ നിയമപ്രകാരം സാധ്യമാകില്ല. സമുദ്രജലം മലീമസമാക്കുന്ന പ്രകൃതിവാതക ഖനനവും സംസ്കരണവും നടത്തുന്നതിനുമേലുള്ള നിയന്ത്രണവും നിയമം പരിമിതപ്പെടുത്തും. വിളപ്പിൽശാല, ബ്രഹ്മപുരം ഇടങ്ങിയ സ്ഥലങ്ങളിലുണ്ടായതുപോലെ നഗരമാലിന്യ സംസ്കരണത്തിന്റെ പേരിൽ എന്ത് അതിക്രമങ്ങൾ നടത്തിയാലും ഇനി ജനങ്ങൾക്ക് നിയമപരമായി ചോദ്യം ചെയ്യുവാനും ആശ്രയിക്കാനുമുള്ള മാർഗ്ഗങ്ങളെല്ലാം അടച്ചുകളഞ്ഞിരിക്കുന്നു.

അനധികൃത നിർമ്മാണത്തിനും വനംനശീകരണത്തിനുമുള്ള അവകാശം വൻകിട മുതലാളിമാർക്ക് പതിച്ചു നൽകുന്ന നയംകൂടിയാണിത്. പാറമട മുതലാളിമാർക്കും ഏറെ ആഹ്ലാദംപകരുന്ന നിർദ്ദേശങ്ങൾ വിജ്ഞാപനം മുന്നോട്ടുവയ്ക്കുന്നു. കോർപ്പറേറ്റ് പരിസ്ഥിതി ഉത്തരവാദിത്വം പോലുള്ള നിബന്ധനകൾ എങ്ങനെ പാലിക്കണമെന്ന് കമ്പനിക്ക് തീരുമാനിക്കാം.

കമ്പനി ഉടമയ്ക്ക് ഇഷ്ടമുള്ളിടത്ത് ഈ പണം ചെലവഴിച്ചാൽ മതി. അല്ലാതെ പ്രശ്നബാധിതർക്കുവേണ്ടി ചെലവഴിക്കണമെന്നില്ല. ഭോപ്പാൽ ദുരന്തം നടന്നതിനെത്തുടർന്ന് ദുരന്തബാധിതർക്ക് നഷ്ടപരിഹാരം നൽകാനുള്ള ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ യൂണിയൻ കാർബൈഡ് കമ്പനിക്ക് ദീർഘകാലത്തെ നിയമനടപടികൾ ആവശ്യമായി വന്നെങ്കിൽ ഇനി അത്തരം പ്രതിസന്ധികൾ പോലും കോർപ്പറേറ്റ് നിക്ഷേപകന് നേരിടേണ്ടിവരില്ലെന്ന് ചുരുക്കം.

## ഭേദഗതി ജനാധിപത്യപ്രക്രിയയും പാരിസ്ഥിതിക സംരക്ഷണവും കാറ്റിൽ പറത്തും

കരട് വിജ്ഞാപനത്തിൽ പരിസ്ഥിതി ആഘാത പഠനവും പൊതുതെളിവെടുപ്പും നടപ്പിലാക്കേണ്ട പദ്ധ




ഉത്തരപ്രദേശിലെ ബനാറസിൽ കൊക്കോ കോള ഫാക്ടറിക്കെതിരെ നടന്ന സമരത്തിൽ അണിനിരന്നിരിക്കുന്ന വനിതകൾ. കൊക്കോ കോള ഫാക്ടറിയുടെ ജലചൂഷണത്തിനും ജലമലിനീകരണത്തിനുമെതിരായിരുന്നു സമരം.

തികളുടെ എണ്ണവും തരവും ഗണ്യമായി കുറച്ചിരിക്കുന്നു. ജലസേചനം ആധുനികവത്കരിക്കാനുള്ള പദ്ധതികൾ, പ്രഖ്യാപിത വ്യവസായ എസ്റ്റേറ്റുകൾക്കുള്ളിൽ (Notified Indsturial Estate)

പ്രവർത്തിക്കുന്ന ലോഹ, കീടനാശിനി, പെയിന്റ്, പെട്രോളിയം ഉത്പന്നങ്ങൾ മുതലായവ നിർമ്മിക്കുന്ന വ്യവസായ പദ്ധതികൾ, അതിർത്തി പ്രദേശങ്ങളിലുള്ള ദേശീയ പാത, എക്സ്പ്രസ് പാത, പൈപ്പ് ലൈൻ പദ്ധതികൾ, കെട്ടിട നിർമ്മാണ പദ്ധതികൾ, പ്രാദേശിക വികസന പദ്ധതികൾ, മേൽപ്പാലം, ഉപരിതല പാത, ഫ്ളൈ ഓവർ പദ്ധതികൾ, കടൽ തീരത്ത് നിന്ന് 12 നോട്ടിക്കൽ മൈൽ അപ്പുറമുള്ള പദ്ധതികൾ എന്നിവയ്ക്ക് പൊതു തെളിവെടുപ്പുകൾ വേണ്ടെന്ന് പുതിയ വിജ്ഞാപനം വ്യവസ്ഥ ചെയ്യുന്നു. വിപുലീകരണപദ്ധതികളുടെ കാര്യമെടുത്താൽ പ്രാരംഭ ശേഷിയേക്കാൾ 50 ശതമാനമെങ്കിലും അധികം വികാസം ആവശ്യമായ അ, ആ1 വിഭാഗങ്ങളിലുള്ള പദ്ധതികൾക്ക് മാത്രമേ പൊതു തെളിവെടുപ്പുകൾ ആവശ്യമുള്ളു എന്ന് വിജ്ഞാപനത്തിൽ പറയുന്നു. ഇതിനെല്ലാം പുറമെ ആ2 വിഭാഗ

**ജനസാന്ദ്രത കൂടിയ കേരളം പോലുള്ള സംസ്ഥാനങ്ങളിൽ ദേശീയ -സംസ്ഥാന പാതകളുടെ സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായി വരുന്ന ചുങ്കപാതയ്ക്ക് വേണ്ടി അനാവശ്യമായി സ്ഥലം ഏറ്റെടുക്കുന്നതിനുണ്ടായിരുന്ന നിയമപരമായ പരിമിതികൾ മറികടക്കാൻ സർക്കാരിനും കോർപ്പറേറ്റ് ഭീമന്മാർക്കും സാധിക്കുന്ന വിധത്തിലാണ് നിയമം പൊളിച്ചെഴുത്ത്.**

ത്തിൽ പെടുന്ന എല്ലാ പദ്ധതികൾക്കും ആഘാത പഠനവും പൊതുതെളിവെടുപ്പുകളും വിജ്ഞാപനത്തിലൂടെ ഒഴിവാക്കിയിരിക്കുന്നു. രാഷ്ട്ര സുരക്ഷയുമായി ബന്ധപ്പെട്ടതും തന്ത്ര പ്രധാനമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്നതുമായ പദ്ധതികളിലും പൊതുതെളിവെടുപ്പുകൾ ഒഴിവാക്കിയിരിക്കുന്നു. ഈ പദ്ധതികളുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ പൊതു സമൂഹത്തിനുമുന്നിൽ വയ്ക്കേണ്ടതില്ലെന്നും വിജ്ഞാപനത്തിലുണ്ട്. ഒരു പദ്ധതിയെ തന്ത്രപ്രധാനമെന്ന് വിലയിരുത്താനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാവുന്നതിലൂടെ ഭാവിയിൽ പല വികസന പദ്ധതികളെയും ഈ വിഭാഗത്തിൽ ഉൾപ്പെടുത്തി പൊതുസമൂഹത്തിന്റെ അംഗീകാരം ഇല്ലാതെ തന്നെ നടപ്പിലാക്കാനുള്ള ഗൂഢനീക്കമായും ഇതിനെ കാണാനാകും.

ഭൂമിയുടെ പാരിസ്ഥിതിക മൂല്യത്തേയോ വൈവിധ്യത്തേയോ അവയിൽ പുലരുന്ന ജനവിഭാഗങ്ങളേയോ അടിസ്ഥാനമാക്കിയുള്ള സാമൂഹികവും പാരിസ്ഥിതികവുമായ താൽപ്പര്യങ്ങളല്ല, മറിച്ച് എവ്വിധവും ലാഭമുണ്ടാക്കുകയെന്ന മുതലാളിത്തത്തിന്റെ കമ്പോളയുക്തിയാണ് നിലവിൽ പരിസ്ഥിതി സംബന്ധമായ തീരുമാനങ്ങളിൽ നിഴലിക്കുന്നത്.

സാമൂഹിക, പാരിസ്ഥിതിക മേഖലകളിൽ ഉണ്ടായേക്കാവുന്ന ആഘാതങ്ങൾക്കനുസൃതമായിട്ടാണ് പദ്ധതികളുടെ വിഭാഗീകരണമെന്ന് വിജ്ഞാപനത്തിൽ പറയുന്നുണ്ട്. എങ്കിലും വികസന പദ്ധതിയുടെ ശേഷി, ഏറ്റെടുക്കുന്ന ഭൂമിയുടെ വിസ്തൃതി എന്നിവയെ അടിസ്ഥാനമാക്കിയാണ് വിജ്ഞാപനത്തിൽ പദ്ധതിയുടെ വിഭാഗീകരണം പ്രധാനമായും നടന്നിരിക്കുന്നത്. കരട് വിജ്ഞാപനത്തിൽ ഭൂമിക്ക് ഏകതാനമായ(homogeneous) ആയ ഒരു അസ്തിത്വമാണ് കൽപ്പിച്ച് കൊടുക്കപ്പെട്ടിട്ടുള്ളത്. കൃഷിനിലങ്ങൾ, തണ്ണീർത്തടങ്ങൾ, വനമേഖലകൾ, ജലസ്രോതസ്സുകൾ, തീരപ്രദേശങ്ങൾ, മലമ്പ്രദേശങ്ങൾ എന്നിങ്ങനെ പ്രകൃതം കൊണ്ടും പാരിസ്ഥിതിക-സാമൂഹിക പ്രാധാന്യംകൊണ്ടും വ്യത്യസ്തമാണ് വികസന പദ്ധതികൾക്കുവേണ്ടി ഏറ്റെടുക്കപ്പെടുന്ന ഭൂമിയെന്നത് പരിഗണനയിലേയില്ല. പരിസ്ഥിതി നിബന്ധനകൾ ലംഘിച്ചുകൊണ്ട് നൂറിലധികം പദ്ധതികൾക്ക് അനുമതി നൽകാൻ ഈ ലോക്ഡൗൺ കാലത്തും ശ്രമങ്ങൾ നടക്കുന്നതിന്റെയും പശ്ചാത്തലത്തിലാണ് ജനാധിപത്യത്തിന്റെ അന്തസത്തയെ ചോർത്തുന്ന വിധത്തിൽ പരിസ്ഥിതി ആഘാത പഠന നിയമ വ്യവസ്ഥകൾ ഭേദഗതി ചെയ്തുകൊണ്ട് പരിസ്ഥിതി മന്ത്രാലയം കരട് വിജ്ഞാപനം പുറത്തിറക്കിയിരിക്കുന്നത്.

## പ്രകൃതിയുടെമേലുള്ള കടന്നുകയറ്റവും പ്രത്യാഘാതങ്ങളും

കുത്തകമുതലാളിത്ത താൽപ്പര്യങ്ങൾ പേറുന്ന ഭരണാധികാരികളെ

കാലാകാലങ്ങളിൽ അധികാരകേന്ദ്രങ്ങളിൽ അവരോധിക്കുന്നതിനും തങ്ങൾക്കനുകൂലമായ നയപരിപാടികൾ സ്വീകരിപ്പിക്കാനും ശേഷിയാർജ്ജിച്ച മുതലാളിവർഗ്ഗം ബഹുജനങ്ങളുടെ താൽപ്പര്യങ്ങളെ തീരെ പരിഗണിക്കുന്നതേയില്ല. അഴിമതിക്കാരായ ഭരണകർത്താക്കളെ വരുതിയിലാക്കിക്കൊണ്ട് നടത്തുന്ന പ്രകൃതിക്കുമേലുള്ള ചൂഷണം അപൂർവ്വമായ ജൈവ സമ്പത്തിനും ജീവജാലങ്ങൾക്കും ഗുരുതരമായ പ്രതിസന്ധികളാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. കാലാവസ്ഥാവ്യതിയാനവും, ജൈവവൈവിധ്യനഷ്ടവും പെട്ടെന്നുള്ള വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ, മണ്ണിടിച്ചിൽ, വരൾച്ച, ഉയർന്നതോതിലുള്ള വായു, ജല മലിനീകരണം എന്നിങ്ങനെ പ്രത്യക്ഷമായ പരിസ്ഥിതി ദുരന്തങ്ങളിലേയ്ക്ക് നാടിനെ നയിക്കുകയാണ്. നിലവിലെ കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ജന്തുജന്യരോഗങ്ങളായ നിപ, ഏവിയൻ ഇൻഫ്ളുവെൻസ, സിക, കോവിഡ് 19 എന്നിവയ്ക്ക് ജൈവവൈവിധ്യശോഷണവുമായി നേരിട്ട് ബന്ധമുണ്ടെന്ന് ഇന്ത്യൻ പരിസ്ഥിതി മന്ത്രാലയം തന്നെ അംഗീകരിച്ചിട്ടുണ്ട്. പരിസ്ഥിതിയുടെ നാശം ജനങ്ങളുടെ ജീവസന്ധാരണ മാർഗ്ഗങ്ങളെയും പൊതു ആരോഗ്യ വ്യവസ്ഥയെയും ഏറെ പ്രതികൂലമായി ബാധിക്കുന്നു.

പ്രകൃതിക്കുമേലുള്ള ചൂഷണം അപൂർവ്വമായ ജൈവ സമ്പത്തിനും ജീവജാലങ്ങൾക്കും ഗുരുതരമായ പ്രതിസന്ധികളാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. കാലാവസ്ഥാവ്യതിയാനവും, ജൈവവൈവിധ്യ നഷ്ടവും പെട്ടെന്നുള്ള വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ, മണ്ണിടിച്ചിൽ, വരൾച്ച, ഉയർന്നതോതിലുള്ള വായു, ജല മലിനീകരണം എന്നിങ്ങനെ പ്രത്യക്ഷമായ പരിസ്ഥിതി ദുരന്തങ്ങളിലേയ്ക്ക് നാടിനെ നയിക്കുകയാണ്.



2020 മെയ് 7ന്, പന്ത്രണ്ട് പേർ കൊല്ലപ്പെടുകയും നൂറുകണക്കിന് ആളുകളെ ശാരീരികാസ്വസ്ഥതകളിലേയ്ക്ക് തള്ളിവിടുകയും ചെയ്ത വിശാഖപട്ടണത്തെ എൽജി പോളിമേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിലെ വിഷവാതകച്ചോർച്ച ഒരു സാങ്കേതികപ്പിഴവായിട്ടാണ് കോർപ്പറേറ്റ് മാധ്യമങ്ങളും വിലയിരുത്തിയത്. അതിനുമപ്പുറം നിലവിലുള്ള പരിസ്ഥിതി നിയമങ്ങളിലെ പഴുതുകളെയും വ്യാവസായിക വികസന പ്രവർത്തനങ്ങളിൽ തൊഴിലാളികളുടെയും പ്രദേശവാസികളുടെയും ജീവനുമേലുള്ള ഭീഷണികളെയും സംബന്ധിച്ചുള്ള യാതൊരു ചർച്ചയും മാധ്യമറിപ്പോർട്ടുകളിലോ ബന്ധപ്പെട്ട സംവാദങ്ങളിലോ ഉണ്ടായില്ല. ക്രിമിനൽ മൂലധനവാഴ്ചയ്ക്ക് തുറന്നിട്ട സമ്പദ്ക്രമവും അതിന്റെ അനിയന്ത്രിതവും അക്രമാസക്തമായ വ്യാവസായിക താൽപ്പര്യങ്ങളും സങ്കുചിതമായ സാമ്പത്തിക വളർച്ചയ്ക്ക് മാത്രമുള്ള ഊന്നലും പാരിസ്ഥിതിക ഉത്തരവാദിത്തത്തെയും അടിസ്ഥാന ജനാധിപത്യ സങ്കൽപ്പങ്ങളെയുമെല്ലാം കൈയൊഴിയുന്നതിന്റെ ഉത്തമോദാഹരണമാണിത്.

## ശക്തമായ പ്രക്ഷോഭണം അനിവാര്യം

കരട് വിജ്ഞാപനത്തിനെതിരെ രാജ്യത്തുമാത്രമല്ല ലോകമെമ്പാടുമുള്ള പരിസ്ഥിതി സ്നേഹികളും സാമൂഹിക പ്രവർത്തകരും രംഗത്തുവന്നുകഴിഞ്ഞു. കരട് വിജ്ഞാപനത്തെ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ ആരായാനായി അധികാരികൾ തുറന്ന ഓൺലൈൻ അഭിപ്രായ സർവ്വേയിൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ ഈ നടപടിയിലുള്ള എതിർപ്പ് അറിയിച്ചുകൊണ്ടുള്ള ലക്ഷക്കണക്കിന് മെയിലുകൾ വന്നു നിറഞ്ഞു. അവസാനദിവസമായ ആഗസ്റ്റ് 10 ന് മുമ്പുതന്നെ പരിസ്ഥിതി മന്ത്രാലയം അഭൂതപൂർവ്വമായ ജനകീയ പ്രതികരണത്തിലുള്ള ജാള്യത മറച്ചുവച്ചുകൊണ്ട് ആ അക്കൗണ്ട് ക്ലോസുചെയ്തു ധാർഷ്ട്യം കാണിക്കാനാണ് ബിജെപിയുടെ കേന്ദ്ര-പരിസ്ഥിതി-വന-കാലാവസ്ഥവ്യതിയാന വകുപ്പ് മന്ത്രി പ്രകാശ് ജാവദേക്കർ മുതിർന്നത്!

സാമ്രാജ്യത്വ-മുതലാളിത്ത രാജ്യങ്ങൾ തങ്ങളുടെ കോർപ്പറേറ്റ് ഭീമന്മാരുടെ നിർബാധമായ മൂലധനവാഴ്ച ഉറപ്പാക്കാൻ തങ്ങളുടെ തന്നെ ജനതയെയും നിർബന്ധിതമാക്കുകയാണ്. മുതലാളിത്ത ഉദാര-സ്വകാര്യ-ആഗോളവൽക്കരണ നയങ്ങളിലൂടെ അവർ ശ്രമിക്കുന്നത് അതാണ്. ഏതെങ്കിലും മേഖലകളിൽനിന്ന് ജനങ്ങളുടെ പ്രതിഷേധത്തിന്റെയും അമർഷത്തിന്റെയും ശബ്ദം ഉയർന്നു തുടങ്ങിയാൽ അവിടങ്ങളിലെല്ലാം സങ്കുചിത വംശീയ-വർഗ്ഗീയ ചേരിതിരിവുകൾ സൃഷ്ടിച്ചുകൊണ്ടും സാംസ്കാരികമായും നൈതികവുമായുമുള്ള മുന്നേറ്റത്തെ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചും മുതലാളിവർഗ്ഗ ഭരണകൂടം അതിനെ തടയുന്നു.

ഈ നികൃഷ്ടമായ ചെയ്തികളെ തടയാൻ ആത്യന്തികമായി തൊഴിലാളിവർഗ്ഗ മുന്നേറ്റത്തിലൂടെയെ സാധ്യമാകൂ. മനുഷ്യരാശിയുടെയും ജീവവർഗ്ഗങ്ങളുടെയും നിലനിൽപ്പിനും അതിജീവനത്തിനും പ്രകൃതിവിഭവങ്ങളുടെയും പരിസ്ഥിതിയുടെയുംമേൽ അനിയന്ത്രിതമായി നടക്കുന്ന ആക്രമണങ്ങൾ തടയാനും സോഷ്യലിസ്റ്റ് വ്യവസ്ഥ സ്ഥാപിച്ചുകൊണ്ടുള്ള ആ മുന്നേറ്റത്തിലൂടെ മാത്രമേ കഴിയൂ. മഹാന്മാരായ മാർക്സും എംഗൽസും ലെനിനും സ്റ്റാലിനും മാവോയും അവരുടെയെല്ലാം അർഹനായ ശിഷ്യനും നമ്മുടെ മണ്ണിൽ മാർക്സിസത്തിന്റെ ഏറ്റവും വികസിതമായ ചിന്തയെ സംഭാവന ചെയ്ത മഹാനായ നേതാവുമായ സഖാവ് ശിബ്ദാസ് ഘോഷുമെല്ലാം ചൂണ്ടിക്കാണിച്ച മനുഷ്യരാശിയുടെ വിമോചനത്തിന്റെ സുനിശ്ചിതമായ ആ മാർഗ്ഗം നാം സ്വീകരിക്കേണ്ടതുണ്ട്. ചൂഷകവർഗ്ഗത്തിന്റെയും അവരുടെ ആജ്ഞാനുവർത്തികളായ ഭരണകൂടങ്ങളുടെയും വർദ്ധിച്ചുവരുന്ന ആക്രമണങ്ങളെ തടയാൻ മറ്റൊന്നിനുമാകില്ലെന്ന സത്യം സാധാരണ ജനങ്ങളിൽ കൊണ്ടുചെന്നെത്തിക്കുകയെന്നതാണ് നമ്മുടെ ഇന്നത്തെ അടിയന്തര കടമ. ■

# ഫാസിസത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് സഖാവ് ശിബ്ദാസ് ഘോഷ്



ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭഘട്ടത്തിൽ ഫാസിസം അതിന്റെ നഗ്നമായ രൂപത്തിൽ ഒന്നോ രണ്ടോ രാജ്യങ്ങളിൽ പ്രത്യക്ഷപ്പെടുകയുണ്ടായി. എന്നാൽ  വികസിതമോ വികസ്വരമോ ആയ എല്ലാ മുതലാളിത്ത-സാമ്രാജ്യത്വ രാഷ്ട്രങ്ങളുടെയും പൊതു സവിശേഷതയായി ഇന്നു ഫാസിസം മാറിയിരിക്കുന്നു. പുറമേ നിന്നുള്ള സാമ്രാജ്യത്വ ഗൂഢാലോചനകളുടെ സഹായത്തോടെയും ഉള്ളിൽ നിന്ന്, പരാജയപ്പെടുത്തപ്പെട്ട ബൂർഷ്വാസിയുടെ കുത്തിത്തിരിപ്പുകൾമൂലവും ആധുനിക തിരുത്തൽവാദത്തിന്റെ പ്രയോഗം നിമിത്തവും സംഭവിച്ച സോവിയറ്റ് സോഷ്യലിസത്തിന്റെ ദുഃഖകരമായ തകർച്ചയ്ക്കും അതേത്തുടർന്ന്,  പോരായ്മകളോടും സമീപന വൈകല്യങ്ങളോടും കൂടെയെങ്കിലും, സാമ്രാജ്യത്വ-മുതലാളിത്ത ഉപജാപങ്ങളെ, പുറങ്കോട്ട തീർത്തു പ്രതിരോധിച്ചിരുന്ന ബലവത്തായ സോഷ്യലിസ്റ്റ് ബ്ലോക്കിന്റെ ശിഥിലീകരണത്തിനുംശേഷം  ഓരോ ദിനം കഴിയുന്തോറും ഫാസിസം അതിന്റെ ഭീഷണമായ പല്ലും നഖങ്ങളും കൂടുതൽ ക്രൗര്യത്തോടെ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ, ഫാസിസത്തിന്റെ ആവിർഭാവത്തിന്റെ കാരണവും നിശ്ചിതമായ സാമൂഹിക-രാഷ്ട്രീയ സാഹചര്യങ്ങളും  ഗ്രഹിക്കുകയും അതിന്റെ വിഭിന്നങ്ങളായ ആവിഷ്കാരങ്ങളും ഏറ്റവും പ്രധാനമായി അതിന്റെ പ്രത്യയശാസ്ത്ര സാംസ്കാരിക ആധാരങ്ങളും ശരിയായ ശാസ്ത്രീയ വിശകലനത്തിലൂ

ടെ മനസ്സിലാക്കുകയും ചെയ്യുന്നില്ലെങ്കിൽ, മനുഷ്യരാശിയുടെ ഈ കൊടിയ ശത്രുവിനെതിരെ പ്രത്യയശാസ്ത്രപരവും സംഘടനാപരവുമായി അവശ്യം വേണ്ടുന്ന സമരം കെട്ടിപ്പടുക്കാൻ നമുക്ക കഴിയാതെ വരും.

എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയും മാർക്സ്-എംഗൽസ്-ലെനിൻ-സ്റ്റാലിൻ-മാവോ സെ ദുംഗ് എന്നിവരുടെ അർഹനായ പിൻഗാമിയും ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ചിന്തകരിലൊരാളുമായ സഖാവ് ശിബ്ദാസ് ഘോഷ്, മാർക്സിസ്റ്റ് ലെനിനിസ്റ്റ് വിശകലനപദ്ധതിയുടെ അടിസ്ഥാനത്തിൽ ഫാസിസത്തെ വിവിധ കോണുകളിലൂടെ അപഗ്രഥിക്കുകയും മാർക്സിസ്റ്റ് -ലെനിനിസ്റ്റ് വിജ്ഞാന ഭണ്ഡാഗാരം വിപുലമാക്കുകയും ചെയ്തിട്ടുണ്ട്. മഹാനായ സ്റ്റാലിന്റെ നേതൃത്വത്തിലുള്ള ചെമ്പടയുടെ മുന്നിൽ ജർമ്മനി-ഇറ്റലി -ജപ്പാൻ അച്ചുതണ്ടുശക്തികൾ തകർക്കപ്പെട്ടതോടെ ഫാസിസം എന്നെന്നേക്കുമായി പരാജയപ്പെടുത്തപ്പെട്ടു എന്ന തെറ്റായ ധാരണയെ തിരുത്തിക്കൊണ്ട് 1948-51 കാലഘട്ടത്തിൽത്തന്നെ സഖാവ് ശിബ്ദാസ് ഘോഷ് കാര്യങ്ങളങ്ങനെയല്ല എന്നു വിശദീകരിച്ചിരുന്നു.

എല്ലാ സാമ്രാജ്യത്വ-മുതലാളിത്ത രാഷ്ട്രങ്ങളുടെയും പൊതു സവിശേഷതയായി ഫാസിസം മാറിയിരിക്കുന്നു എന്ന ചരിത്രപരമായ യാഥാർത്ഥ്യത്തെപ്പറ്റി അക്കാലംതൊട്ടുതന്നെ അദ്ദേഹം തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിനു മുന്നറിയിപ്പു നൽകിയിരുന്നു. തൊഴിലാളി വർഗ്ഗത്തിന്റെ മഹാനായ നേതാവ് സഖാവ് ശിബ്ദാസ് ഘോഷിന്റെ 45-ാം സ്മരണദിനാചരണത്തിന്റെ ഭാഗമായിഅദ്ദേഹത്തിന്റെ ഉജ്ജ്വലമായ ചിന്തകളുടെ വെളിച്ചത്തിൽ, ഫാസിസത്തിന്റെ സാമൂഹിക-രാഷ്ട്രീയ വശങ്ങളെക്കുറിച്ച് ഉൾക്കാഴ്ച നൽകുന്ന അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ നിന്നും പ്രസംഗങ്ങളിൽ നിന്നുമുള്ള ഏതാനും ചില ഭാഗങ്ങൾ ഞങ്ങളിവിടെ ഉദ്ധരിക്കുകയാണ്.

● "വരാനിരിക്കുന്ന വിപ്ലവത്തെ ഒരു മുൻകൂർ നീക്കത്തിലൂടെ തടയുവാൻ മുതലാളിത്തം ശ്രമിക്കുന്ന, ചരിത്രപരമായി പരുവപ്പെടുത്തപ്പെട്ട പ്രതിവിപ്ലവത്തിന്റെ ഒരു രൂപമാണു ഫാസിസം." *(Call of the Hour, SW vol.II)*

● "ആത്മീയവാദം, വിജ്ഞാന വിരോധം, യുക്തിരഹിതമായ ചിന്താരീതികൾ എന്നിവയും ശാസ്ത്രത്തിന്റെ സാങ്കേതികവശങ്ങളുമായുള്ള ഒരു സവിശേഷമായ ലയനമാണു ഫാസിസം." *(Socialist Unity, Vol. 9, 1 Sept. 1951)*

● "...ഫാസിസം ഉയർന്നു വന്നതിന്റെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ, അതായത്, ഫാസിസത്തിന്റെ ആവിർഭാവത്തിനു പിന്നിലുള്ള സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവുമായ വശങ്ങൾ നിങ്ങൾ വിലയിരുത്തുകയാണെങ്കിൽ ഒരു കാര്യം വ്യക്തമാകും. മാനവവാദ മനോഘടന, വിപ്ലവത്തെക്കുറിച്ചുള്ള ഭയാശങ്കകളാൽ, തൊഴിലാളിവർഗ്ഗവിപ്ലവത്തിനെതിരെ പ്രതിവിപ്ലവപരമായ ദേശീയ കലാപങ്ങൾ സംഘടപ്പിക്കുന്നതിനുവേണ്ടി, ശാസ്ത്രത്തിന്റേയും ആത്മീയവാദത്തിന്റേയും ഒരു സവിശേഷലയനത്തിലൂടെ ഫാസിസത്തിന്റെ പ്രത്യയശാസ്ത്ര -സാംസ്കാരിക അടിത്തറ സൃഷ്ടിച്ചു എന്നതാണത്." *(The Cultural Movement of India and Our Tasks. S W vol. II)*

**ഫാസിസത്തിന്റെ ആവിർഭാവത്തിന്റെ കാരണവും നിശ്ചിതമായ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളും ഗ്രഹിക്കുകയും അതിന്റെ വിഭിന്നങ്ങളായ ആവിഷ്ക്കാരങ്ങളും പ്രത്യയശാസ്ത്ര സാംസ്കാരിക ആധാരങ്ങളും ശരിയായ ശാസ്ത്രീയ വിശകലനത്തിലൂടെ മനസ്സിലാക്കുകയും ചെയ്യുന്നില്ലെങ്കിൽ, മനുഷ്യരാശിയുടെ ഈ കൊടിയ ശത്രുവിനെതിരെ അവശ്യം വേണ്ടുന്ന സമരം കെട്ടിപ്പടുക്കാൻ നമുക്ക കഴിയാതെ വരും.**

● "ഒരുഭാഗത്ത് ഫാസിസം, ജനങ്ങളിലെ യുക്തിപരമായ ചിന്താപ്രക്രിയയെ തകർക്കുകയും അവരെ തൻകാര്യം മാത്രം നോക്കുന്നവരായി മാറ്റുകയും വിജ്ഞാനത്തെയും ജ്ഞാനാർജ്ജനത്തെയും വിദ്യാഭ്യാസത്തെയുമെല്ലാം സാങ്കേതികവിദ്യയിലൂന്നുന്നതാക്കുകയും അതായത്, എല്ലാത്തരത്തിലുമുള്ള മാനുഷിക മൂല്യങ്ങളെ സമ്പൂർണ്ണമായി നിരാകരിക്കുന്ന, ജനങ്ങളോടും സമൂഹത്തോടുമുള്ള ഉത്തരവാദിത്തത്തെക്കുറിച്ച യാതൊരു ബോധവുമില്ലാത്ത, തൊഴിലിനേയും കൂലി അടിമത്തത്തേയും സർവ്വപ്രധാനമായി കാണുന്ന, പണത്തിനായി എന്തും ചെയ്യാൻ മടിയില്ലാത്ത ഒരു പറ്റം സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുകയും ഈ ദിശയിൽ ശാസ്ത്രത്തിന്റേയും വിജ്ഞാനാർജ്ജനത്തിന്റേയും സംസ്കരണത്തെ വഴി തിരിച്ചുവിടുകയും ചെയ്യുന്നു. മറു ഭാഗത്താകട്ടെ, ഫാസിസം എല്ലാത്തരത്തിലുമുള്ള ആത്മീയതയേയും പഴഞ്ചൻ അന്ധവിശ്വാസങ്ങളേയും യുക്തിരഹിതമായ മനോനിലയേയും അന്ധതയേയും പോറ്റിവളർത്തുകയും ചെയ്യുന്നു." *(Fascism and moral fascism and*



*moral ethical crisis in left democratic movement. SW Vol. IV)*

● “കാര്യകാരണബന്ധത്തിന്റെ ശാസ്ത്രീയപാതയിൽനിന്ന ജനങ്ങളുടെ ചിന്താ പ്രക്രിയയെ, അന്ധമായ വിശ്വാസങ്ങളുടേയും മുൻവിധികളുടേയും വിജ്ഞാനവിരോധത്തിന്റേയും നിഗൂഢമായ ഊടുവഴികളിലേക്ക വഴിതിരിച്ചു വിടുകയും അന്തിമമായി സാമൂഹിക പ്രവർത്തനങ്ങളോട് വെറുപ്പു സൃഷ്ടിക്കുകയുമാണ് ഫാസിസത്തിന്റെ ലക്ഷ്യം.” *(Socialist Unity Vol.I (New Series) 1 July 1962)*

● “...രാജ്യത്ത് യുക്തിചിന്തയ്ക്കുള്ള ശേഷി അസ്തമിക്കുന്നതോടെ സമൂഹത്തിൽ പിന്തിരിപ്പൻ ചിന്താഗതികളുടെ വ്യാപനത്തിനു വഴിയൊരുക്കും. സോഷ്യലിസത്തേയും വിപ്ലവത്തേയും പുരോഗതിയേയും കുറിച്ചുള്ള അവ്യക്തമായ മുദ്രാവാക്യങ്ങളുയർത്തുമ്പോൾ ത്തന്നെ ഒരു ഭാഗത്ത്, ദേശീയ ഭ്രാന്തിന്റെ വിഷംകൊണ്ട് മനുഷ്യരെ ഉന്മത്തരാക്കുക, മറുഭാഗത്ത്, കാലഹരണപ്പെട്ട പാരമ്പര്യവാദത്തെ പ്രോൽസാഹിപ്പിക്കുക, ഇവ മൂന്നും സംയോജിക്കുന്നതോടെ രാജ്യത്തു ഫാസിസത്തിന്റെ ഉയർച്ചയ്ക്കായുള്ള മണ്ണൊരുങ്ങിക്കഴിയും. ഭരണ ബൂർഷ്വാവർഗ്ഗം ബുദ്ധിജീവി വിഭാഗത്തെ വഴിതെറ്റിക്കുകയും ഈ മൂന്നു കാര്യങ്ങളെ സമർത്ഥമായി സംയോജിപ്പിക്കുകയും ചെയ്യുന്നതോടെ യുക്തിയുടേയും ന്യായവാദത്തിന്റേയും അടിസ്ഥാനത്തിൽ പരസ്പരസംവാദം നടത്തുന്നതിനുള്ള മാനസിക നില സമൂഹത്തിൽ അവസാനിക്കുമെന്നത് നാം മനസ്സിലാക്കേണ്ടതാണ്. ഇതു ഫാസിസത്തിനു ഉയർന്നു വരാനുള്ള സുവർണ്ണാവസരം നൽകുന്നു. ഫാസിസം വേരുറപ്പിക്കുന്നതോടെ മനുഷ്യരെന്നു വിളിക്കാൻ യോഗ്യതയുള്ള വളരെക്കുറച്ചു പേരേ രാജ്യത്തവശേഷിക്കൂ. കാരണം മനുഷ്യരെ സൃഷ്ടിക്കുന്ന പ്രക്രിയക്കാണു ഫാസിസം തടസ്സം സൃഷ്ടിക്കുന്നത്. *(Fascism and Moral Fascism and Moral Ethical Crisis in Left Democratic Movement.)*

**യുക്തിചിന്തയ്ക്കുള്ള ശേഷി അസ്തമിക്കുന്നതോടെ സമൂഹത്തിൽ പിന്തിരിപ്പൻ ചിന്താഗതികളുടെ വ്യാപനത്തിനു വഴിയൊരുക്കും. ഫാസിസം വേരുറപ്പിക്കുന്നതോടെ മനുഷ്യരെന്നു വിളിക്കാൻ യോഗ്യതയുള്ള വളരെക്കുറച്ചുപേരേ രാജ്യത്ത് അവശേഷിക്കൂ. മനുഷ്യരെ സൃഷ്ടിക്കുന്ന പ്രക്രിയക്കാണു ഫാസിസം തടസ്സം സൃഷ്ടിക്കുന്നത്.**

● “സോഷ്യൽ ഡമോക്രസിയുടേയും ദേശീയ ഭ്രാന്തിന്റേയും അജ്ഞേയവാദത്തിന്റേയും ഒരു വിചിത്ര മിശ്രിതമായ ഫാസിസ്റ്റ് സംസ്കാരമാണ് കമ്മ്യൂണിസത്തിനെതിരേയുള്ള കുരിശുയുദ്ധത്തിൽ ഫാസിസം മുന്നോട്ടുവയ്ക്കുന്നത്. *(Call of the Hours, SW Vol.II)*

● “അന്ധത കൂടുന്നതോടെ മതഭ്രാന്തും കൂടുന്നു എന്ന പ്രമാണം നന്നായറിയുന്ന ബൂർഷ്വാസി സംയമനത്തിന്റേയും സമാധാനത്തിന്റേയും ക്രമത്തിന്റേയും പേരിൽ അന്ധമായ സമർപ്പണത്തിന്റേയും അച്ചടക്കത്തിന്റേയും ബോധം സൃഷ്ടിച്ചെടുക്കാൻ സാംസ്കാരിക പ്രസ്ഥാനങ്ങളിലൂടെ അങ്ങേയറ്റം ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. “ *(Crisis in culture and fascism, SW Vol. IV)*

● “സാമ്പത്തിക സംഘടനകളുടേയും രാഷ്ട്രീയ സ്ഥാപനങ്ങളുടേയും ഭരണ സംവിധാനത്തിന്റേയും സാധാരണ രൂപങ്ങൾക്ക് ഉരുണ്ടുകൂടിക്കൊണ്ടിരിക്കുന്ന മുതലാളിത്ത പ്രതിസന്ധി തരണം ചെയ്യാൻ കഴിയാതെ വരികയും കമ്പോളത്തിന്റെ സ്ഥിരത നില നിർത്തി പരമാവധി ലാഭംകൊയ്യുക എന്നത് ഏറെക്കുറെ അസാദ്ധ്യമാകുകയും പ്രതിസന്ധിമൂലമുള്ള അരക്ഷിതത്വത്താൽ വലയുന്ന ജനങ്ങൾക്കു നില നിൽക്കുന്ന സാഹചര്യങ്ങൾ മാറേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുകയും ചെയ്യുന്ന സാഹചര്യങ്ങുടെ സവിശേഷമായ കൂടിച്ചേരലിൽ, നില നിൽക്കുന്ന സാഹചര്യങ്ങളിൽ, പരമാവധി ലാഭമെന്ന മുതലാളിത്തത്തിന്റെ അടിസ്ഥാന നിയമത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ബൂർഷ്വാസി, അതിന്റെ വർഗ്ഗാധിപത്യത്തിനുമേൽ പാർലമെന്ററി ജനാധിപത്യം ചാർത്തിക്കൊടുത്തിട്ടുള്ള എല്ലാ മൂടുപടങ്ങളും വലിച്ചെറിഞ്ഞുകളയും. ഈ ചരിത്ര സാഹചര്യങ്ങൾ ഫാസിസത്തിന് അതിന്റെ വ്യതിരിക്ത ലക്ഷണങ്ങളായ ചില പൊതുസവിശേഷതകൾ പകർന്നു കൊടുക്കുന്നുണ്ട്. സാമ്പത്തിക കേന്ദ്രീകരണം, ഭരണകൂടത്തിലുള്ള പരമാവധി രാഷ്ട്രീയാധികാര കേന്ദ്രീകരണം, ഭരണ സംവിധാനത്തിലെ കർക്കശമായ ദാർഢ്യം – ഇവയെല്ലാം കുത്തകകളുടെ താല്പര്യങ്ങളും ഭരണകൂടത്തിന്റെ താല്പര്യങ്ങളും തമ്മിലുള്ള കൂടുതൽ കൂടുതലായ താദാത്മ്യപ്പെടലിലേക്കു നയിക്കുന്നു–സാംസ്കാരികമായ ചിട്ടപ്പെടുത്തൽ എന്നിവയൊക്കെയാണവ.” *(Call of the Hour, SW Vol.II)*



"പാർലമെന്റിനെക്കൊണ്ടുള്ള പ്രയോജനം ബൂർഷ്വാസിക്കുപോലും വളരെപ്പെട്ടെന്നു നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. വികസിതമോ അവികസിതമോ ആയ എല്ലാ മുതലാളിത്ത രാജ്യങ്ങളുടേയും ഭരണകൂടസംഘടനയിലും ഭരണനിർവഹണ സംവിധാനത്തിലും ഫാസിസം, വ്യത്യസ്ത രൂപങ്ങളിൽ മുമ്പെന്നതിനേക്കാൾ കൂടുതൽ വ്യക്തതയോടെ പ്രകടിതമായിക്കൊണ്ടിരിക്കുകയാണ്." *(On war, Peace and Peaeful Co-existence, SW Vol.I)*


● "രണ്ടു പാർട്ടി പാർലമെന്ററി സംവിധാനം വഴിയുള്ള ഗവണ്മെന്റിലൂടെ, ഒരു ജനാധിപത്യ രൂപത്തിൽ ഫാസിസം ആവിർഭവിക്കുന്നതു തീർച്ചയായും ചരിത്രപരമായ കീഴ് വഴക്കങ്ങളൊന്നുമില്ലാത്ത, ഒരു യുദ്ധാനന്തര പ്രതിഭാസമാണ്. പ്രത്യക്ഷത്തിലുള്ള അതിന്റെ ജനാധിപത്യ രൂപം നിമിത്തം അത് അങ്ങേയറ്റം വഞ്ചനാപരവുമാണ്. ഫാസിസത്തെ അതിന്റെ ഉള്ളടക്കംകൊണ്ടോ അതിന്റെ വ്യതിരിക്തസവിശേഷതകൾകൊണ്ടോ അല്ലാതെ അതിന്റെ രൂപം കൊണ്ടു തിരിച്ചറിയാൻ ശ്രമിച്ച, ബുദ്ധിജീവികളെന്നറിയപ്പെടുന്ന നിരവധിപേരെ കബളിപ്പിക്കാനതിനു നിശ്ചയമായും കഴിഞ്ഞിട്ടുണ്ട്." *(Call of the Hour, SW Vol.II)*

● "ഫാസിസം എല്ലായിടത്തും എപ്പോഴും അടിച്ചമർത്തലിന്റേതും അനുനയം അല്ലെങ്കിൽ വഞ്ചനയുടേതുമായ ഒരു ദ്വിമുഖ തന്ത്രമാണു സ്വീകരിക്കുന്നത്. ജനകീയ ശക്തിയെ നിഷ്ക്കരുണം അടിച്ചമർത്തി, 'ദേശീയ നിർമ്മാണ'ത്തിനായുള്ള തങ്ങളുടെ ഫാസിസ്റ്റ് പദ്ധതികളുടേയും പരിപാടികളുടേയും വാലാട്ടികളാക്കി അവരെ തങ്ങളോടൊപ്പം നിർത്തുക എന്നതു മാത്രമല്ല ഫാസിസ്റ്റുകളുടെ ലക്ഷ്യം. സഹകരിക്കുന്ന ഒരു ജനകീയശക്തിയുടെ പിന്തുണയില്ലാതെ ഫാസിസത്തിനു തങ്ങളുടെ സ്വാധീനം നിലനിർത്തുക സാദ്ധ്യമല്ല. അതിനാലതു സോഷ്യൽ ഡമോക്രാറ്റിക് പദ്ധതികളാവിഷ്ക്കരിക്കുകയും ചെറിയ സാമ്പത്തിക ആനുകൂല്യങ്ങൾ ജനങ്ങൾക്കു നൽകുകയും മുതലാളിത്ത സമ്പദ്‌വ്യവസ്ഥയിലെ അരാജകത്വത്തേയും അതിൽ നിന്നുടലെടുക്കുന്ന തൊഴിലില്ലായ്മപോലുള്ള ജീവിതാരക്ഷിതത്വങ്ങളേയും നിയന്ത്രിക്കാൻ ശ്രമിക്കുകയും ചെയ്യും. മുതലാളിത്തത്തിന്റെ ആകമാനതാൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി അതു ചിലപ്പോൾ വ്യക്തിമുതലാളിമാരേയും അവരുടെ ഉല്പാദനത്തിലെ അരാജക രീതികളേയും നിയന്ത്രിക്കുകയും ചെയ്യും. ചുരുക്കത്തിൽ, ഫാസിസ്റ്റ് ഭരണകൂടം ഒരു ബൂർഷ്വാ ക്ഷേമരാഷ്ട്രഭരണകൂടത്തിന്റെ നിലയാണു സ്വീകരിക്കുന്നത്. *(മേൽ കൃതി)*



● വർഗ്ഗസമരത്തിന്റേയും തൊഴിലാളിവർഗ്ഗ സാർവ്വദേശീയതയുടേയും ദർശനങ്ങൾക്കെതിരായി ജനമനസ്സുകളിൽ വിഷം കുത്തിവയ്ക്കുന്നതിനായി മുതലാളിത്തത്തിന്റെ കൈയിലുള്ള ശക്തമായ ഉപകരണങ്ങളിൽ എല്ലാക്കാലത്തും പ്രധാനം ദേശീയഭ്രാന്തു തന്നെയായിരുന്നു. തങ്ങളുടെ ലക്ഷ്യം നേടാനായി ഫാസിസ്റ്റുകളിതു നന്നായുപയോഗിക്കും. ഫാസിസ്റ്റുകൾ മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളായ വർഗ്ഗസഹകരണം, എല്ലാ വർഗ്ഗങ്ങളുടേയും ഐക്യം അല്ലെങ്കിൽ വർഗ്ഗാതീതമായ ദേശീയതാൽപ്പര്യം എന്നിവ ജനങ്ങളുടെ മുമ്പിലേക്കവതരിപ്പിക്കാൻ ഒരു സമൂർത്തമായ ആവിഷ്ക്കാരം ആവശ്യമാണ്. ദേശീയേച്ഛയുടേയും താല്പര്യങ്ങളുടേയും മൂർത്തരൂപമെന്ന നിലയിലുള്ള ഒരു അതിമാനുഷനെക്കുറിച്ചുള്ള സങ്കല്പം അതിനാൽ ഫാസിസം പലപ്പോഴും പ്രചരിപ്പിക്കും. തങ്ങളുടെ നിലയുറപ്പിക്കുവാനായി മുതലാളിത്തത്തിന് അതിന്റെ ആദ്യകാലങ്ങളിൽ എതിർക്കേണ്ടി വന്ന ഏകാധിപത്യം അജ്ഞേയതാവാദം എന്നിവയെ ഇന്നത്തെ ജീർണ്ണിച്ച മുതലാളിത്തത്തിന് ഒളിഞ്ഞും തെളിഞ്ഞും കൂടുതൽ കൂടുതൽ ആശ്രയിക്കേണ്ടി വരുന്നു എന്നതിൽ അത്ഭുതമൊന്നുമില്ല... മാത്രമല്ല, പിന്തിരിപ്പൻ ബൂർഷ്വാദേശീയ വാദമെന്നത് ബൂർഷ്വാ ലോകവീക്ഷണത്തിന്റെ പ്രകാശനവും ബൂർഷ്വാ താല്പര്യങ്ങൾക്കു വേണ്ടി ജനങ്ങളുടെ ദേശസ്നേഹവികാരത്തെ ചൂഷണം ചെയ്യാൻ ചൂഷകരുടെ കയ്യിലുള്ള ആയുധവും ആയിരിക്കെത്തന്നെ, തൊഴിലാളി വർഗ്ഗ സാർവ്വദേശീയതയാൽ നയിക്കപ്പെടുന്ന ദേശസ്നേഹമെന്നത് മുതലാളിത്ത സാമ്രാജ്യത്വ ചൂഷണത്തിൽ നിന്നു മോചനം നേടുവാൻ ചൂഷിതരായ ജനങ്ങളുടെ കൈയിലെ ശക്തമായ ആയുധവുമാണ്. സാമൂഹിക പുരോഗതിയുടെ മുന്നിലെ തടസ്സമായി നിൽക്കുന്ന കാലഹരണപ്പെട്ട മുതലാളിത്ത ഭരണക്രമം നിലനിർത്താനുള്ള ബൂർഷ്വാസിയുടെ സ്വാർത്ഥ താല്പര്യത്തിൽ നിന്നാണ് പിന്തിരിപ്പൻ ബൂർ

**വർഗ്ഗസമരത്തിന്റെയും തൊഴിലാളിവർഗ്ഗ സാർവ്വദേശീയതയുടെയും ദർശനങ്ങൾക്കെതിരായി ജനമനസ്സുകളിൽ വിഷം കുത്തിവയ്ക്കുന്നതിനായി മുതലാളിത്തത്തിന്റെ കൈയിലുള്ള ശക്തമായ ഉപകരണങ്ങളിൽ എല്ലാക്കാലത്തും പ്രധാനം ദേശീയഭ്രാന്തു തന്നെയായിരുന്നു.**



ഷ്വാ ദേശീയവാദം ഉദയം ചെയ്യുന്നതെങ്കിൽ തൊഴിലാളിവർഗ്ഗ സാർവ്വദേശീയതയാൽ കരുത്തേകപ്പെട്ട ദേശസ്നേഹം ജനങ്ങളോടുള്ള സ്നേഹത്തിന്റെ ഉറവിടത്തിൽ നിന്നൊഴുകുകയും പുരോഗതിയ്ക്കു മുന്നിലെ എല്ലാ തടസ്സങ്ങളേയും തകർത്തെറിയാൻ ലക്ഷ്യമിടുകയും ചെയ്യുന്നു. അതിനാൽഫാസിസത്തിനു ജനങ്ങളുടെ ശരിയായ ദേശസ്നേഹവികാരത്തെ അംഗീകരിക്കാൻ കഴിയില്ല. *(മേൽ കൃതി)*

● "മതത്തെ രാഷ്ട്രീയവുമായി സംയോജിപ്പിക്കുവാനുള്ള ശ്രമങ്ങൾ...യുക്തി ചിന്തക്കെതിരായ ആത്മീയ വിശ്വാസങ്ങളുടേയും പ്രകൃത്യാതീത ആശയങ്ങളുടേയും പ്രചാരണത്തെ സഹായിക്കുകയാണു ചെയ്യുന്നത്. ഇന്നു മതപരമായ മിക്കവാറും ഉത്സവങ്ങൾക്കു മുൻകൈയെടുക്കുന്നവർ പൂജാരിമാരോ പുരോഹിതരോ ഒന്നുമല്ല, മറിച്ച് നമ്മുടെ രാജ്യത്തെ രാഷ്ട്രീയനേതാക്കന്മാരെന്നു പറയപ്പെടുന്നവരാണ്... ഭരണകൂടസ്വഭാവത്തെ സംബന്ധിച്ച പരമാധികാരസിദ്ധാന്തം, അന്യോന്യം പോരടിക്കുന്ന വർഗ്ഗങ്ങൾക്കിടയിൽ വർഗ്ഗസമരത്തിനു പകരം വർഗ്ഗസഹകരണത്തിന്റെ തത്ത്വം, ആഗോളമാനവവാദത്തിന്റെ പേരിൽ തൊഴിലാളിവർഗ്ഗ സാർവ്വദേശീയതയുടെ ഫലത്തിലുള്ള നിരാകരണം, ദേശീയഭ്രാന്തിന്റെ പ്രചാരണം, ഇതിനൊക്കെ പുറമേ ദേശീയപാരമ്പര്യം ഉയർത്തിക്കാട്ടി പുനരുത്ഥാനവാദത്തോടുള്ള ആഭിമുഖ്യം തുടങ്ങിയ അധമമായ ബൂർഷ്വാ പെറ്റിബൂർഷ്വാ ആശയങ്ങളുടെ തടസ്സമില്ലാത്ത പ്രചാരണം നമ്മുടെ രാജ്യത്തെ പുതു ഫാസിസ്റ്റ് സംസ്കാരത്തിന്റെ സവിശേഷ ലക്ഷണമായി മാറിയിരിക്കുന്നു... ഇവയെക്കൂടാതെ സമ്പൂർണ്ണ ഫാസിസത്തിന്റെ വികാസം ഏതൊരു നാട്ടിലും അസാധ്യമാണ്... കാരണം അന്ധമായ വിധേയത്വവും യാന്ത്രികമായ അച്ചടക്കത്തെക്കുറിച്ചുള്ള ബോധവും എല്ലാത്തരത്തിലുമുള്ള മുൻവിധികളുമെല്ലാം ഫാസിസത്തിന്റെ അടിസ്ഥാനമാണ്." *(Crisis in Cuture and Fascism, SW Vol. IV)*

● "യുക്തിവിചാരം, ചിന്തയുടെ പരിപോഷണം ഇവയെല്ലാം നമ്മുടെ രാജ്യത്തുനിന്നപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. അന്ധമായ വിധേയത്വത്തിനുള്ള പ്രവണതയോടൊപ്പം യുക്തിയുടേയും ന്യായവിചാരത്തിന്റേയും അഭാവവും പ്രകടമായ മനോഘടന, ആത്യന്തികമായി വിനാശകരമായ ഫാസിസത്തിന്റെ ആവിർഭാവത്തിനു വഴിയൊരുക്കും." *(Danger from Left Opportunism in Runnig a United Front Government, SW Vol.IV)*

● "ഫാസിസത്തെക്കുറിച്ചുള്ള നമ്മുടെ പാർട്ടിയുടെ വിശകലനത്തിലെ ഒരു സുപ്രധാന വിഷയത്തെക്കുറിച്ച് 1949 മുതൽ നാം സൂചിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഭരണ നിർവ്വഹണ സംവിധാനത്തിന്റെ കടുത്ത മർദ്ദക സ്വഭാവം, ഏതെങ്കിലും വിധത്തിലുള്ള സ്വേച്ഛാധിപത്യം ഇവയെ ഫാസിസമായി കണക്കാക്കുന്ന നിരവവധി ആളുകളുണ്ട്. സ്വേച്ഛാധിപത്യമെന്നതു ചിലപ്പോൾ സൈനിക സ്വേച്ഛാധിപത്യമായിരിക്കാം; ഒരു അട്ടിമറിയിലൂടെ വന്നതാകാമെന്നും നാമോർക്കണം. അതുമല്ല, ഏതൊരു ജനവിരുദ്ധ ഭരണനിർവ്വഹണ സംവിധാനത്തിലും പീഡനവും അടിച്ചമർത്തലുമുണ്ടാകുകയും കോളനി രാജ്യങ്ങളിൽ സാമ്രാജ്യത്വ രാഷ്ട്രങ്ങൾ പീഡനവും അടിച്ചമർത്തലും അടിച്ചേൽപ്പിക്കുകയും ചെയ്യും. പക്ഷേ ഫാസിസം അതിനേക്കാളൊക്കെ വിനാശകരമായ ഒന്നാണ്. കേവലം അടിച്ചമർത്തൽ കൊണ്ടു മാത്രം രാജ്യത്തിന് അത്ര നാശങ്ങൾ സംഭവിക്കുകയില്ല." *(Fascism and Moral Fascism and Moral Ethical Crisis in Left Democratic Movement, SW Vol.IV)*

● "നമ്മുടെ രാജ്യത്തു നിലവിലുള്ള പാർലമെന്ററി ജനാധിപത്യ സംവിധാനത്തേയും ഇന്ത്യൻ മുതലാളിത്തത്തിന്റെ പ്രായേണ പിന്നോക്കമായ അവസ്ഥയേയും ചൂണ്ടിക്കാട്ടി 'നമ്മുടേതു

പോലെ അവികസിതമായ ഒരു രാജ്യത്തു ഫാസിസം വളർന്നു വരില്ല' എന്ന അയഥാർത്ഥ സിദ്ധാന്തത്തിന്റെ പ്രതിരോധ കവചമണിയുന്നവർ, ഈ പ്രതിഭാസം കാണുന്നില്ലെന്നു മാത്രമല്ല ദേശീയൈക്യത്തിന്റേയും ദേശീയപാരമ്പര്യത്തിന്റേയും യാന്ത്രികമായ അച്ചടക്കത്തിന്റേയും സമാധാനവാദത്തിന്റേയും മുദ്രാവാക്യങ്ങളുയർ ത്തിക്കൊണ്ട്, സ്വയമറിയാതെ ഫാസിസ്റ്റ് വീക്ഷണത്തിന്റെ സ്വാധീനം പ്രചരിപ്പിക്കുന്നതിനെ സഹായിക്കുകയുമാണു ചെയ്യുന്നത്. ഫാസിസമെന്നതു നഗ്നമായ സ്വേച്ഛാധിപത്യം മാത്രമാണെന്നു കരുതുന്ന ഇവരിൽ പലർക്കും ഫാസിസത്തിന്റെ സ്വഭാവത്തെക്കുറിച്ചുള്ള ചരിത്രപരവും ശാസ്ത്രീയവുമായ ധാരണയില്ല. പാർലമെന്ററി ജനാധിപത്യത്തിന്റെ മേലാപ്പിനുള്ളിലും സമ്പൂർണ്ണ ഫാസിസം സ്ഥാപിതമാകാമെന്നവർക്കു മനസ്സിലാകുന്നില്ല. അല്ലെങ്കിൽ രണ്ടാം ലോകയുദ്ധത്തിൽ പരാജയപ്പെട്ടിട്ടും ഫാസിസം പൂർണ്ണമായി തകർക്കപ്പെടുകയോ ഇല്ലാതാക്കപ്പെടുകയോ ചെയ്തിട്ടില്ല എന്നവർക്കു മനസ്സിലാകുമായിരുന്നു. മുതലാളിത്ത കമ്പോളത്തിനു സമാന്തരമായി ഒരു സോഷ്യലിസ്റ്റ് കമ്പോളം സൃഷ്ടിക്കപ്പെട്ടതിന്റെ അനിവാര്യ ഫലമെന്നോണം ഫാസിസമെന്നത് എല്ലാ മുതലാളിത്ത രാജ്യങ്ങളുടേയും സവിശേഷ ലക്ഷണമായി മാറിയിരിക്കുന്നു." *(Crisis in Cuture and Fascism, SW Vol.IV)*

● "ഫാസിസമെന്നതു മുതലാളി വർഗ്ഗത്തിന്റെ നഗ്നമായ സ്വേച്ഛാധിപത്യം മാത്രമാണ് എന്ന ലളിത നിർവ്വചനത്തിനു പുറത്തുള്ള തങ്ങളുടെ വ്യാഖ്യാനങ്ങളെ ആധാരമാക്കുന്നതുവഴി അവർ, സൈനിക സ്വേച്ഛാധിപത്യം തൊട്ട് ഏതൊരു സ്വേച്ഛാധിപത്യത്തേക്കാളും അപകടകരമാണ് ഫാസിസം എന്നു മനസ്സിലാക്കുന്നതിൽ പരാജയപ്പെടുന്നു. കപട പുരോഗമന മുദ്രാവാക്യങ്ങളുടെ മറയിൽ, വിപ്ലവ തൊഴിലാളിവർഗ്ഗത്തിനെതിരെ ബൂർഷ്വാസിക്കു വേണ്ടി ദേശീയൈക്യം നേടിയെടുക്കാൻ ശ്രമിക്കുന്നതും ഏതാണ്ടെല്ലാ സംഭവങ്ങളിലും ഫാസിസം തികച്ചും വഞ്ചനാത്മകമായ നിലയിൽ പ്രത്യക്ഷപ്പെടുന്നതും അവർക്കു മനസ്സിലാകാതെ പോകുന്നു. സാമൂഹിക രാഷ്ട്രീയ ജീവിതത്തിൽ ദൃശ്യമാകുന്ന ഫാസിസത്തിന്റെ പ്രത്യയ ശാസ്ത്രപരമായ വേരുകളും സ്വയം സംഘടിക്കാനും മുന്നോട്ടു പോകാനും ഫാസിസ്റ്റുകളെ പ്രാപ്തരാക്കുന്ന നിശ്ചിതമായ ദാർശനിക വീക്ഷണവും വിവിധ കമ്യൂണിസ്റ്റ് പാർട്ടികൾ കണക്കിലെടുത്തിട്ടേയില്ല; മറ്റു വിധത്തിൽ പറഞ്ഞാൽ, ഫാസിസം അതിന്റെ പ്രത്യയശാസ്ത്ര തലത്തിൽ നിലനിർത്തിയിരുന്ന ചരിത്രപരമായ തുടർച്ചയെ കാണാനവർക്കു കഴിഞ്ഞില്ല.

**ഏതുമാർഗ്ഗമാണു തങ്ങൾ സ്വീകരിക്കേണ്ടതെന്നു നമ്മുടെ രാജ്യത്തെ പണിയെടുക്കുന്ന ദശലക്ഷങ്ങൾ അന്തിമമായി തീരുമാനിക്കേണ്ടിയിരിക്കുന്നു. പാർലമെന്ററി വ്യാമോഹത്തിന്റെ പാതയിലൊലിച്ചു പോകാനോ ഫാസിസത്തിന്റെ ഉയരുന്ന തിരയിൽപ്പെട്ടു നിരാലംബരായി ഉഴലാനോ സ്വയമനുവദിക്കണോ അതോ വിജയകരമായ സോഷ്യലിസ്റ്റു വിപ്ലവത്തിനായി തയാറെടുക്കണമോ എന്ന തീരുമാനം.**

സാമ്പത്തിക രാഷ്ട്രീയ മുന്നണികളിൽ എത്ര തീവ്രമായ സമരം നടത്തിയെന്നാലും ഫാസിസത്തിനെതിരേയുള്ള പ്രത്യയ ശാസ്ത്രസമരം നടത്തേണ്ടതിന്റെ പ്രായോഗികാവശ്യകതയെ അംഗീകരിക്കാതിരുന്നതിനാൽ അവരുടെ എല്ലാ ശ്രമങ്ങളും ത്യാഗങ്ങളും ദേശീയതാ ഭ്രാന്തന്മാർക്കെതിരെയുള്ള ഭാഗികവും ഏകപക്ഷീയവുമായ ആക്രമണങ്ങൾ മാത്രമായി ചുരുങ്ങിപ്പോയിരിക്കുന്നു." *(Socialist Unity Vol.1, No.9, 1 September 1951)*

● "ഏതു മാർഗ്ഗമാണു തങ്ങൾ സ്വീകരിക്കേണ്ടതെന്നു നമ്മുടെ രാജ്യത്തെ പണിയെടുക്കുന്ന ദശലക്ഷങ്ങൾക്ക് അന്തിമമായി തീരുമാനിക്കേണ്ടിയിരിക്കുന്നു. പാർലമെന്ററി വ്യാമോഹത്തിന്റെ പാതയിലൊലിച്ചു പോകാനോ ഫാസിസത്തിന്റെ ഉയരുന്ന തിരയിൽപ്പെട്ടു നിരാലംബരായി ഉഴലാനോ സ്വയമനുവദിക്കണോ അതോ വിജയകരമായ സോഷ്യലിസ്റ്റു വിപ്ലവത്തിനായി തയ്യാറെടുക്കണമോ എന്ന തീരുമാനം. ഇതിലേതെങ്കിലുമൊന്നവർക്കു സ്വീകരിച്ചേ മതിയാവൂ, കാരണം മറ്റൊരു മധ്യ മാർഗ്ഗമില്ല. പിന്തിരിപ്പൻ ബൂർഷ്വാ ദേശീയവാദത്തിൽ നിന്നു തീർത്തും വ്യത്യസ്തമായ യഥാർത്ഥ ദേശസ്നേഹത്തിന്റേയും തൊഴിലാളിവർഗ്ഗ സാർവ്വദേശീയതയുടേയുമടിസ്ഥാനത്തിൽ വികസിച്ചു വരുന്ന ജനങ്ങളുടെ സംഘടിത സമരങ്ങൾക്കും ജനങ്ങൾക്കും മാത്രമാണ്, അടുത്തു കൊണ്ടിരിക്കുന്ന മഹാദുരന്തത്തിന്റെ തിരകളെ പ്രതിരോധിക്കാനും, ഇന്ത്യൻ ഫാസിസത്തിന്റെ വളർച്ചയേയും ത്വരിത വികാസത്തേയും തടയാനും സാധിക്കൂ. വിപ്ലവസിദ്ധാന്തത്താൽ സായുധമായതും ലെനിനിസ്റ്റു സംഘടനാ തത്ത്വങ്ങൾക്കനുസരിച്ച് സംഘടിക്കപ്പെട്ടതുമായ ഒരു വിപ്ലവതൊഴിലാളി വർഗ്ഗ പാർട്ടിക്കു മാത്രമാണ് ബൂർഷ്വാസിയെ അധികാരത്തിൽ നിന്നു പുറത്താക്കുകയും തൊഴിലാളിവർഗ്ഗം അധികാരം പിടിച്ചടക്കുകയുമെന്ന യുക്തിപരമായ പരിണതിയിലേക്ക് ഈ സമരങ്ങളെ നയിക്കാൻ കഴിയൂ. .. .നമ്മൾ ജീവിക്കുന്ന ഈ കാലഘട്ടം ഉറന്നവർഗ്ഗ സംഘട്ടനങ്ങളുടേയും തൊഴിലാളി വർഗ്ഗത്തിന്റെ വിപ്ലവകരമായ മുന്നേറ്റങ്ങളുടേയും തൊഴിലാളിവർഗ്ഗവിപ്ലവത്തിന്റെയും സാമ്രാജ്യത്വത്തെ കടപുഴക്കി തൊഴിലാളി വർഗ്ഗം അധികാരം പിടിച്ചടക്കാൻ ശക്തിസംഭരിക്കുന്നതിന്റേയും കാലഘട്ടമാണ്. ഈ കാലഘട്ടത്തിൽ തൊഴിലാളി വർഗ്ഗത്തിനു നേരിടാനുള്ളത് പുതിയ കർത്തവ്യങ്ങളാണ്, വിപ്ലവകരമായ ദിശയിൽ എല്ലാ പാർട്ടി പ്രവർത്തനങ്ങളേയും പുന: സംവിധാനം ചെയ്യേണ്ട കർത്തവ്യം; അധികാരത്തിനായുള്ള വിപ്ലവ സമരങ്ങളുടെ ഓജസ്സിൽ തൊഴിലാളികളെ വിദ്യാഭ്യാസം ചെയ്യിക്കേണ്ട കർത്തവ്യം; കരുതൽ ശക്തികളെ തയ്യാറെടുപ്പിക്കാനും വളർത്തിയെടുക്കാനുമുള്ള കർത്തവ്യം; അയൽ രാജ്യങ്ങളിലെ തൊഴിലാളി വർഗ്ഗമായുള്ള സഖ്യം സ്ഥാപിച്ചെടുക്കാനുള്ള കർത്തവ്യം; കോളനികളിലേയും ആശ്രിതരാജ്യങ്ങളിലേയും വിമോചനപ്പോരാട്ടങ്ങളുമായി ദൃഢബന്ധം സ്ഥാപിച്ചെടുക്കാനുള്ള കർത്തവ്യം അങ്ങനെ നിരവധി. സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യയാണ് ആ പാർട്ടി. ഈ പുതിയ തരം പാർട്ടിക്കു വേണ്ടുന്ന എല്ലാ സവിശേഷതകളുമുള്ള പാർട്ടി, അതു ചെറുതാണെങ്കിൽപ്പോലും. ഫലപ്രദമായ ഒരു പാർട്ടിയായി വളർന്നു വരാൻ അതിനെ സഹായിക്കുക. ഇതാണ് കാലഘട്ടത്തിന്റെ ആഹ്വാനം." *(Call of the Your, SW Vol.II)* ■

## എൻ.ഇ.പി 2020

# ഫാസിസത്തിന്റെ ചക്രവ്യൂഹത്തിലേയ്ക്ക് രാജ്യം നിപതിക്കുന്നു

**മഹാനായ സാഹിത്യകാരൻ ടോൾസ്റ്റോയി ഒരിക്കൽ പറഞ്ഞു, ജനങ്ങളുടെ അജ്ഞതയിലാണ് ഭരണാധികാരികളുടെ ശക്തി കുടികൊള്ളുന്നത് എന്ന്. എത്ര ഉൾക്കാഴ്ചയോടെയാണ് അദ്ദേഹമത് പറഞ്ഞതെന്ന് പുതിയ ദേശീയ വിദ്യാഭ്യാസ നയം 2020 ഒരാവർത്തികൂടി തെളിയിക്കുന്നു. അജ്ഞതയുടെ കവാടങ്ങൾ മലർക്കെ തുറന്നുകൊടുക്കുന്നതാണ് എൻ.ഇ.പി 2020 എന്ന് ഏറ്റവും സംക്ഷിപ്തമായ ഭാഷയിൽ പറയാം.**

വിദ്യാഭ്യാസത്തിന്റെ സർവ്വാംഗീകൃതമായ എല്ലാ തത്വങ്ങളെയും നിഷ്ക്കരുണം ബലികഴിച്ചുകൊണ്ടാണ് ഡോ. കസ്തൂരിരംഗൻ കമ്മീഷൻ കേന്ദ്ര മോദി സർക്കാരിനായി ഇത്തരമൊരു നയരേഖ പരുവപ്പെടുത്തിയത്. അതിൽ മൗലികമായി പുതിയ നിർദ്ദേശങ്ങളില്ല. ദശാബ്ദങ്ങളായി ഇന്ത്യയിൽ നടപ്പാക്കിവരുന്ന ആഗോള വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളുടെ കറകളഞ്ഞ പിന്തുടർച്ച മാത്രമാണ് ഓരോ നിർദ്ദേശങ്ങളിലും തെളിയുന്നത്.

കോവിഡ് മഹാമാരി പടരുമ്പോൾ, പാർലമെന്റിൽപോലും ചർച്ച നടത്താതെയും അക്കാദമിക ലോകത്തിന്റെ എതിർപ്പുകൾ പരിഗണിക്കാതെയുമാണ് കേന്ദ്രസർക്കാർ ഏകപക്ഷീയമായി പുതിയ വിദ്യാഭ്യാസ നയം പ്രഖ്യാപിച്ചത്. അതിനെ ചരിത്രപരമെന്നും ഇന്ത്യയിലെ വിദ്യാഭ്യാസരംഗത്തെ ഉടച്ചുവാർക്കാൻ കഴിയുന്നതെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി വിശേഷിപ്പിക്കുന്നതായും ആർ.എസ്.എസ് നൽകിയ നിർദ്ദേശങ്ങളിൽ 80 ശതമാനവും സ്വീകരിക്കപ്പെട്ടുവെന്നും ആ സംഘടനയുടെ ഒരു നേതാവും അവകാശം ഉന്നയിച്ചു. യഥാർത്ഥത്തിൽ, ചരിത്രപരമെന്ന് വിശേഷിപ്പിക്കണമെങ്കിൽ പുരോഗതിയിലേയ്ക്ക് നയിക്കുന്ന ഏതെങ്കിലും ഒരു നയം പുതുതായി അവതരിപ്പിക്കപ്പെടണം. അങ്ങനെയുണ്ടായിട്ടില്ല. കഴിഞ്ഞ രണ്ട് ദശാബ്ദക്കാലമായി ഇന്ത്യയിൽ തുടർച്ചയായി നടപ്പാക്കിവരുന്ന സ്വകാര്യവൽക്കരണ, വാണിജ്യവൽക്കരണ നയങ്ങളോടൊപ്പം ലോക കുത്തകകൾക്കായി ഇന്ത്യൻ വിദ്യാഭ്യാസ രംഗം പൂർണ്ണമായി തുറന്നുകൊടുക്കുന്ന നയങ്ങളും മാറിമാറി വരുന്ന സർക്കാരുകൾ അനുവർത്തിക്കുന്ന കാര്യങ്ങളാണ്. മതേതര വീക്ഷണം പാടേ ഒഴിവാക്കാനുള്ള നിർദ്ദേശങ്ങൾ സംഘപരിവാർ മുന്നോട്ടുവെച്ചത് കൂടി സ്വീകരിച്ചുവെന്നല്ലാതെ ഡോ.കസ്തൂരി രംഗൻ എഴുതിയ റിപ്പോർട്ടിൽ ഇന്ത്യൻ വിദ്യാഭ്യാസത്തെ സഹായിക്കുന്ന ഏതെങ്കിലുമൊരു നിർദ്ദേശം കണ്ടെത്താനാവില്ല. കബളിപ്പിക്കാനായി ഗുണമേന്മ, സാർവ്വത്രികത, ലഭ്യത എന്നൊക്കെയുള്ള പദാവലികൾ ഉപയോഗിച്ചിട്ടുണ്ടെന്ന് മാത്രം. എന്നാൽ, വിദ്യാഭ്യാസമെന്ന പദംപോലും വഴിതെറ്റിയ്ക്കാൻ വേണ്ടി മാത്രമാണ് അങ്ങേയറ്റം കാപട്യപൂർണ്ണമായ ഈ നയത്തിൽ ഇടംപിടിച്ചിട്ടുള്ളത്.

യഥാർത്ഥ വിദ്യാഭ്യാസം പ്രദാനം ചെയ്യാനായി എന്തെങ്കിലുമൊരു നിർദ്ദേശമില്ലായെന്ന് മാത്രമല്ല രേഖയിൽ വ്യക്തമാക്കുന്നതുപോലെ കമ്പോളത്തിന് അനുയോജ്യമായ കോഴ്സുകളും പരിശീലനമുറകളും സ്വീകരിക്കാനാണ് ഇന്ത്യയിലെ സകലമാന വിദ്യാഭ്യാസ സ്ഥാപനങ്ങളോടും ദേശീയ നയം ആവശ്യപ്പെടുന്നത്. അതുകൊണ്ട് തന്നെ നൈപുണി വികസനം (Skill Development)സാധ്യമാക്കാനായി തൊഴിലധിഷ്ഠിത വിദ്യാഭ്യാസം 6-ാം ക്ലാസ് മുതൽ ആരംഭിയ്ക്കണമെന്ന് നയം നിർദ്ദേശിക്കുന്നു. പക്ഷേ, അടിസ്ഥാന അക്കാദമിക വിദ്യാഭ്യാസം പ്രാഥമിക ക്ലാസ്സിൽ ലഭ്യമാക്കാൻ ഒരു നിർദ്ദേശവുമില്ല എന്ന് മാത്രമല്ല ഒന്നാം ക്ലാസും രണ്ടാം ക്ലാസും പ്രീ-പ്രൈമറിയുടെ ഭാഗമാക്കുന്നതോടെ അവ ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമല്ലാതായി മാറുകയും ചെയ്യുന്നു. അഥവാ ആ ഘട്ടത്തിൽ എഴുത്തും വായനയും ഔപചാരികമായി ആരംഭിക്കാനുള്ള സാധ്യത തടയപ്പെടുകയാണ്. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെ ശക്തിപ്പെടുത്താൻ എന്ന കാപട്യ

പൂർണ്ണമായ മുദ്രാവാക്യം അവതരിപ്പിച്ച് കബളിപ്പിച്ചുകൊണ്ടാണ് ഒന്നും രണ്ടും ക്ലാസ്സ് പഠനത്തെ കൗശലപൂർവ്വം ഒഴിവാക്കുന്നത്. എന്തിനേറെ, പ്രീ-പ്രൈമറി പോലും ഈ നയപ്രകാരം പ്രതിസന്ധിയിലാകും. എന്തുകൊണ്ടെന്നാൽ, പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെ അങ്കണവാടികളിലെ ആദ്യകാല ശിശുപരിപാലനവുമായി ബന്ധിപ്പിച്ച് അവയുടെ ചുമതലകൾ അങ്കണവാടികളുടെ മേൽ ചാർത്തി സർക്കാർ രക്ഷപ്പെടുകയാണ് ചെയ്യുന്നത്.

ആറാം ക്ലാസ്സ് മുതലുള്ള തൊഴിലധിഷ്ഠിത പഠനം നമ്മുടെ വിദ്യാർത്ഥികൾ എഴുത്തും വായനയും നേടുന്നത് തടയാനാണ് എന്ന് കരുതേണ്ടിയിരിക്കുന്നു. നൈപുണി നൽകുന്നുവെന്ന പേരിൽ പ്രാദേശികമായ കൈത്തൊഴിൽ പരിശീലനം അഭ്യസിപ്പിക്കാനാണ് സർക്കാർ ലക്ഷ്യം വെയ്ക്കുന്നത്. വാർഷിക പരീക്ഷകൾ ഒഴിവാക്കുന്നതും 5-ാം ക്ലാസിലും 8-ാം ക്ലാസിലും മാത്രമായി പരീക്ഷകൾ ചുരുക്കുന്നതും താഴ്ന്ന ക്ലാസുകളിൽ വെച്ചുതന്നെ വിട്ടുതൽ നൽകി പരമാവധി പേരേ പുറത്താക്കാനാണ്.

അവശേഷിക്കുന്നവർക്കാകട്ടെ, 8-ാം ക്ലാസ് മുതൽ ട്രേഡ് പരിശീലിക്കാനുള്ള കോഴ്സുകൾ നിർദ്ദേശിക്കുകയും ചെയ്യുന്നു. ഹയർസെക്കണ്ടറി വിദ്യാഭ്യാസത്തെ എന്നെന്നേക്കുമായി ഈ നയം അവസാനിപ്പിക്കുന്നു. പകരം, അക്കാദമികമായിരുന്ന പ്ലസ്ടു ഘട്ടത്തെക്കൂടി സെക്കണ്ടറിയാക്കിതൊഴിലധിഷ്ഠിത ധാരയിലേയ്ക്ക് വഴിതിരിച്ചുവിടുന്നു. അത്തരം വിനാശകരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു. പദ്ധതി നടപ്പാക്കാനായിട്ടാണ് ഘടനയിൽ സമൂലമായ മാറ്റം - 5+3+3+4 - എൻ.ഇ.പി 2020 കൊണ്ടുവന്നത്.


10+2 സമ്പ്രദായം പോരായ്മകൾ നിറഞ്ഞതാണെങ്കിലും അടിസ്ഥാന സ്കൂൾ വിദ്യാഭ്യാസത്തിന് അനുയോജ്യമായ ഘടനയായിരുന്നു. അക്കാദമിക ലോകത്തിന്റെ അതിശക്തമായ എതിർപ്പുകളെ മറികടന്നുകൊണ്ടാണ് അശാസ്ത്രീയവും വിദ്യാഭ്യാസവിരുദ്ധവുമായ ഇത്തരമൊരു ഘടനയ്ക്ക് മോദി സർക്കാർ രൂപം നൽകിയത്. ഔപചാരികമായ ബോധനം- അധ്യാപകൻ, പഠനം, പരീക്ഷ, പാഠപുസ്തകം തുടങ്ങിയ എല്ലാ ഘടകങ്ങളെയും അനൗപചാരികമാക്കിയ ഡി.പി.ഇ.പി യിൽ ആരംഭിച്ച പാഠ്യപദ്ധതിയുടെ ഒരു ക്രോഡീകൃത രൂപമാണ് എൻ.ഇ.പി അവതരിപ്പിക്കുന്ന 'പുതിയ' പഠന സമ്പ്രദായം.

**പാർലമെന്റിൽ ചർച്ച നടത്താതെയും അക്കാദമിക ലോകത്തിന്റെ എതിർപ്പുകൾ പരിഗണിക്കാതെയും ഏകപക്ഷീയമായാണ് കേന്ദ്രസർക്കാർ പുതിയ വിദ്യാഭ്യാസ നയം പ്രഖ്യാപിച്ചിരിക്കുന്നത്. രണ്ട് ദശാബ്ദത്തിലേറെയായി ഇന്ത്യയിൽ തുടർച്ചയായി നടപ്പാക്കിവരുന്ന സ്വകാര്യവൽക്കരണ, വാണിജ്യവൽക്കരണ നയങ്ങളോടൊപ്പം ലോകകുത്തകകൾക്കായി ഇന്ത്യൻ വിദ്യാഭ്യാസ രംഗം സമ്പൂർണ്ണമായി തുറന്നുകൊടുക്കുന്ന പുതിയ വിദ്യാഭ്യാസനയം.**

### മാതൃഭാഷയും അധ്യാപനവും-രണ്ടും വികലമാക്കപ്പെട്ടു.

അഞ്ചാംക്ലാസ് മുതൽ മാതൃഭാഷയിലൂടെമാത്രം ബോധനം എന്നതും കാപട്യമാണ്. മാതൃഭാഷാ പഠനത്തെ പ്രോത്സാഹിപ്പിക്കണമെങ്കിൽ അടിസ്ഥാന ക്ലാസുകളിൽ ഭാഷ പഠിപ്പിക്കണം. അതിനായി അധ്യാപകർ വേണം. ഭാഷാനൈപുണി വളർത്താൻ സഹായിക്കുന്ന ബോധനരീതികൾ നിർബന്ധമായും വേണം. എന്നാൽ, മൂന്നാം ക്ലാസിൽ പോലും ഭാഷ പഠിപ്പിക്കാൻ പ്രത്യേകം അധ്യാപകരെ നിർദ്ദേശിയ്ക്കാത്ത എൻ.ഇ.പി 2020 പാഠപുസ്തകബന്ധിത പഠനത്തെയും പ്രോത്സാഹിപ്പിക്കുന്നില്ല. കളിയിലൂടെ പഠനം, പഠനഭാരം കുറയ്ക്കൽ, വിനോദോപാധികൾ വളർത്തൽ, പ്രവർത്തനാധിഷ്ഠിത പഠനം എന്നൊക്കെയുള്ള നിരക്ഷരത വളർത്തി പരാജയമടഞ്ഞ ഡി.പി.ഇ.പി യുടെ വികലരീതികൾ വീണ്ടും പുതിയതെന്ന മട്ടിൽ അവതരിപ്പിക്കുകയാണ്. ഭാഷ പഠിക്കില്ലായെന്ന് ഉറപ്പാക്കാനാണ് ആ കരുനീക്കങ്ങൾ.

മറ്റൊരു അപകടകരമായ പൊളിച്ചെഴുത്ത് അധ്യാപകരെ സംബന്ധിക്കുന്ന കാര്യത്തിലാണ് സ്ഥിരാധ്യാപകർ എന്ന സങ്കൽപ്പത്തെ പരിപൂർണ്ണമായി ഒഴിവാക്കിക്കൊണ്ടുള്ള നിർദ്ദേശങ്ങളാണ് എൻ.ഇ.പി 2020 മുന്നോട്ടുവെയ്ക്കുന്നത്. വിഷയബന്ധിതമായി അധ്യാപക വിദ്യാഭ്യാസം പൂർത്തിയാക്കി ബിരുദം നേടിയവരെ നിയോഗിക്കുക എന്ന ഇക്കാലമത്രയും പിന്തുടർന്ന് പോന്ന രീതികൾ എന്നെന്നേക്കുമായി നിർത്തലാക്കാനാണ് നിലവിലുള്ള അധ്യാപക വിദ്യാലയങ്ങൾ അടച്ചുപൂട്ടുമെന്ന ഭീഷണിയിൽ നിഴലിക്കുന്നത്. പകരം ബഹുവിഷയങ്ങളിൽ(മൾട്ടി ഡിസിപ്ലിനറി) ശേഷികൾ നേടിയവരെയാണ്



ആവശ്യം. നയം വിഭാവനം ചെയ്യുന്ന ഏകാധ്യാപക വിദ്യാലയങ്ങൾക്ക് വിഷയബന്ധിതമായി പ്രത്യേകം പ്രത്യേകം ബിരുദം നേടി അധ്യാപകരെ ആവശ്യമില്ലല്ലോ. പകരം, എല്ലാ വിഷയങ്ങളിലും സാമാന്യധാരണ മാത്രമുള്ള ജനറലിസ്റ്റുകളെ മാത്രമേ ആവശ്യമുള്ളൂ. അതായത് ഒരു വിഷയവും വിദ്യാർത്ഥികൾക്ക് ആഴത്തിൽ പഠിയ്ക്കാൻ കഴിയില്ലായെന്നർത്ഥം.

അതിനാണ്, മൾട്ടി ഡിസിപ്ലിനറി എന്ന പേരിൽ അശാസ്ത്രീയമായ ഉദ്ഗ്രഥനം നടത്തുകയും ആഴമാർന്ന പഠനത്തെ തടയുകയും ചെയ്യുന്നത്. അതിന്റെ പിന്നിൽ ലോകബാങ്കിന്റെ വിദ്യാഭ്യാസ വിദഗ്ധരാണുള്ളത്. അവർ, തയ്യാറാക്കിയ വികേന്ദ്രീകൃത പാഠ്യപദ്ധതിയിൽ പ്രാദേശിക പ്രസക്തമായ തൊഴിൽ പഠനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുമാത്രമാണ് എപ്പോഴും ഊന്നിപ്പറയുന്നത്. ആഗോള പണിശാലകളിലേയ്ക്ക് ആധുനിക തൊഴിൽ നൈപുണികളും പ്രാദേശിക ജനവിഭാഗങ്ങൾക്ക് കുലത്തൊഴിൽ/കൈത്തൊഴിൽ ശേഷിയും. രണ്ടും കൂടിച്ചേരുന്ന ഒരു നൈപുണ്യ വിദ്യാഭ്യാസ പദ്ധതിയാണ് എൻ.ഇ.പി 2020 എന്ന് നിസ്സംശയം പറയാം.

### ഭാഷാ നയവും അപകടകരം

ഒരു വശത്ത് ആധുനിക സാങ്കേതിക ശേഷിയാർജ്ജിച്ച ഒരു വിഭാഗത്തെയും മറുഭാഗത്ത് പ്രാദേശികമായി മാത്രം ചിന്തിക്കുന്ന, മാനവ-ജനാധിപത്യബോധം തീരെ ആർജ്ജിക്കാത്ത മറ്റൊരു വിഭാഗത്തെയും വാർത്തെടുക്കുകയെന്നതാണ് ലക്ഷ്യം. അതിനുതകുന്ന ഒരു ത്രിഭാഷാ പദ്ധതിയാണ് എൻ.ഇ.പി 2020 മുന്നോട്ടുവെയ്ക്കുന്നത്. മാതൃഭാഷയും ഇംഗ്ലീഷും പിന്നെ ഹിന്ദിയും എന്നതായിരുന്നു ഇക്കാലമത്രയും തുടർന്നുവന്ന ദേശീയ ഭാഷാ പഠനനയം. എന്നാൽ, മോദി സർക്കാർ യഥാർത്ഥത്തിൽ ഈ മൂന്ന് ഭാഷകളുടെയും പഠനത്തിൽ വിഷം കലർത്തിയിരിക്കുന്നു. മാതൃഭാഷയുടെ സ്ഥാനത്ത് പ്രാദേശിക ഭാഷയേയും ഇംഗ്ലീഷിന്റെ സ്ഥാനത്ത് സംസ്കൃതത്തെയും കടത്തിക്കൊണ്ടുവരുന്നതോടെ മാതൃഭാഷയും ഇംഗ്ലീഷും അവതാളത്തിലാകും. മാതൃഭാഷയായി ഹിന്ദി പഠിക്കുന്നവർക്കും പ്രശ്നം നേരിടേണ്ടിവരും. കാരണം, ഭാഷാഭേദത്തെ പ്രോത്സാഹിപ്പിക്കുന്ന ലോകബാങ്കിന്റെ ഭാഷാ നയം തന്നെയാണ് എൻ.ഇ.പിയും അവതരിപ്പിക്കുന്നത്. അതായത്, ഭാഷാപരമായി സർവ്വരും ദരിദ്രരായിമാറിത്തീരുമെന്നർത്ഥം. ഐച്ഛിക വിഷയമായി സംസ്കൃതത്തെ കൊണ്ടുവരുന്നത് ഇംഗ്ലീഷ് ഭാഷാപഠനത്തെ കവർന്നെടുക്കാൻ വേണ്ടിത്തന്നെയാണ്.

**ഒരു വശത്ത് ആധുനിക സാങ്കേതിക ശേഷിയാർജ്ജിച്ച ഒരു വിഭാഗത്തെയും മറുവശത്ത് പ്രാദേശികമായി മാത്രം ചിന്തിക്കുന്ന, മാനവ-ജനാധിപത്യബോധം തീരെ ആർജ്ജിക്കാത്ത മറ്റൊരു വിഭാഗത്തെയും വാർത്തെടുക്കുകയെന്നതാണ് പുതിയ നയത്തിന്റെ ലക്ഷ്യം. അതിനുതകുന്ന ഒരു ത്രി-ഭാഷാ പദ്ധതിയാണ് എൻ.ഇ.പി 2020 മുന്നോട്ടുവെയ്ക്കുന്നത്.**

അപ്പോൾ, ആധുനിക വിജ്ഞാനവുമായി ബന്ധപ്പെടാൻ സഹായിക്കുന്ന ലോകവിജ്ഞാനത്തിന്റെ ബന്ധഭാഷയായ ഇംഗ്ലീഷ് ക്രമേണ വിശേഷാവകാശം സിദ്ധിച്ച ഒരുപിടി ആളുകളുടെ മാത്രം ഭാഷയായി മാറും. ഭൂരിപക്ഷത്തിനും ഇംഗ്ലീഷ് പഠനാവസരം നിഷേധിക്കപ്പെടും. ഭാരതത്തെ വീണ്ടും മധ്യകാല ഘട്ടത്തിലേയ്ക്ക് തള്ളിവിടുന്ന പഴഞ്ചൻ ആശയങ്ങൾക്ക് പ്രാമുഖ്യം നേടാനാവണമെങ്കിൽ പുരാതന ഭാഷയായ-ആശയ വിനിമയ മേഖലയിൽ പ്പോലും ഒരു പങ്കും സംഭാവന ചെയ്യാൻ കഴിയാത്ത- സംസ്കൃതത്തെ പ്രതിഷ്ഠിക്കണമെന്ന കണക്കുകൂട്ടലിന്റെ അടിസ്ഥാനത്തിലാണ് അത്തരമൊരു നീക്കം. അതുകൊണ്ടുതന്നെയാണ്, ആധുനിക ഇന്ത്യയെ വളർത്തിയെടുക്കുന്നതിൽ ചരിത്രപരമായി പങ്ക് വഹിച്ച, അതിനായി മഹത്തായ സംഭാവനകൾ നൽകിയ, റാം മോഹൻ റോയിയും ഈശ്വരചന്ദ്ര വിദ്യാസാഗറും മുതൽ ജ്യോതിറാവു ഫൂലേയും മഹാത്മാഗാന്ധിയും നേതാജി സുഭാഷ് ചന്ദ്രബോസും മൗലാനാ അബ്ദുൽ കലാം ആസാദും വരെയുള്ളവരെ മന:പൂർവ്വം തമസ്ക്കരിച്ചിട്ടുള്ളത്. ഇന്ത്യാചരിത്രവും ഇതിന്റെ തുടർച്ചയായി ക്രമേണ മൺമറഞ്ഞുപോകുന്ന വിധത്തിലാണ് ഭാഷയുടെയും ചരിത്രത്തിന്റെയും വികലമാക്കൽ നയം രാജ്യത്തെ കൊണ്ടെത്തിക്കുക.

### സർവ്വകലാശാലകൾ വിടപറയും; ആർട്സ് ആന്റ് സയൻസ് കോളേജുകൾ സ്വാശ്രയ സ്വയംഭരണ സ്ഥാപനങ്ങളാകും

സർവ്വകലാശാലകളെ സംബന്ധിക്കുന്ന എല്ലാ സമഗ്രധാരണകൾക്കും കടകവിരുദ്ധമായി അവയെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്ന് പേരിട്ട് അവയ്ക്കുണ്ടായിരുന്ന സാപേക്ഷികമായി എല്ലാ സ്വയംഭരണാവകാശവും എടുത്തുകളഞ്ഞ് സ്വകാര്യവൽക്കരിക്കാനുള്ള മൂർത്തപദ്ധതിയാണ് എൻ.ഇ.പി 2020. ഇത് പ്രകാരം നമ്മുടെ രാജ്യത്ത് മൂന്ന് തരം സർവ്വകലാശാലകൾ പ്രവർത്തിക്കുമത്രെ! ഒന്ന് ഗവേഷണ സർവ്വകലാശാലകൾ, രണ്ട്, ടീച്ചിംഗ് സർവ്വകലാശാലകൾ, മൂന്ന്, സ്വയംഭരണ കോളേജുകൾ (അവയ്ക്കും സർവ്വകലാശാല പദവി നൽകും). സർക്കാർ/എയ്ഡഡ് കോളേജുകളും സർവ്വകലാശാലകളും 2030 -ഓടുകൂടി അടച്ചുപൂട്ടും. അതായത്, ഇന്ത്യയിൽ സ്വതന്ത്രമായി സർവ്വകലാശാലകൾ പ്രവർത്തിക്കുന്ന സാഹചര്യം ക്രമേണ അപ്രത്യക്ഷമാകുമെന്നതാണ് ഈ നയത്തിന്റെ പ്രത്യാഘാതം. അഫിലിയേഷൻ സമ്പ്രദായം അവസാനിപ്പിക്കണമെന്ന് ലോകബാങ്കും ബിർളാ-അംബാനി കമ്മിറ്റി റിപ്പോർട്ടും 2020 ആവശ്യപ്പെട്ടിരുന്നുവെന്ന കാര്യവും ഇതോടൊപ്പം കൂട്ടി വായിക്കുക.

സർവ്വകലാശാലകൾക്ക് പകരം ആ പേരിൽ വരാൻ പോകുന്നത് ഇന്ത്യയിലെയും വിദേശത്തെയും കോർപ്പറേറ്റുകൾ ഫണ്ട് ചെയ്ത് ഉടമസ്ഥാവകാശം കരസ്ഥമാക്കുന്ന സാങ്കേതിക വിദ്യാലയങ്ങൾ മാത്രമായിരിക്കും. വ്യവസായികളുടെ താൽപ്പര്യാർത്ഥമുള്ള കോഴ്സുകളും പഠന-പരിശീലന പരിപാടികളും മാത്രമാണല്ലോ ഇന്ത്യയിലെയും വിദേശത്തെയും നിക്ഷേപകർക്ക് ആവശ്യമുള്ളത്. കുറഞ്ഞ ചെലവിൽ ഒരു വലിയ തൊഴിൽ ശക്തിയെ ഉൽപാദിപ്പിക്കുക എന്നതാണ് ലോകമുതലാളിവർഗ്ഗത്തിന്റെ താൽപ്പര്യം. ഇന്ത്യയിലെ വൻകിട കുത്തകൾക്കും മറ്റൊരു താൽപര്യമില്ല. അതുകൊണ്ടാണ്, ലോകബാങ്ക് പോലെയുള്ള അന്താരാഷ്ട്ര സാമ്രാജ്യത്വ ഏജൻസികളുടെ താൽപ്പര്യങ്ങൾ ഇന്ത്യയിലെ ഭരണവർഗ്ഗത്തിന് സ്വീ

കാര്യമാവുന്നത്.

ശാസ്ത്രീയ-മതേതര-ജനാധിപത്യ ബോധത്തെ വളർത്തുന്ന വിദ്യാഭ്യാസം അവർക്ക് പേടി സ്വപ്നമാണ്. യുക്തിബോധവും ശാസ്ത്രചിന്തയുമാണ് ഭരണാധികാരികൾ ഭയപ്പെടുന്ന രണ്ട് പ്രധാന കാര്യങ്ങൾ. പൊതുഖജനാവിൽ നിന്ന് പണം മുടക്കി ജനങ്ങളെ വിജ്ഞാനമുള്ളവരാക്കുക എന്നത് ലോക സാമ്രാജ്യത്വശക്തികൾക്ക് ചിന്തിക്കാനാവില്ല. സ്വകാര്യദാതാക്കൾ വിദ്യാഭ്യാസ രംഗത്ത് കടന്നുവന്നാൽ വിജ്ഞാനത്തെ അടിസ്ഥാനപ്പെടുത്തിയ വിദ്യാഭ്യാസക്രമം വളരുന്നത് തടയാനാകും. രണ്ടാമത്, വിദ്യാഭ്യാസത്തെ വാണിജ്യവസ്തുവാക്കുകയും അതിനെ ഉപയോഗിച്ച് ഒരു കമ്പോളം നിർമ്മിക്കുകയും ചെയ്യാം. അതിനാൽ, സർക്കാരുകൾ വിദ്യാഭ്യാസ മേഖലയിൽ നിന്ന് പിന്മാറണമെന്ന് ലോകബാങ്ക് ആവശ്യപ്പെടുന്നു. കേന്ദ്ര-മോദി സർക്കാരും മറ്റെല്ലാ സർക്കാരുകളും വിദ്യാഭ്യാസ മേഖലയെ സ്വകാര്യവൽക്കരിക്കാൻ കരുക്കൾ നീക്കുന്നത് അതിനാലാണ്.

## സർക്കാർ ധനസഹായം നിലയ്ക്കും; യു.ജി.സിയെ പിരിച്ചുവിടും

ദേശീയ വിദ്യാഭ്യാസ നയരേഖയിൽ സർക്കാർ ധനസഹായത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളെക്കുറിച്ച് നിശബ്ദത പാലിക്കുന്നത് ഈ സാമ്പത്തിക, രാഷ്ട്രീയനയങ്ങളുടെ സ്വാധീനത്താലാണ്. പൊതുഖജനാവിൽ ധാരാളം പണമുണ്ട്. പക്ഷേ, വിദ്യാഭ്യാസത്തിന് പണം ചെലവഴിക്കില്ല. എന്നാൽ, ജി.ഡി.പി യുടെ 6 ശതമാനം വിദ്യാഭ്യാസ ചെലവുകൾക്ക് നീക്കിവെയ്ക്കണമെന്ന നിർദ്ദേശം നയരേഖയിലുണ്ട്. അതാണ് മറ്റൊരു കാപട്യം. നിലവിലുള്ള 2.7 ശതമാനം വിഹിതം പോലും കേന്ദ്ര സർക്കാർ വിദ്യാഭ്യാസ മേഖലയ്ക്ക് ചെലവഴിക്കേണ്ടിവരാത്ത വിധത്തിലാണ് നയത്തിലെ എല്ലാ നിർദ്ദേശങ്ങളും തയ്യാറാക്കിയിട്ടുള്ളത്. ഏറ്റവും ഒടുവിലത്തെ ബജറ്റിലും വിദ്യാഭ്യാസത്തിന് കാര്യമായി ഒന്നും നീക്കിവെച്ചില്ലല്ലോ. ഗവേഷണ പ്രവർത്തനങ്ങൾക്ക് നൽകി വന്ന ഫണ്ട് പോലും വെട്ടിക്കുറക്കുകയോ നിർത്തലാക്കുകയോ ആണ് മോദി സർക്കാർ ചെയ്തത്. ജനങ്ങളെ കബളിപ്പിക്കാനാണ് ജി.ഡി.പി യുടെ 6 ശതമാനം നീക്കിവെയ്ക്കണമെന്ന ആവശ്യം എൻ.ഇ.പി മുന്നോട്ടുവെച്ചത്. എന്നാൽ, അതേസമയം, യു.ജി.സി യെ പിരിച്ചുവിടാനും നയം ആവശ്യപ്പെടുന്നു. അപ്പോൾ, ഉന്നത വിദ്യാഭ്യാസ നടത്തിപ്പ് രംഗത്ത് കോർപ്പറേറ്റുകൾ മാത്രമായിരിക്കും അവശേഷിക്കുക. ഇന്ത്യയിലെ മാത്രമല്ല വിദേശത്തെയും കോർപ്പറേറ്റുകൾ ഇന്ത്യൻ സർവ്വകലാശാലകളെ വിഴുങ്ങും. അതിനാണ് ആദ്യപടിയായി 100 വിദേശ സർവ്വകലാശാലകൾക്ക് ഇന്ത്യയിൽ പ്രവർത്തനാനുമതി നൽകണമെന്ന് ദേശീയ വിദ്യാഭ്യാസ നയമെന്ന ഈ ദേശവിരുദ്ധ നയം ആവശ്യപ്പെടുന്നത്.

## ജനാധിപത്യ വിദ്യാഭ്യാസം തുത്തെറിയപ്പെടും; എല്ലാം കേന്ദ്രസർക്കാരിന്റെ കാൽക്കീഴിൽ കേന്ദ്രീകരിക്കപ്പെടും

ഒരു രാജ്യം, ഒരു പ്രവേശന പരീക്ഷ, ഒരു കരിക്കുലം തുടങ്ങിയ കപട മുദ്രാവാക്യങ്ങൾ വീണ്ടും ഉയർത്തികൊണ്ടാണ് കേന്ദ്ര സർക്കാർ വിദ്യാഭ്യാസ രംഗത്ത് പിടിമുറുക്കാൻ കരുക്കൾ നീക്കുന്നത്. സർവ്വകലാശാലകളിലെയും കോളേജുകളിലെയും പഠനത്തിന് കേന്ദ്രീകൃതമായി ദേശീയ തലത്തിൽ നാഷണൽ ടെസ്റ്റിംഗ് ഏജൻസി നടത്തുന്ന പ്രവേശന പരീക്ഷ പാസ്സാകണം എന്ന ഒരൊറ്റ നിർദ്ദേശം മാത്രം മതി ഈ നയം എത്രമേൽ ജനാധിപത്യവിരുദ്ധമാണ് എന്ന് തിരിച്ചറിയാൻ. ഒരു ദേശീയ പാഠ്യപദ്ധതി കേന്ദ്രതലത്തിൽ രൂപപ്പെടുത്തുമത്രെ! ഇന്ത്യ പോലെ അതിബൃഹത്തായ ദേശീയ-ഉപദേശീയ, ഭാഷാ വൈവിധ്യങ്ങൾ നിറഞ്ഞ ഒരു ഫെഡറൽ സ്റ്റേറ്റിൽ കേന്ദ്രീകൃതമായി ഒരൊറ്റ കരിക്കുലം, ഒരു ഭാഷ, ഒരു പരീക്ഷ എന്നൊക്കെ ചിന്തിക്കുന്നത് തന്നെ ഫാസിസത്തിന്റെ പ്രകടനമാണ്.

**യുക്തിബോധവും ശാസ്ത്രചിന്തയുമാണ് ഭരണാധികാരികൾ ഭയപ്പെടുന്ന രണ്ട് പ്രധാന കാര്യങ്ങൾ. പൊതുഖജനാവിൽ നിന്ന് പണം മുടക്കി ജനങ്ങളെ വിജ്ഞാനമുള്ളവരാക്കുക എന്നത് സാമ്രാജ്യത്വശക്തികൾക്ക് ചിന്തിക്കാനാവില്ല. സ്വകാര്യദാതാക്കൾ വിദ്യാഭ്യാസ രംഗത്ത് കടന്നുവന്നാൽ വിജ്ഞാനത്തെ അടിസ്ഥാനപ്പെടുത്തിയ വിദ്യാഭ്യാസക്രമം വളരുന്നത് തടയാനാകും.**

സംസ്ഥാനങ്ങൾക്കോ സർവ്വകലാശാലകൾക്കോ അക്കാദമിക രംഗത്തെ വിദഗ്ധർക്കോ ഒരു വിധ സ്വയംഭരണാവകാശവും ദേശീയ വിദ്യാഭ്യാസ നയം അനുവദിക്കില്ല. കൺകറന്റ് ലിസ്റ്റിലെ വിദ്യാഭ്യാസത്തെ അവർ കേന്ദ്ര ലിസ്റ്റിലേയ്ക്ക് മാറ്റുന്ന വിധത്തിലാണ് കേന്ദ്രീകരണ നടപടികൾ കൊണ്ടുവന്നിരിക്കുന്നത്. അതിനുവേണ്ടിയാണ്, യു.ജി.സി ഉൾപ്പെടെയുള്ള സമിതികളെ പിരിച്ചുവിടാൻ തയ്യാറെടുക്കുന്നത്. പകരം, നാഷണൽ കമ്മിഷൻ ഫോർ ഹയർ എജ്യൂക്കേഷൻ റെഗുലേറ്ററി അതോറിറ്റി എന്ന കേന്ദ്ര സ്വേച്ഛാസമിതിയെ സ്ഥാപിക്കുന്നു. ഇന്ത്യൻ ഉന്നത വിദ്യാഭ്യാസ നിയന്ത്രണം പൂർണ്ണമായി ആ സമിതിയുടെ കീഴിലായിരിക്കും. സംസ്ഥാനത്തെ സർക്കാർ വിദ്യാഭ്യാസ സമിതികൾ പോലും ഇതിലൂടെ അപ്രസക്തമായി മാറും എന്ന അത്യന്തം ഭീതിദമായ അവസ്ഥാവിശേഷമാണ് വന്നുചേർന്നിരിക്കുന്നത്.

അതോടൊപ്പം പ്രധാനമന്ത്രിയുടെ ഓഫീസ് നിയന്ത്രിക്കുന്ന ആർ.എസ്.എ(രാഷ്ട്രീയ ശിക്ഷാ ആയോഗ്) എന്ന പരമോന്നത ബ്യൂറോക്രാറ്റിക്ക് സമിതിയും നിലവിൽ വരും. ഗവേഷണ മേഖലയുൾപ്പെടെ എല്ലാ കാര്യങ്ങളുടെയും പൂർണ്ണ നിയന്ത്രണം ആർ.എസ്.എ ഏറ്റെടുക്കുമെന്ന് പറഞ്ഞാൽ രാജ്യം ഭരിക്കുന്ന പ്രത്യേക വിഭാഗത്തിന്റെ ചവിട്ടടിയിൽ വിദ്യാഭ്യാസത്തിന്റെ മാനവലക്ഷ്യങ്ങൾ കരിഞ്ഞില്ലാതാകുമെന്നർത്ഥം. സ്വതന്ത്രമായ വിദ്യാഭ്യാസ മുന്നേറ്റം, ഈ നയം നടപ്പായാൽ അവസാനിക്കും. ഇതൊരു ദശാസന്ധിയാണ്. ദശാബ്ദങ്ങൾ കൊണ്ട് നാം പടുത്തുയർത്തിയ പൊതുവിദ്യാഭ്യാസത്തിന്റെയും സ്വതന്ത്രമായ ഉന്നത വിദ്യാഭ്യാസത്തിന്റെയും അന്ത്യദിനങ്ങൾ അടുത്തുകൊണ്ടിരിക്കുന്നുവെന്ന മുന്നറിയിപ്പാണ് ഈ നയരേഖയിലെ വരികൾ ഓർമ്മിപ്പിക്കുന്നത്. അതിവേഗം സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ അപകടങ്ങളെ അവയുടെ ഭീഷണമായ രൂപത്തിൽ തിരിച്ചറിയാനും ചെറുക്കാനും കഴിയാതെ വന്നാൽ വിദ്യാഭ്യാസം സ്വപ്നം കാണാൻ പോലും നമുക്ക് കഴിയാതെ വരും. ■

## കരാർ, കൺസൾട്ടൻസി നിയമനങ്ങൾ അവസാനിപ്പിക്കുക

# ഒഴിവുള്ള എല്ലാ തസ്തികകളിലും പിഎസ്സി മുഖേന ഉടൻ സ്ഥിരനിയമനം നടത്തുക

**ദീർഘകാലത്തെ നിശബ്ദതയ്ക്കു ശേഷം തൊഴിൽരഹിതരായ യുവാക്കളുടെ പ്രതിഷേധ ശബ്ദം കേരളത്തിൽ ഉയർന്നു കേട്ടു തുടങ്ങി. ഭയാനകമായ നിലയിൽ തൊഴിലില്ലായ്മ പെരുകുമ്പോഴും അതിനെതിരെ ശക്തവും ഏകോപിതവുമായ ഒരു യുവജന പ്രക്ഷോഭം രൂപപ്പെട്ടിരുന്നില്ല. തൊണ്ണൂറുകൾക്ക് ശേഷം വ്യവസ്ഥാപിത യുവജന പ്രസ്ഥാനങ്ങൾ തൊഴിലില്ലായ്മയെ മുൻനിർത്തി വലിയൊരു പ്രക്ഷോഭം വളർത്തിയെടുക്കാൻ ശ്രമിച്ചില്ല എന്നതാണ് അതിന്റെ പ്രധാന കാരണം. എന്നാൽ, ആവശ്യകതയുടെ സമ്മർദ്ദമെന്നവണ്ണം കേരളത്തിലെ യുവ സമൂഹം ഇന്ന് സമരരംഗത്ത് അണിനിരന്നിരിക്കുന്നു.**

സ്വർണ്ണക്കടത്തു കേസിലെ പ്രതി സ്വപ്ന സുരേഷിനെ ഐ.ടി വകുപ്പിന് കീഴിൽ അനധികൃതമായി നിയമിച്ചത് യുവാക്കളുടെ ആത്മരോഷം അണ പൊട്ടി ഒഴുകുന്നതിന് ഇടവരുത്തി. ഒരു രാഷ്ട്രീയപാർട്ടിയുടെയും പിന്തുണയില്ലാതെ യുവാക്കൾ നിയമനം ആവശ്യപ്പെട്ട് പ്രതിഷേധിച്ചതോടെ, പതിറ്റാണ്ടുകൾക്കുശേഷം തൊഴിലില്ലായ്മ കേരളത്തിലെ രാഷ്ട്രീയ മണ്ഡലത്തിൽ മുഖ്യ ചർച്ചാ വിഷയമായി മാറി. യുവാക്കളുടെ തികച്ചും സ്വാഭാവികമായ പ്രതിഷേധ ശബ്ദത്തോട് ശത്രുതാപരമായ നിലപാടാണ് എൽഡിഎഫ് സർക്കാരിലെ പ്രധാന പാർട്ടിയായ സിപിഐ(എം) ഉം അവരുടെ യുവജന സംഘടന ഡിവൈഎഫ്ഐ യും സ്വീകരിച്ചത്. പാർട്ടി ചാനലും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളും ഉപയോഗിച്ച് ഉദ്യോഗാർത്ഥികളെ ആക്ഷേപിക്കാനും ഭീഷണിപ്പെടുത്താനും മേൽപ്പറഞ്ഞ പ്രസ്ഥാനങ്ങൾക്ക് മടിയുണ്ടായില്ല. എന്നാൽ, എല്ലാ പ്രതിസന്ധികളെയും അതിജീവിച്ചു കൊണ്ട് യുവാക്കൾ അതിശക്തമായ പ്രചാരണ -പ്രക്ഷോഭ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നത് പ്രതീക്ഷ നൽകുന്ന കാര്യമാണ്.

മുൻ എംപിയും സിപിഐ(എം) സംസ്ഥാന കമ്മിറ്റി അംഗവുമായ എം.ബി രാജേഷ്, സർക്കാരിനെ ന്യായീകരിച്ചു കൊണ്ട് ചെയ്ത യൂട്യൂബ് വീഡിയോയ്ക്ക് 50,000 ലൈക് ലഭിച്ചപ്പോൾ 1,27000 ഡിസ് ലൈക്കുകളാണ് കിട്ടിയത് എന്നത് യുവാക്കളുടെ പ്രതിഷേധത്തിന്റെ തീക്ഷ്ണത വെളിവാക്കുന്ന കാര്യമാണ്. ധനമന്ത്രി തോമസ് ഐസക്കിന്റെ 'ന്യായീകരണ' വീഡിയോയ്ക്കും ശക്തമായ യുവജന പ്രതിഷേധത്തെ നേരിടേണ്ടിവന്നു.

### അനധികൃത നിയമനങ്ങൾക്ക്, സമാന്തര പി.എസ്.സി

പബ്ലിക് സർവീസ് കമ്മീഷന്റെ നിയമനം പ്രതീക്ഷിച്ച് കാത്തിരിക്കുന്ന ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളാണ് കേരളത്തിലുള്ളത്. എന്നാൽ, ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യാതിരിക്കുന്നതിലൂടെ യുവാക്കളുടെ തൊ



പിഎസ്സി മുഖേന ഉടൻ സ്ഥിരനിയമനം നടത്തുക



ഭോപ്പാലിൽ തൊഴിലില്ലായ്മക്കെതിരെ എഐഡിവൈഎയുടെ മുൻകൈയിൽ സംഘടിപ്പിച്ച യുവജനമാർച്ച്. സമാധാനപരമായി നടന്ന പ്രകടനത്തിനുനേരെ പോലീസ് ക്രൂരമായ ലാത്തിച്ചാർജ്ജ് നടത്തുകയുണ്ടായി.

ഴിൽ പ്രതീക്ഷകളാണ് വാടിക്കരിയുന്നത്. തിരുവനന്തപുരം ജില്ലയിലെ കാരക്കോണം എന്ന സ്ഥലത്ത് ആത്മഹത്യ ചെയ്ത അനു എന്ന ഉദ്യോഗാർഥിയുടെ ആത്മഹത്യാകുറിപ്പിൽ തൊഴിൽരഹിതരുടെ നിസ്സഹായതകൾ വെളിവാക്കപ്പെടുന്നുണ്ട്.

*"കുറച്ചുദിവസങ്ങളായി ആഹാരം വേണ്ട. ശരീരം ഒക്കെ വേദന പോലെ, എന്തു ചെയ്യണം എന്നറിയില്ല.*
*കുറച്ചു ദിവസമായി ആലോചിക്കുന്നു, ആരുടെ മുൻപിലും ചിരിച്ച് അഭിനയിക്കാൻ വയ്യ.*

*എല്ലാത്തിനും കാരണം ജോലി ഇല്ലായ്മ, Sorry.*


അനുവിന് സിവിൽ എക്സൈസ് റാങ്ക് ലിസ്റ്റിൽ 77-ാംസ്ഥാനമുണ്ടായിരുന്നു. റാങ്ക് ലിസ്റ്റ് കാലാവധി ജൂൺ 19ന് അവസാനിച്ചു. പ്രതീക്ഷയോടെ കാത്തിരുന്ന ജോലി നഷ്ടപ്പെട്ടതിന്റെ മാനസിക സമ്മർദ്ദം താങ്ങാനാവാതെയാണ് ബിരുദാനന്തര ബിരുദധാരിയായ ആ ചെറുപ്പക്കാരൻ ജീവനൊടുക്കിയത്. എക്സൈസ് ഡിപ്പാർട്ട്മെന്റിൽ നൂറുകണക്കിന് ജീവനക്കാരെ ആവശ്യമുണ്ടെങ്കിലും ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യാത്തതാണ് ഉദ്യോഗാർഥികൾക്ക് ജോലി കിട്ടാത്തതിന്റെ കാരണം. പൊതുജനാരോഗ്യ വകുപ്പിൽ ആയിരക്കണക്കിന് ആരോഗ്യപ്രവർത്തകരെ ആവശ്യമുണ്ടെങ്കിലും നാമമാത്രമായ സ്ഥിര നിയമനങ്ങളാണ് നടക്കുന്നത്. സംസ്ഥാനത്തെ എല്ലാ സർക്കാർ ഡിപ്പാർട്ട്മെന്റുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സമാനമായ സ്ഥിതിയാണുള്ളത്.

**കേരളത്തിലെ യുവ സമൂഹത്തെ ആത്മഹത്യയുടെ മുനമ്പിലേക്ക് തള്ളിവിടുന്നത് സർക്കാരിന്റെ നയ നടപടികളാണ്. അത് തിരുത്തുവാൻ തയ്യാറാകുന്നതിന് പകരം, ശത്രുക്കളോടെന്നവണ്ണം യുവാക്കളോട് പെരുമാറുകയാണ് സർക്കാരുകൾ.**

കേരളത്തിലെ തൊഴിൽരഹിതരുടെ മാനസികാവസ്ഥകളെ പ്രതിനിധാനം ചെയ്യുന്ന വാക്കുകളാണ് അനുവിന്റെ ആത്മഹത്യാ കുറിപ്പിൽ കാണുന്നത്. ഈ ഗവൺമെന്റിന്റെ കാലത്ത് തന്നെയാണ് തണ്ടർബോൾട്ട് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ പ്രതിനിധികൾ തിരുവനന്തപുരത്തെ ഒരു ബഹുനില കെട്ടിടത്തിനു മുകളിൽ കയറി നിന്ന് ആത്മഹത്യയ്ക്ക് തയ്യാറായത്. 'നിയമനം അല്ലെങ്കിൽ മരണം' എന്നെഴുതിയ ബാനറും അവർ ഉയർത്തി പിടിച്ചിരുന്നു. ഉദ്യോഗാർത്ഥികളായ യുവാക്കൾ, 'ആത്മഹത്യയല്ല, ആത്മവീര്യത്തോടെ പൊരുതുക 'എന്നജസ്റ്റിസ് വി.ആർ.കൃഷ്ണയ്യരുടെ വാക്കുകൾ ഹൃദയത്തിൽ സൂക്ഷിക്കണം. കേരളത്തിലെ യുവ സമൂഹത്തെ ആത്മഹത്യയുടെ മുനമ്പിലേക്ക് തള്ളിവിടുന്നത് സർക്കാരിന്റെ നയ നടപടികളാണ്. അത് തിരുത്തുവാൻ തയ്യാറാകുന്നതിന് പകരം, ശത്രുക്കളോടെന്നവണ്ണം യുവാക്കളോട് പെരുമാറുകയാണ് സർക്കാരുകൾ.

റാങ്ക് ലിസ്റ്റിൽ ഇടം നേടിയ പതിനായിരക്കണക്കിന് ഉദ്യോഗാർത്ഥികൾ സർക്കാർ ജോലി പ്രതീക്ഷിച്ചിരിക്കുമ്പോൾ മറുവശത്ത് പിൻവാതിൽ നിയമനങ്ങൾ തകൃതിയായി നടക്കുകയാണ്. പ്ലസ്ടു വിദ്യാഭ്യാസ യോഗ്യതപോലും ഇല്ലാത്ത സ്വപ്ന സുരേഷിനെ ഐടി വകുപ്പിന് കീഴിലെ സ്പേസ് പാർക്കിൽ പ്രോജക്ട് കൺസൾട്ടന്റായി കരാർ അടിസ്ഥാനത്തിൽ നിയമിച്ചത് പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് എന്ന വിദേശ കൺസൾട്ടൻസിയാണ്. സ്വപ്ന സുരേഷിന്റെ ശമ്പളവും കൺസൽട്ടൻസിയുടെ കമ്മീഷനും ചേർത്ത് പ്രതിമാസം 2, 30000 രൂപയാണ് സർക്കാർ ഖജനാവിൽ നിന്നും ചെലവഴിച്ചിരുന്നത്. മുൻ ചീഫ് സെക്രട്ടറി കെ. എം എബ്രഹാമിനെ കിഫ്ബിയുടെ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി കരാർ അടി

**പിഎസ്സി മുഖേന ഉടൻ സ്ഥിരനിയമനം നടത്തുക**




അനധികൃത നിയമനങ്ങൾക്കും അതിരൂക്ഷമായ തൊഴിലില്ലായ്മ സൃഷ്ടിക്കുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയങ്ങൾക്കുമെതിരെ എഐഡിവൈഒ സംഘടിപ്പിച്ച യുവജന കൺവൻഷൻ ജസ്റ്റിസ് കമാൽ പാഷ ഉദ്ഘാടനം ചെയ്തു.

സ്ഥാനത്തിലാണ് നിയമിച്ചിരിക്കുന്നത്. 2,75,000 രൂപയും മറ്റ് ആനുകൂല്യങ്ങളും അദ്ദേഹത്തിന് സർക്കാരാണ് നൽകുന്നത്. ജനങ്ങളുടെ നികുതിപ്പണം കൺസൾട്ടൻസിക്ക് വാരിക്കോരി നൽകിക്കൊണ്ടുള്ള അനധികൃത നിയമനങ്ങൾ ഉടൻ അവസാനിപ്പിക്കുവാൻ സർക്കാർ തയ്യാറാകണം. പൊതുഖജനാവിൽ നിന്നും പണമെടുത്ത് ശമ്പളം കൊടുക്കുന്ന എല്ലാ നിയമനങ്ങളും പി.എസ്.സി വഴി നടത്തപ്പെടണം.

കൺസൾട്ടൻസി വഴിയുള്ള അനധികൃത നിയമനങ്ങൾ ഒരു വശത്ത് നടക്കുമ്പോൾ, മാനദണ്ഡങ്ങളൊന്നും പാലിക്കാതെ ആശ്രിത നിയമനങ്ങളും വ്യാപകമായി നടന്നു കൊണ്ടിരിക്കുന്നു. സർവീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാരന്റെ/ജീവനക്കാരിയുടെ ആശ്രിതർക്ക് നിയമനം നൽകുന്നത് നല്ല കാര്യമാണ്. എന്നാൽ, പ്രസ്തുത നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളെല്ലാം കാറ്റിൽപറത്തിയുള്ള നിയമനങ്ങളാണ് നടക്കുന്നത്. സർവീസ് റൂൾ പ്രകാരം ആകെ ഒഴിവുകളുടെ അഞ്ച് ശതമാനം വരെ ആശ്രിത നിയമനമാകാം. എന്നാൽ, ഭരണ-പ്രതിപക്ഷ ഭേദമെന്യേ പാർട്ടി നേതാക്കൾ തങ്ങളുടെ ആശ്രിതരെ എല്ലാ നിയമങ്ങളും കാറ്റിൽപറത്തിയാണ് സർവീസിൽ തിരുകി കയറ്റുന്നത്. കൺസൾട്ടൻസികളും രാഷ്ട്രീയ പാർട്ടി നേതാക്കന്മാരും പി.എസ്.സിക്ക് സമാന്തരമായ നിയമന സംവിധാനങ്ങളായി പ്രവർത്തിക്കുന്നത് ജനാധിപത്യ സാമൂഹ്യ ക്രമത്തിൽ അനുവദിക്കാവുന്നതല്ല.

**ജനങ്ങളുടെ നികുതിപ്പണം കൺസൾട്ടൻസികൾക്ക് വാരിക്കോരി നൽകിക്കൊണ്ടുള്ള അനധികൃത നിയമനങ്ങൾ ഉടൻ അവസാനിപ്പിക്കുവാൻ സർക്കാർ തയ്യാറാകണം. പൊതുഖജനാവിൽ നിന്നും പണമെടുത്ത് ശമ്പളം കൊടുക്കുന്ന എല്ലാ നിയമനങ്ങളും പി.എസ്.സി വഴി നടത്തപ്പെടണം.**

## വിശ്വാസ്യത നഷ്ടപ്പെടുത്തുന്ന പി.എസ്.സി

കേരള പബ്ലിക് സർവീസ് കമ്മീഷൻ, ഒരു ഭരണഘടനാ സ്ഥാപനമെന്ന നിലയിലുള്ള അതിന്റെ വിശ്വാസ്യത മുറുകെപിടിച്ചാണ് ഇതുവരെയും പ്രവർത്തിച്ചിട്ടുള്ളത്. പി എസ് സി യെ ഇപ്പോഴും പ്രതീക്ഷയോടെ നോക്കിക്കാണുന്ന വലിയൊരു വിഭാഗം ജനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. എന്നാൽ, കഴിഞ്ഞ കുറച്ചു വർഷങ്ങളായി പി.എസ്.സിയിൽ നടക്കുന്ന രാഷ്ട്രീയ ഇടപെടലുകൾ സ്ഥാപനത്തിന്റെ വിശ്വാസ്യതയ്ക്ക് കളങ്കമേൽപ്പിച്ചു കൊണ്ടിരിക്കുന്നു.

കാസർഗോഡ് ജില്ലയിലെ സ്റ്റാഫ് നേഴ്സ് നിയമനം ഇഴയുന്നതിൽ പ്രതിഷേധിച്ച രണ്ട് ഉദ്യോഗാർത്ഥികളെ മൂന്നുവർഷത്തേക്ക് വിലക്കിക്കൊണ്ട് ഓഗസ്റ്റ് 25-ന് പി.എസ്.സി ഒരു ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ, ജസ്റ്റിസ് കമാൽ പാഷ, എൻ.എസ് മാധവൻ തുടങ്ങിയ പ്രമുഖരുടെയും ഉദ്യോഗാർത്ഥികളുടെയും ശക്തമായ പ്രതിഷേധത്തെ തുടർന്ന് പി.എസ്.സിക്ക് വിലക്ക് പിൻവലിക്കേണ്ടിവന്നു. പി.എസ്.സി ചെയർമാന്റെ പല പ്രസ്താവനകളും തികച്ചും ഏകാധിപത്യപരമായ രീതിയിലുള്ളതാണ്. യൂണിവേഴ്സിറ്റി കോളേജിലെ കത്തിക്കുത്ത് കേസിലെ പ്രതികളായ എസ്എഫ്ഐ നേതാക്കൾ ശിവരഞ്ജിത്ത്, പ്രണവ്, നസീം എന്നിവർക്ക് സിവിൽ പോലീസ് ഓഫീസർ പരീക്ഷയിൽ യഥാക്രമം 1, 2, 28 റാങ്ക് ലഭിച്ചത് കോപ്പിയടിയിലൂടെ ആയിരുന്നു എന്ന് തെളിയിക്കപ്പെട്ടു. പ്രതികളുടെ വീട്ടിൽ നിന്നും പി.എസ്.സിയുടെ സീലും ചോദ്യ പേപ്പറും ക്രൈംബ്രാഞ്ച് കണ്ടെടുത്തതോടെ പി എസ് സി യിൽ നടക്കുന്ന രാഷ്ട്രീയ ഇടപെടലുകളും ക്രമക്കേടുകളും സംബന്ധിച്ച ഞെട്ടിക്കുന്ന വിവരങ്ങളാണ് പുറത്തുവന്നത്. പരീക്ഷാ തട്ടിപ്പ് നടന്നതിനെ തുടർന്ന് സിപിഒ റാങ്ക് ലിസ്റ്റ് റദ്ദാക്കിയില്ലെങ്കിലും നിയമനം നടത്താതെ ഉദ്യോഗാർത്ഥികളെ വഞ്ചിക്കുകയാണ് പി.എസ്.സി ചെയ്തത്. അവസാനം റാങ്ക് ലിസ്റ്റ് കാലഹരണപ്പെട്ടതോടെ യുവാക്കൾ നിസ്സഹായരായി തീർന്നു.

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 320(3) പ്രകാരം രൂപീകൃതമായതാണ് കേരള പബ്ലിക് സർവീസ് കമ്മീഷൻ. ഭരണഘടനയുടെ അന്തഃസത്ത ഉയർത്തിപ്പിടിച്ചുകൊണ്ട് സ്വതന്ത്രവും നീതിപൂർവ്വകവുമായി സിവിൽ സർവീസിലേക്ക് നിയമനം നടത്തുക എന്നതാണ് പി.എസ്.സിയുടെ ബാധ്യത. കൂടാതെ, പൊതുമേഖല, സഹകരണ സ്ഥാപനങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റ് നടത്തേണ്ടതും പി എസ് സി ആണ്. എന്നാൽ, കുറച്ച് വർഷങ്ങളായി പി.എസ്.സി കൈക്കൊള്ളുന്ന നടപടികളിലൂടെ യുവാക്കൾക്ക് പി.എസ്.സിയിൽ ഉണ്ടായിരുന്ന വിശ്വാസം നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. സുതാര്യമായി പരീക്ഷകൾ നടത്തുകയും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും യഥാസമയം നിയമനം നടത്തുകയും ചെയ്തുകൊണ്ട് മാത്രമേ പി.എസ്.സിയുടെ വിശ്വാസ്യത വീണ്ടെടുക്കാൻ ആകൂ. 1956ൽ കേരള പി.എസ്.സി ആരംഭിക്കുമ്പോൾ മൂന്ന് അംഗങ്ങളാണ് ഉണ്ടായിരുന്നത്. എന്നാൽ, ഇന്നത് ചെയർമാൻ ഉൾപ്പെടെ 21 അംഗങ്ങളായി വർദ്ധിച്ചിരിക്കുന്നു. ഒന്നര ലക്ഷം രൂപയിലധികം ശമ്പളം കൈപ്പറ്റുന്ന പി.എസ്.സി അംഗങ്ങൾ, തങ്ങളെ പൊതുസമൂഹം വിശ്വസിച്ച് ഏല്പിച്ചിരിക്കു

## പിഎസ്‌സി മുഖേന ഉടൻ സ്ഥിരനിയമനം നടത്തുക

ന്ന ജോലി കൃത്യമായി ചെയ്യുവാൻ തയ്യാറാകണം.

## തൊഴിൽ നൽകുംവരെ തൊഴിലില്ലായ്മ വേതനം

ജനാധിപത്യ സമൂഹത്തിൽ, പൗരന്മാരുടെ അറിവും നൈപുണിയും സമൂഹത്തിന്റെ ആകമാന സമ്പത്താണ് എന്നാണ് സങ്കൽപ്പിക്കുന്നത്. തൊഴിൽ ചെയ്യാനും അദ്ധ്വാനിച്ച് ലഭിക്കുന്ന കൂലി കൊണ്ട് സ്വയം നില നിൽക്കാനും തന്നെ ആശ്രയിച്ച് നിലകൊള്ളുന്ന കുടുംബാംഗങ്ങളെ നിലനിർത്താനും ഒരുവന് സാധിക്കേണ്ടതുണ്ട്. എന്നാൽ, ലാഭാധിഷ്ഠിത ഉൽപ്പാദന ക്രമമായ മുതലാളിത്ത വ്യവസ്ഥിതിയിൽ മാന്യമായ തൊഴിലും വേതനവും അസാധ്യമായി തീർന്നിരിക്കുന്നു. വർദ്ധിച്ചു വരുന്ന കമ്പോള പ്രതിസന്ധി മുതലാളിത്തത്തെ കൂടുതൽ പ്രതിസന്ധിയിലേക്ക് തള്ളിവിട്ടിരിക്കുന്നു. ഈ പ്രതിസന്ധി രൂക്ഷമാകുന്നതിനനുസരിച്ച് തൊഴിലില്ലായ്മയും വർദ്ധിക്കുന്നു. പരമാവധി ലാഭം എന്ന മുതലാളിത്ത സാമൂഹ്യക്രമത്തിന്റെ സഹജസ്വഭാവത്തിലാണ് പ്രതിസന്ധിയുടെ അടിസ്ഥാനം കുടികൊള്ളുന്നത്.

മുതലാളിത്ത പ്രതിസന്ധിയുടെ പാരമ്യത്തിൽ നടപ്പാക്കപ്പെട്ട ആഗോളവൽക്കരണ നയങ്ങളാവട്ടെ, നിലവിലുള്ള തൊഴിലുകളും കൂടി ഇല്ലാതാക്കുകയും തൊഴിലുള്ളവരുടെ കൂലി ഗണ്യമായി കുറയ്ക്കുകയും ചെയ്തിരിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളു ടെ സ്വകാര്യവൽക്കരണവും ഔട്ട്സോഴ്സിംഗുമൊക്കെ തൊഴിലാളികളുടെ ജീവിതത്തെ അനിശ്ചിതത്വത്തിലേക്ക് തള്ളിവിട്ടിരിക്കുന്നു. തൊഴിലില്ലായ്മ പരിഹരിക്കുവാൻ സർക്കാർ അടിയന്തരമായി ചെയ്യേണ്ടത്, സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ഒഴിവുകളിൽ ഉടൻ നിയമനം നടത്തുക എന്നതാണ്. മാത്രമല്ല, തൊഴിൽരഹിതരായ യുവാക്കൾക്ക് നിലനിൽക്കാനാവശ്യമായ മിനിമം വേതനം പ്രതിമാസം നൽകുകയും വേണം.

1982-ൽ കേരളത്തിൽ നടപ്പിലാക്കിത്തുടങ്ങിയ തൊഴിലില്ലായ്മ വേതനം എന്ന പദ്ധതി, തൊഴിൽ രഹിതരെ പരിഹസിക്കും വിധമുള്ള ഒന്നായി മാറിയിരിക്കുന്നു. തൊഴിലില്ലായ്മ വേതനത്തിന്റെ പേരിൽ പ്രതിമാസം 120 രൂപയാണ് സർക്കാർ യുവജനങ്ങൾക്ക് നൽകുന്നത്. പ്രതിദിനക്കണക്കിൽ 4 രൂപ! 82-ൽ പദ്ധതി നടപ്പിലാക്കിത്തുടങ്ങിയപ്പോൾ 20 ലക്ഷം പേർ തൊഴിലില്ലായ്മ വേതനം വാങ്ങിയിരുന്നു. എന്നാൽ, 2017 ആയപ്പോൾ അത് 1,93,071 ആയി കുറഞ്ഞു. തൊഴിലില്ലായ്മ കുറഞ്ഞതുകൊണ്ടാണ് വേതനം വാങ്ങുന്ന ആളുകളുടെ എണ്ണം കുറഞ്ഞതെന്ന് കരുതരുത്. തൊഴിലില്ലായ്മാ വേതനം വാങ്ങുവാൻ പോകുന്ന ദിവസത്തെ ചെലവിനുപോലും സർക്കാരിന്റെ 120 രൂപ തികയില്ല എന്ന ബോധ്യമുള്ളതുകൊണ്ടാണ് യുവാക്കൾ അതുപേക്ഷിക്കുവാൻ നിർബ്ബന്ധിതരാകുന്നത്. സർക്കാരാകട്ടെ, ഇതൊരവസരമായിക്കരുതി തൊഴിലില്ലായ്മാ വേതനം തന്നെ ഇല്ലാതാക്കുവാനുള്ള നീക്കങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

അങ്ങനെ, ഒരു ദിവസം അവസാനിപ്പിക്കാവുന്ന ഒന്നല്ല തൊഴിലില്ലായ്മാ വേതനം. അത് ചരിത്രപരമായ കാരണങ്ങളാൽ രൂപപ്പെട്ട ഒന്നാണ്. എല്ലാവർക്കും തൊഴിൽ ലഭ്യമാക്കുവാൻ ഗവൺമെന്റുകൾക്ക് എന്നു കഴിയുന്നോ അന്നുവരെ തൊഴിൽ രഹിത വേതനവും നിലനിൽക്കണം. 1946-ൽ കൊച്ചി എസ്എൻഡിപി യോഗത്തിന്റെ വിശേഷാൽ സമ്മേളനത്തിൽ അവതരിപ്പിച്ച അവകാശ പ്രഖ്യാപനരേഖയിൽ ഉന്നയിച്ച ആവശ്യങ്ങളിൽ ഒന്നായിരുന്നു "വേല അല്ലെങ്കിൽ വേലയില്ലാവേതനം" സഹോദരൻ അയ്യപ്പൻ ഉൾപ്പെടെ മൂന്നു പേരായിരുന്നു ആ രേഖ തയ്യാറാക്കിയത്.അങ്ങനെ സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പുതന്നെ ജനാധിപത്യവാദികൾ പലപ്പോഴായി ആവശ്യപ്പെട്ട ഒന്നാണ് തൊഴിലില്ലായ്മ വേതനം എന്ന യുവജനങ്ങളുടെ അവകാശം.

**റാങ്ക്‌ലിസ്റ്റ് നിലവിലുള്ളപ്പോൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി കരാർ നിയമനം നടത്തരുത് എന്നതാണ് നിയമം. കരാർ നിയമനം നടത്തുന്നതിന് മുൻപ് പി എസ് സി യിൽ നിന്നും നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങണം എന്നും നിയമമുണ്ട്. എന്നാൽ, എല്ലാ വ്യവസ്ഥകളും കാറ്റിൽ പറത്തിക്കൊണ്ടാണ് കരാർ നിയമനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്**

**പിഎസ്‌സി മുഖേന ഉടൻ സ്ഥിരനിയമനം നടത്തുക**

അമേരിക്ക, ഫ്രാൻസ്, ബ്രിട്ടൺ തുടങ്ങിയ വികസിത രാജ്യങ്ങളിൽ ഒരാളുടെ ഉപജീവനത്തിനാവശ്യമായ തുക തൊഴിലില്ലായ്മ വേതനമായി ഗവൺമെന്റ് നൽകുന്നു. ആഴ്ചയിൽ 450 ഡോളറാണ് അമേരിക്ക തൊഴിലില്ലായ്മ വേതനമായി നൽകുന്നത്. ഏകദേശം 31,000 ഇന്ത്യൻ രൂപ. കോൺഗ്രസ് ഭരിക്കുന്ന രാജസ്ഥാനിൽ പോലും ഡിഗ്രി കഴിഞ്ഞവർക്ക് 3000 രൂപയും പത്താം തരം പാസായവർക്ക് 700 രൂപയും പ്രതിമാസം നൽകുന്നുണ്ട്. തൊഴിൽ രഹിതർക്കും തൊഴിൽ നഷ്ടപ്പെട്ടവർക്കും സർക്കാർ നൽകുന്ന സഹായ ധനമാണ് തൊഴിലില്ലായ്മാ വേതനം. അത് ആരുടെയും ഔദാര്യമല്ല, അവകാശമാണെന്ന് യുവജനങ്ങൾ മനസിലാക്കണം. കോവിഡ് ആരംഭിച്ചതിനു ശേഷം തൊഴിൽരഹിതരായ യുവാക്കൾ വലിയ കഷ്ടതയിലാണ്. സർക്കാരിന്റെ ഒരാനുകൂല്യവും ലഭിക്കാത്തവരാണ് തൊഴിൽരഹിതരായ യുവാക്കൾ. തൊഴിലില്ലായ്മ വേതനം പ്രതിമാസം 3000 രൂപയെങ്കിലും നൽകുവാൻ സർക്കാർ ഉടൻ തയ്യാറാകണം.

## റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ കരാർ നിയമനം പാടില്ല

റാങ്ക്‌ലിസ്റ്റ് നിലവിലുള്ളപ്പോൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി കരാർ നിയമനം നടത്തരുത് എന്നതാണ് നിയമം. കരാർ നിയമനം നടത്തുന്നതിന് മുൻപ് പി.എസ്.സിയിൽ നിന്നും നോൺ അവൈയ്‌ലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങണം എന്നും നിയമമുണ്ട്. എന്നാൽ, എല്ലാ വ്യവസ്ഥകളും കാറ്റിൽപറത്തിക്കൊണ്ടാണ് കരാർ നിയമനങ്ങൾ നടന്നു കൊണ്ടിരിക്കുന്നത്. കരാർ നിയമനത്തിലൂടെ ഗവൺമെന്റ് ലക്ഷ്യംവയ്ക്കുന്നത്, വലിയ പ്രക്ഷോഭങ്ങളിലൂടെ ജീവനക്കാർ സ്ഥാപിച്ചെടുത്ത തൊഴിൽ സുരക്ഷിതത്വം ഇല്ലാതാക്കുക എന്നത് തന്നെയാണ്. 'ഹയർ ആന്റ് ഫയർ' എന്ന ആഗോളവൽക്കരണത്തിന്റെ തൊഴിൽ സമ്പ്രദായം ആണ് കരാർ നിയമനത്തിലൂടെ ഗവൺമെൻറ് സ്ഥാപിക്കുന്നത്. സേവന-വേതന വ്യവസ്ഥകളുടെ പരിധിയിൽ പെടാത്ത കരാർ ജീവനക്കാരെ സർക്കാർ സർവീസിൽ പരമാവധി ഉൾക്കൊള്ളിക്കുക എന്നതാണ് സർക്കാരുകളുടെ ലക്ഷ്യം. ഉദ്യോഗാർത്ഥികളായ യുവാക്കൾക്ക് തൊഴിൽ നഷ്ട

REGISTERED. R.N. 24773/1992
P.R.No. KL/TV(N)/452/2018-20

UNITY Malayalam Monthly

September 2020
Vol.47 No.6 Page 26

പ്പെടുന്ന എന്നത് മാത്രമല്ല, ജീവനക്കാർ നിരന്തരമായ പ്രക്ഷോഭങ്ങളിലൂടെ നേടിയെടുത്ത തൊഴിൽ അവകാശങ്ങൾ കാലാന്തരത്തിൽ ഇല്ലാതാക്കപ്പെടും എന്ന അപകടവും കരാർ നിയമനത്തിൽ ഒളിഞ്ഞിരിപ്പുണ്ട്.

## യുവാക്കൾ സമരവേദിയിൽ

ഓൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ ഓഗസ്റ്റ് 25 ന് സംഘടിപ്പിച്ച ഓൺലൈൻ കൺവൻഷൻ തൊഴിലില്ലായ്മക്കെതിരായ പ്രക്ഷോഭത്തിന്റെ കാഹളമുയർത്തി. ജസ്റ്റിസ് കമാൽ പാഷ ഉദ്ഘാടനം ചെയ്ത കൺവെൻഷനിൽ 17,000 പേർ പങ്കെടുത്തു എന്നതു തന്നെ വിഷയത്തിന്റെ രാഷ്ട്രീയ പ്രാധാന്യം എത്ര മാത്രമുണ്ട് എന്നു തെളിയിക്കുന്നതായിരുന്നു. കൺവൻഷൻ ഉദ്ഘാടനം ചെയ്തു കൊണ്ട് ജസ്റ്റിസ് കമാൽപാഷ പറഞ്ഞ വാക്കുകൾ യുവാക്കൾക്ക് ആത്മവിശ്വാസത്തോടെ മുന്നോട്ടു പോകാൻ പ്രചോദനമേകുന്നതായിരുന്നു.

"കൺസൾട്ടൻസികൾ ഇല്ലെങ്കിൽ സർക്കാരിന് മുന്നോട്ടു പോകാനാവില്ല എന്ന് പറയുന്ന മന്ത്രിമാരോട് പുച്ഛമാണ് തോന്നുന്നത്. കൊറോണ വ്യാപിച്ച് മുഴുവൻ മേഖലകളും പ്രതിസന്ധിയിലാണ്. യുവാക്കളുടെ അവസ്ഥയാണ് ഏറ്റവും പരിതാപകരം. തൊഴിലില്ലായ്മ വേതനം എന്ന പേരിൽ പിച്ചക്കാശ് നൽകി സർക്കാർ യുവാക്കളെ അപമാനിക്കുകയാണ്. യുവാക്കൾക്ക് തൊഴിൽ നൽകാൻ പറ്റാത്ത പി.എസ്.സി ഭരണഘടനാസ്ഥാപനമാണോ? അത് പിരിച്ചുവിടുന്നതല്ലേ ഇതിലും ഭേദം. യുവാക്കളുടെ ശബ്ദം വനരോദനമായി മാറരുത്. അത് ബധിര കർണങ്ങളെ തുറപ്പിക്കണം. തൊഴിൽ ഒരു അവകാശമാണ് തൊഴിലിനു വേണ്ടിയുള്ള പോരാട്ടത്തിൽ ഞാൻ നിങ്ങളോടൊപ്പം ഉണ്ടായിരിക്കും." അദ്ദേഹം പറഞ്ഞു.

തൊഴിൽരഹിതരുടെ പൊതുവായ ഒരു പ്രക്ഷോഭ വേദി രൂപപ്പെടുത്തണം എന്ന ആഹ്വാനത്തോടെയാണ് കൺവൻഷൻ അവസാനിച്ചത്.

## തൊഴിലില്ലായ്മ: മുതലാളിത്ത വ്യവസ്ഥയുടെ സൃഷ്ടി

മാനവചരിത്രത്തിൽ മുതലാളിത്ത വ്യവസ്ഥ ഉദയം ചെയ്തതിനു ശേഷം പ്രത്യക്ഷപ്പെട്ട ഒരു പ്രതിഭാസമാണ് തൊഴിലില്ലായ്മ. അധ്വാനശക്തി മാത്രം കൈമുതലായുള്ള തികച്ചും സ്വതന്ത്രനായ തൊഴിലാളി ആവിർഭവിച്ചത് മുതലാളിത്ത സാമൂഹ്യ ക്രമത്തോടൊപ്പമാണ്. തൊഴിലാളികളുടെ അധ്വാനഫലം മുതലാളി കവർന്നെടുക്കുന്നതാണ് ലാഭം അഥവാ മിച്ചമൂല്യം. ആ മിച്ച മൂല്യമാണ് മൂലധനം ആയി മാറുന്നത്. തൊഴിലാളിയ്ക്ക് ലഭിക്കേണ്ട കൂലി മുതലാളി കവർന്നെടുക്കുമ്പോൾ തൊഴിലാളിയുടെ വാങ്ങൽ ശേഷി (പർച്ചേസിംഗ് കപ്പാസിറ്റി) കുറയുകയും മാർക്കറ്റിൽ ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുകയും ചെയ്യും. ഇതിന്റെ ഫലമായി മുതലാളിത്ത-സാമ്രാജ്യത്വ ശക്തികൾ ഗുരുതരമായ കമ്പോള പ്രതിസന്ധിയെ അഭിമുഖീകരിക്കുകയും തങ്ങളുടെ ഉൽപാദനം വെട്ടിക്കുറയ്ക്കാൻ നിർബന്ധിതരായിത്തീരുകയും ചെയ്യുന്നു. ഉൽപാദനം കുറയ്ക്കുമ്പോൾ സ്വാഭാവികമായി തൊഴിലാളികളെ പിരിച്ചു വിടേണ്ടി വരും. അങ്ങനെ ചരിത്രത്തിലാദ്യമായി ഒരു തൊഴിലില്ലാപ്പട സൃഷ്ടിക്കപ്പെട്ടു. എല്ലാ മുതലാളിത്ത - സാമ്രാജ്യത്വ രാജ്യങ്ങളിലും തൊഴിലില്ലാത്ത കോടാനുകോടി യുവാക്കൾ അതിജീവനത്തിനുവേണ്ടി പൊരുതേണ്ട ഗതികേടിലാണ്. രൂക്ഷമായ കമ്പോള പ്രതിസന്ധി മൂലം മരണാസന്നമായ മുതലാളിത്ത സാമ്രാജ്യത്വത്തിന് പുതിയ തൊഴിലുകളൊന്നും സൃഷ്ടിക്കാനാവില്ല. എന്നു മാത്രമല്ല, നിലവിലുണ്ടായിരുന്ന തൊഴിലുകൾ കൂടി കവർന്നെടുത്ത് ആയുസ്സ് നീട്ടി എടുക്കുവാനുള്ള തത്രപ്പാടിലാണ് മുതലാളിത്ത വ്യവസ്ഥിതി.

കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന ബിജെപി സർക്കാരിന്റെ നയനടപടികൾ പരിശോധിച്ചാൽ മേൽപ്പറഞ്ഞ കാര്യങ്ങൾ വസ്തുതയാണെന്ന് ബോധ്യമാകും. പ്രതിവർഷം രണ്ട് കോടി പുതിയ തൊഴിലുകൾ വാഗ്ദാനം ചെയ്ത് അധികാരത്തിലേറിയ നരേന്ദ്ര മോദി സർക്കാർ ഒരു തൊഴിലുപോലും പുതുതായി സൃഷ്ടിച്ചില്ല. മാത്രമല്ല, ഉണ്ടായിരുന്ന തൊഴിൽ പോലും ഇല്ലാതാക്കുന്ന നയങ്ങളാണ് അവർ നടപ്പിലാക്കുന്നത്. 2018ൽ നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ പറഞ്ഞത്, 45 വർഷത്തിനിടയിലെ ഏറ്റവും രൂക്ഷമായ തൊഴിലില്ലായ്മയിലൂടെയാണ് രാജ്യം കടന്നു പോകുന്നതെന്നാണ്. ഓരോ മണിക്കൂറിലും ഒരു തൊഴിൽരഹിതൻ ആത്മഹത്യ ചെയ്യുന്നു എന്ന ഞെട്ടിക്കുന്ന കണക്ക് നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ ഈ അടുത്ത കാലത്ത് പുറത്തുവിടുകയും ചെയ്തു. ഇന്ത്യയിൽ ലോക്ഡൗൺ ആരംഭിച്ച മാർച്ച് മുതൽ ഓഗസ്റ്റ് വരെ 12 കോടി ആളുകൾക്കാണ് തൊഴിൽ നഷ്ടമായത്. ഭയാനകമായ നിലയിൽ തൊഴിലില്ലായ്മ വർദ്ധിക്കുമ്പോഴും കാലങ്ങളായി തൊഴിൽ നൽകിപ്പോരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ കോർപ്പറേറ്റുകൾക്ക് തീറെഴുതുകയാണ് മോദി സർക്കാർ. ഇന്ത്യൻ റെയിൽവേ, ബി.എസ്.എൻ.എൽ, ബി.പി.സി.എൽ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾ കുത്തകകൾക്ക് തീറെഴുതുന്നതിലൂടെ തൊഴിൽനഷ്ടമെന്നത് അതിഗുരുതരമായ നിലയിൽ വർദ്ധിക്കും.

ലാഭാധിഷ്ഠിത ഉൽപാദന സമ്പ്രദായമാണ് തൊഴിലില്ലായ്മ അടക്കമുള്ള സാമൂഹിക പ്രശ്നങ്ങളുടെ അടിസ്ഥാന കാരണം. മുതലാളിത്ത സാമൂഹ്യക്രമം അവസാനിപ്പിച്ച സോവിയറ്റ് യൂണിയനിൽ എല്ലാവർക്കും തൊഴിൽ നൽകിയിരുന്നു എന്നത് പ്രത്യേകം ഓർക്കേണ്ടതാണ്. എല്ലാവർക്കും തൊഴിൽ നൽകിക്കൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അടച്ചുപൂട്ടിയ ഏക രാജ്യം സോവിയറ്റ് യൂണിയൻ ആയിരുന്നു.

തൊഴിലില്ലായ്മക്കെതിരായ ഏതൊരു പ്രക്ഷോഭവും ഉള്ളടക്കത്തിൽ തൊഴിലില്ലായ്മ സൃഷ്ടിക്കുന്ന മുതലാളിത്ത സാമൂഹ്യ ക്രമത്തിനെതിരായ പോരാട്ടമായി മാറണം. സംസ്ഥാനത്ത് രൂപപ്പെട്ടിട്ടുള്ള യുവജന പ്രക്ഷോഭത്തിന് ആ ദിശയിൽ മുന്നേറാൻ സാധിക്കും. ■

Edited & Published by V.Venugopal, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035.
Ph: 0471-2307151; E-mail: unitymagazine@gmail.com; Website: www.kerala.sucicommunist.org
on behalf of Kerala State Committee, SUCI(C).